بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

2026 ജൂലൈ 9-16 • ഹി.ശം 1405 വഫാ 9-16 • ഹി. ഖ. 1448 മുഹറം 23-സഫർ 01

വാള്യം 11 ലക്കം 28-29

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ



വിശുദ്ധ ഖുർആനിൽ നിന്ന്:

## അല്ലാഹു വഞ്ചകനെ ഇഷ്ടപ്പെടുന്നില്ല!

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا لَا تَخُوۡنُوا اللّٰہَ وَ الرَّسُوۡلَ وَ تَخُوۡنُوۡۤا اَمٰنٰتِکُمۡ وَ اَنۡتُمۡ تَعۡلَمُوۡنَ

(الانفال:28)

വിശ്വാസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചനകാട്ടരുത്.

وَلَا تُجَادِلۡ عَنِ الَّذِیۡنَ یَخۡتَانُوۡنَ اَنۡفُسَہُمۡ ؕ اِنَّ اللّٰہَ لَا یُحِبُّ مَنۡ کَانَ خَوَّانًا اَثِیۡمًا

(النساء:108)

ആത്മവഞ്ചന ചെയ്യുന്നവർക്കുവേണ്ടി നീ തർക്കിക്കരുത്. കടുത്ത വഞ്ചകനും മഹാപാപിയുമായവനെ അല്ലാഹു ഇഷ്ടപ്പെടുകയില്ലതന്നെ.



ഹദീസ്:

## വഞ്ചന : മുനാഫിഖിന്റെ ലക്ഷണം

عَنۡ عَبۡدِ اللّٰہِ بۡنِ عَمۡرٍو ، قَالَ: قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ: أَرۡبَعٌ مَنۡ کُنَّ فِیۡہِ کَانَ مُنَافِقًا خَالِصًا. وَمَنۡ کَانَتۡ فِیۡہِ خَلَّۃٌ مِنۡہُنَّ. کَانَتۡ فِیۡہِ خَلَّۃٌ مِنۡ نِفَاقٍ حَتّٰی یَدَعَہَا. إِذَا حَدَّثَ کَذَبَ. وَإِذَا عَاہَدَ غَدَرَ. وَإِذَا وَعَدَ أَخۡلَفَ. وَإِذَا خَاصَمَ فَجَرَ. غَیۡرَ أَنَّ فِیۡ حَدِیۡثِ سُفۡیَانَ: وَإِنۡ کَانَتۡ فِیۡہِ خَصۡلَۃٌ مِنۡہُنَّ. کَانَتۡ فِیۡہِ خَصۡلَۃٌ مِنَ النِّفَاقِ.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറയുന്നു: 'നാല് കാര്യങ്ങൾ ആരിൽ ഉണ്ടാകുന്നുവോ അവൻ തീർത്തും മുനാഫിഖ് അഥവാ കപടവിശ്വാസിയാണ്. അതിൽ ഏതെങ്കിലും ഒരു ലക്ഷണമാണ് ഉള്ളതെങ്കിൽ അത് ഉപേക്ഷിക്കുന്നത് വരെ അവനിൽ കപടവിശ്വാസത്തിന്റെ ഒരു അംശം ഉണ്ടായിരിക്കും. പ്രസ്തുത നാല് കാര്യങ്ങൾ ഇവയാണ്: സംസാരിക്കുമ്പോൾ കളവ് പറയും, കരാർ ചെയ്താൽ വഞ്ചിക്കും, വാഗ്ദാനം നൽകിയാൽ അത് ലംഘിക്കും, തർക്കിക്കേണ്ടി വന്നാൽ അസഭ്യം പറയും. *(മുസ്‌ലിം, കിതാബുൽ ഈമാൻ, ബാബു ബയാനി ഖിസാലിൽ മുനാഫിഖ്)*



ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## വിശ്വസ്തതയിലാണ് മനുഷ്യന്റെ സൗന്ദര്യം.


ഓരോ മുഅ്മിനിനും ആത്മാർഥതയോടെയും വിശ്വസ്തതയോടെയും അല്ലാഹുവിന്റെതായിത്തീർന്നാൽ, അല്ലാഹു അവന്റെ വലി അഥവാ സുഹൃത്തായി മാറുന്നു. എന്നാൽ വിശ്വാസമെന്ന കെട്ടിടം ജീർണ്ണമാണെങ്കിൽ, തീർച്ചയായും അപകടമുണ്ട്. ആരുടെയും മനസ്സിന്റെ അവസ്ഥ നമുക്കറിയില്ല. ഹൃദയങ്ങളിലെ അറിവ് അല്ലാഹുവിന് മാത്രമാണുള്ളത്. എങ്കിലും മനുഷ്യൻ തന്റെ വഞ്ചന കാരണം പിടിക്കപ്പെടുന്നു. അല്ലാഹുവുമായുള്ള ഇടപാട് ശുദ്ധമല്ലെങ്കിൽ ബയ്അത്ത് കൊണ്ട് പ്രയോജനമൊന്നുമില്ല. എന്നാൽ അവൻ പൂർണ്ണമായും അല്ലാഹുവിന്റെതായിത്തീർന്നാൽ, അല്ലാഹു അവനെ പ്രത്യേകമായി സംരക്ഷിക്കുന്നു. അല്ലാഹു എല്ലാവരുടെയും രക്ഷിതാവാണെങ്കിലും, ആരാണോ തങ്ങളെത്തന്നെ അവന്നായി സമർപ്പിക്കുന്നത്, അവരിൽ അവൻ പ്രത്യേകമായ അനുഗ്രഹം ചൊരിയുന്നു. അല്ലാഹുവിനായി സമർപ്പിക്കുക എന്നതിനർത്ഥം, സ്വേച്ഛകൾ പൂർണ്ണമായും നിഗ്രഹിക്കപ്പെടുകയും അതിന്റെ ഒരു അംശം പോലും അവശേഷിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് ഞാൻ എന്റെ ജമാഅത്തിനോട് ആവർത്തിച്ചു പറയുന്നു; ഹൃദയം ശുദ്ധമല്ലെങ്കിൽ ബയ്അത്ത് ചെയ്തുവെന്ന് കരുതി അഹങ്കരിക്കരുത്. ഹൃദയം അകലെയായിരിക്കുമ്പോൾ കൈയിൽ കൈവെക്കുന്നതുകൊണ്ട് എന്ത് പ്രയോജനം? ഹൃദയവും നാവും തമ്മിൽ യോജിപ്പില്ലെങ്കിൽ, എന്റെ കൈയിൽ കൈവെച്ച് അവർ കാപട്യം നിറഞ്ഞ പ്രഖ്യാപനമാണ് നൽകുന്നത്. അത്തരം വ്യക്തിക്ക് ഇരട്ടി ശിക്ഷ ലഭിക്കുമെന്ന് ഓർക്കുക. എന്നാൽ സത്യസന്ധമായി പ്രതിജ്ഞ ചെയ്യുന്നവന്, അവന്റെ വലിയ പാപങ്ങൾ പൊറുക്കപ്പെടുകയും അവന് ഒരു പുതിയ ജീവിതം ലഭിക്കുകയും ചെയ്യുന്നു. *(മൽഫൂസാത്ത് വാല്യം 2, പേജ് 65, അൽഹകം, 1903 ഫെബ്രുവരി 14)*

മനുഷ്യന്റെ സൃഷ്ടിപ്പിൽ രണ്ട് തരം സൗന്ദര്യങ്ങളുണ്ട്. ഒന്ന് ഹുസ്നെ മുആമല. അതായത് അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും ഉടമ്പടികളും നിറവേറ്റുന്നതിൽ മനുഷ്യൻ ശ്രദ്ധ പുലർത്തുകയും, അവയുമായി ബന്ധപ്പെട്ട യാതൊന്നും തന്റെ കഴിവിനനുസരിച്ച് നഷ്ടപ്പെടാതിരിക്കുകയും ചെയ്യുക.

അല്ലാഹുവിന്റെ വചനത്തിൽ رَاعُوۡنَ (റാഊന) എന്ന വാക്ക് ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതുപോലെ മനുഷ്യൻ സൃഷ്ടികളുടെ അമാനത്തുകളിലും ഉടമ്പടികളിലും ഇതേ ശ്രദ്ധ പുലർത്തേണ്ടത് അനിവാര്യമാണ്. അതായത് ഹുഖൂഖുല്ലാഹിലും ഹുഖൂഖുൽ ഇബാദിലും ഭയഭക്തി കൈക്കൊള്ളുക. ഇതാണ് ഹുസ്നെ മുആമല, അഥവാ ഇതിനെ ആത്മീയ സൗന്ദര്യം എന്ന് വിളിക്കാം. *(അനുബന്ധം ബറാഹീനെ അഹ്മദിയ്യാ, ഭാഗം 5, പേജ് 218)*

തഫ്സീർ:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## അല്ലാഹുവിനെ ഭയന്നു കൊണ്ട് വിശ്വസ്തത പുലർത്തുക!

فَاِنۡ اَمِنَ بَعۡضُکُمۡ بَعۡضًا فَلۡیُؤَدِّ الَّذِی اؤۡتُمِنَ اَمَانَتَہٗ وَلۡیَتَّقِ اللّٰہَ رَبَّہٗ ؕ

(സൂറത്തുൽ ബഖറ: 284)

നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരനെ വിശ്വസിക്കുകയും ഈടുവെപ്പില്ലാതെ പണം നൽകുകയും ചെയ്താൽ, പണം സ്വീകരിച്ചവനും വിശ്വസിക്കപ്പെട്ടവനുമായ ആ വ്യക്തി, മറ്റേയാൾ ആവശ്യപ്പെടുമ്പോൾ യാതൊരു തർക്കവുമില്ലാതെ അത് തിരിച്ചുകൊടുക്കുക എന്നതാണ് അയാളുടെ കടമ. അല്ലാഹുവിനെ ഭയപ്പെടുക.

ഇവിടെ കടത്തെ ഒരു അമാനത്തായി വിശേഷിപ്പിച്ചിരിക്കുന്നു. ഇതിലൊരു യുക്തിയുണ്ട്; സാധാരണയായി അമാനത്തുകൾ തിരിച്ചേൽപ്പിക്കേണ്ടത് അത്യാവശ്യമായി ലോകം കണക്കാക്കുന്നു, എന്നാൽ കടം വീട്ടുന്ന കാര്യത്തിൽ അനാവശ്യമായ അമാന്തവും അശ്രദ്ധയുമാണ് കാണിക്കാറുള്ളത്. അതിനാൽ, അല്ലാഹുവിന്റെ പക്കൽ കടവും അമാനത്തിന്റെ ഒരു വിഭാഗമാണെന്ന് പറഞ്ഞിരിക്കുന്നു. ഈ വചനത്തിൽ നിന്നും എല്ലാതരം അമാനത്തുകളും സംരക്ഷിക്കണമെന്നും അവ കൃത്യസമയത്ത് തിരിച്ചേൽപ്പിക്കണമെന്നുമുള്ള പൊതുവായ പാഠം ലഭിക്കുന്നു. ഖുർആനിലെ മറ്റൊരു വചനമായ വല്ലദീന ഹും ലിഅമാനതിഹിം വഅഹ്ദിഹിം റാഊൻ (സൂറത്തുൽ മുഅ്മിനൂൻ: 9) എന്നതിലും ഇതിലേക്ക് സൂചന നൽകിയിട്ടുണ്ട്. സാമൂഹിക ഇടപാടുകളിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് മറ്റൊരാളെ വിശ്വസിച്ച് അമാനത്ത് ഏൽപ്പിക്കുക എന്നത്. അതിനാൽ കടമിടപാടുകളിൽ മാത്രമല്ല, എല്ലാ അമാനത്ത് ഇടപാടുകളിലും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് പ്രവർത്തിക്കണം. അമാനത്ത് വെച്ചയാൾ തിരികെ ആവശ്യപ്പെടുമ്പോൾ നിങ്ങൾ മടിച്ചുനിൽക്കുന്ന അവസ്ഥ ഉണ്ടാകരുത്. *(തഫ്സീർ കബീർ വാല്യം 2, പേജ് 648, 649)*

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

**ഈ ലക്കത്തിൽ :**

ഖുത്ബ ജുമുഅ: 2026 മെയ് 22, 2026 മെയ് 29

സീറത്തുബി(സ)

സീറത്തുൽ മഹ്ദി(അ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

## ഖുത്ബ ജുമുഅ

2026 മെയ് 22, 1405 ഹിജ്റത്ത് 22
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# വിനയവും താഴ്മയും : തിരുനബി ചരിത്രത്തിന്റെ ഹൃദയഹാരിയായ വിവരണം

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**തിരുനബി(സ)യുടെ ജീവിതത്തെയും സ്വഭാവത്തെയും സംബന്ധിച്ചുള്ള ചർച്ചയിൽ, പ്രവാചകൻ(സ)ന്റെ വിനയത്തെയും എളിമയെയും കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്.** ഇന്നും ഞാൻ അത് തുടരുന്നതാണ്. തിരുനബി(സ)യുടെ വിനയത്തിന്റെ നിലവാരം എത്രത്തോളമായിരുന്നു? ചെറിയ ഉദാഹരണങ്ങളിലൂടെ തിരുനബി(സ) അത് വ്യക്തമാക്കുമായിരുന്നു. യഹ്യ ബിൻ അബീ കസീർ പറയുന്നു, തിരുനബി(സ) പറയുന്നു: 'ഒരു ദാസൻ കഴിക്കുന്നത് പോലെ ഞാൻ കഴിക്കുന്നു, ഒരു ദാസൻ ഇരിക്കുന്നത് പോലെ ഞാൻ ഇരിക്കുന്നു. കാരണം ഞാനും ഒരു ദാസൻ മാത്രമാണ്.' *(അൽബൈഹഖി, അൽജാമിഅ് ലി ശുഅബിൽ ഈമാൻ, വാല്യം 8, റിപ്പോർട്ട് 5572, അൽറുഷ്ദ്, റിയാദ്, 2003, പേജ് 116).*

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പ്രഭുക്കന്മാരുടെയും ഭരണാധികാരികളുടെയും അഹങ്കാരമോ ആത്മപ്രശംസയോ പ്രകടനമോ എന്നിൽ ഇല്ല.

മറ്റൊരു നിവേദനത്തിൽ, ഹദ്റത്ത് അനസ്(റ) പറയുന്നു: 'അദ്ബാ'എന്ന് പേരുള്ള ഒരു ഒട്ടകം തിരുനബി(സ)ക്കുണ്ടായിരുന്നു. അതിന് ഇതര ഒട്ടകങ്ങളെക്കാൾ വേഗതയുണ്ടായിരുന്നു, മറ്റൊരു ഒട്ടകത്തിനും അതിനെ മറികടക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു ഗ്രാമീണൻ തന്റെ ചെറിയ ഒട്ടകപ്പുറത്ത് വരികയും മത്സരത്തിൽ അവന്റെ ഒട്ടകം 'അദ്ബ'യെ മറികടക്കുകയും ചെയ്തു. 'അദ്ബാ' പിന്നിലായതിലും അത് മറികടക്കപ്പെട്ടതിലും മുസ്‌ലിംകൾക്ക് വിഷമം തോന്നി. അല്ലെങ്കിൽ അവന്റെ ഒട്ടകം മുന്നോട്ട് പോവുകയാണെങ്കിൽ തന്നെ, തിരുനബി(സ)യുടെ ഒട്ടകമായതിനാൽ അവൻ തന്റെ ഒട്ടകത്തെ നിർത്തേണ്ടതായിരുന്നു. എന്നാൽ അവരുടെ ഈ പെരുമാറ്റത്തിന് മറുപടിയായി തിരുനബി(സ) പറയുന്നു: **'ഈ ലോകത്ത് അല്ലാഹു ഉയർത്തുന്ന ഏതൊരു കാര്യത്തെയും താഴ്ത്തുക എന്നതും അല്ലാഹുവിന്റെ നിയമമാണ്.'** *(സ്വഹീഹ് ബുഖാരി, കിതാബ് അർരിഖാഖ്, ബാബ് അത്തവാളുഅ്, ഹദീസ് 6501).*

അതുകൊണ്ട്, ഇതിൽ ദേഷ്യപ്പെടാൻ യാതൊരു കാര്യവുമില്ല, കാരണം ഇത് അല്ലാഹുവിന്റെ രീതിയാണ്, അതിൽ എപ്പോഴും ഉയർച്ചതാഴ്ചകളുണ്ടാകും. സാധാരണക്കാർ ഇത്തരം കാര്യങ്ങളിൽ അസൂയാലുക്കളായി മാറിയേക്കാം. എന്നാൽ തിരുനബി(സ) എപ്പോഴും അല്ലാഹുവിനെ മാത്രം മുന്നിൽ കണ്ടിരുന്നു, അല്ലാഹുവിന്റെ ഔന്നത്യം ലോകത്തിന് കാണിച്ചുകൊടുക്കാൻ മാത്രമാണ് അവിടുന്ന് ആഗ്രഹിച്ചിരുന്നത്. എന്തുമാത്രം വിനയത്തോടെയാണ് തിരുനബി(സ) പറയുന്നത്: **'ഇക്കാര്യത്തിൽ നിങ്ങൾ എന്തിന് ദേഷ്യപ്പെടണം? ഇതിന്റെ ആവശ്യമില്ല, കാരണം ഇത് അല്ലാഹുവിന്റെ ഔന്നത്യം മാത്രം വെളിപ്പെടുത്തുന്നു.'**

തിരുനബി(സ)യുടെ വിനയത്തിന്റെ മറ്റൊരു ഉദാഹരണം ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു. അദ്ദേഹം പറയുന്നു: 'ഉംറ നിർവഹിക്കാൻ ഞാൻ തിരുനബി(സ)യോട് അനുവാദം ചോദിച്ചു. അവിടുന്ന് സന്തോഷത്തോടെ എനിക്ക് അനുവാദം നൽകിക്കൊണ്ട് പറഞ്ഞു, 'എന്റെ സഹോദരാ, തങ്കളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണേ.' ഹദ്റത്ത് ഉമർ(റ) പറയുന്നു: **'തിരുനബി(സ)പറഞ്ഞ വാക്കുകൾക്ക് പകരമായി ഈ ലോകം മുഴുവൻ എനിക്ക് നൽകിയാലും അത്രയും സന്തോഷം എനിക്ക് ലഭിക്കുമായിരുന്നില്ല.'** *(സുനൻ അബീ ദാവൂദ്, കിതാബുൽ വിത്ർ, ബാബ് അദ്ദുആ, ഹദീസ് 1498).*

**അല്ലാഹു തിരുനബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് നിർബന്ധമാക്കുകയും, പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതിനുള്ള പ്രധാന മാർഗ്ഗമായി അതിനെ മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും, തന്റെ അനുയായികളിലൊരാളോട് തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത് തിരുനബി(സ)യുടെ വിനയത്തിന്റെ ഉന്നതിയെയാണ് കാണിക്കുന്നത്.**

അതുപോലെ, **ഒരു ജോലിയും ചെയ്യാൻ അവിടുന്ന് ലജ്ജിച്ചിരുന്നില്ല. മറ്റുള്ളവർക്ക് അത് കാണിച്ചുകൊടുക്കാനും പഠിപ്പിക്കാനും വേണ്ടി ഏറ്റവും ചെറിയ ജോലികൾ പോലും അവിടുന്ന് സ്വന്തമായി നിർവഹിച്ചിരുന്നു.** ഒരു റിപ്പോർട്ടിൽ, ഹദ്റത്ത് അബൂ സഈദ് ഖുദ്രി(റ) പറയുന്നു: 'ഒരു ആടിന്റെ തൊലി ഉരിയുകയായിരുന്ന ഒരു ബാലന്റെ അരികിലൂടെ തിരുനബി(സ) കടന്നുപോയി. തിരുനബി(സ) അവനോട് പറഞ്ഞു: 'നീ അല്പം മാറിനിൽക്കൂ, ഞാൻ നിനക്ക് ശരിയായ രീതി കാണിച്ചുതരാം, കാരണം തൊലി ഉരിയാൻ നിനക്ക് അത്ര നൈപുണ്യമില്ലെന്ന് തോന്നുന്നു.' തുടർന്ന് തിരുനബി(സ) തന്റെ കൈ തൊലിക്കും മാംസത്തിനും ഇടയിൽ വെച്ച് തോളുവരെ ഉള്ളിലേക്ക് കടത്തി. എന്നിട്ട് പറഞ്ഞു: 'ഇങ്ങനെയല്ലേ ചെയ്യേണ്ടത്. ചെറുപ്പക്കാരാ, ഈ രീതിയിൽ തൊലി ഉരിയൂ.' തിരുനബി(സ) തന്റെ ജോലി നിർവഹിക്കുകയും അതേസമയം തന്നെ അവനെ പഠിപ്പിക്കുകയും ചെയ്തു.' *(സുനൻ അബീ ദാവൂദ്, കിതാബുത്ത്തഹാറ, ബാബുൽ വുളൂഇ മിൻ മസ്സി ലഹം... ഹദീസ് 185).*

അതുപോലെ, തിരുനബി(സ) എത്രമാത്രം വിനയത്തോടെ മറ്റുള്ളവർക്ക് വേണ്ടി സ്വന്തമായി ജോലികൾ ചെയ്തിരുന്നു എന്ന് വ്യക്തമാക്കുന്ന മറ്റൊരു സംഭവവുമുണ്ട്.

ഹദ്റത്ത് ഖബ്ബാബ്(റ)ന്റെ മകൾ വിവരിക്കുന്നത്, പാൽ കറക്കാൻ ഒരു ആടിനെ അവർ തിരുനബി(സ)യുടെ അടുക്കൽ കൊണ്ടുവന്നു. തിരുനബി(സ) ആടിനെ കെട്ടിയിട്ട് സ്വയം പാൽ കറന്നു. എന്നിട്ട് അവളോട് പറഞ്ഞു: 'നിന്റെ വലിയ പാത്രം കൊണ്ടുവരൂ.'

അവൾ നേരത്തെ ഒരു പാത്രം കൊണ്ടുവന്നിരുന്നു, എന്നാൽ തിരുനബി(സ) പറഞ്ഞു: 'അല്ല, ഇതിനേക്കാൾ വലിയ പാത്രം കൊണ്ടുവരൂ.'

അങ്ങനെ അവൾ വലിയൊരു പാത്രം കൊണ്ടുവന്നു, തിരുനബി(സ) ആ പാത്രം നിറയുന്നത് വരെ അതിലേക്ക് പാൽ കറന്നു. ശേഷം പറഞ്ഞു: 'നിങ്ങൾ ഇത് കുടിക്കുക, നിങ്ങളുടെ അയൽക്കാർക്കും നൽകുക.' *(മുസ്നദ് അബീ ദാവൂദ് അൽത്വയാലിസി, വാല്യം 3, ഹദീസ് 1768, ദാർ ഹിജ്ർ, പേജ് 239240).*

തിരുനബി(സ)യുടെ പ്രാർത്ഥനയുടെ അനുഗ്രഹത്താൽ പാൽ അസാധാരണമാംവിധം വർദ്ധിച്ചു എന്ന് വ്യക്തമാകുന്നു. അതിനാൽ, ഈ അനുഗ്രഹം മറ്റുള്ളവരുമായും പങ്കുവെക്കാൻ അവിടുന്ന് നിർദ്ദേശിച്ചു, കാരണം സാധാരണ ലഭിക്കുന്നതിനേക്കാൾ ഇരട്ടി പാൽ ആ ആടിൽ നിന്ന് ലഭിച്ചിരുന്നു.

**മറ്റുള്ളവരെ അഭിവാദ്യം ചെയ്യുന്നതിലും സദസ്സുകളിൽ ഇരിക്കുന്നതിലുമുള്ള വിഷയങ്ങളിലും തിരുനബി(സ)യുടെ വിനയത്തിന്റെയും ഉന്നതമായ ധാർമ്മിക സ്വഭാവത്തിന്റെയും നിരവധി ഉദാഹരണങ്ങളുണ്ട്.**

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു: 'ഒരു വ്യക്തി തിരുനബി(സ)യുടെ മുന്നിലെത്തുമ്പോൾ, അവിടുന്ന് ഹസ്തദാനം ചെയ്യുമായിരുന്നു. മറ്റേ വ്യക്തി ആദ്യം കൈ പിൻവലിക്കുന്നത് വരെ അവിടുന്ന് തന്റെ കൈ പിൻവലിക്കില്ലായിരുന്നു. അതുപോലെ, ആ വ്യക്തി തിരിഞ്ഞുനടക്കുന്നത് വരെ തിരുനബി(സ) തന്റെ അനുഗൃഹീതമായ മുഖം ആ വ്യക്തിയിൽ നിന്ന് തിരിക്കുമായിരുന്നില്ല. **തന്റെ കൂടെയുള്ളവർക്ക് മുൻപിൽ കാലുകൾ നീട്ടിയിരിക്കുന്ന രീതിയിൽ നബി(സ) ഇരിക്കുന്നതായി ആരും കണ്ടിട്ടില്ല.'** *(ജാമിഅ് അത്തർമിദി, കിതാബ് സിഫത്തിൽ ഖിയാമ വ റഖാഇഖ്, ബാബ് 46, ഹദീസ് 2490).*

ഹദ്റത്ത് അബൂ മുസന്ന അൽഅംലൂക്കിയിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ പറയുന്നു: 'തിരുനബി(സ)യും, തിരുനബി(സ)നു മുൻപുള്ള പ്രവാചകന്മാരും വടിയുടെ സഹായത്തോടെ നടക്കുകയും അതിൽ ചാരി നിൽക്കുകയും ചെയ്യുമായിരുന്നു.' *(സുബുലുൽ ഹുദാ വ റഷാദ്, വാല്യം 7, ദാർ അൽകുതുബ് അൽഇൽമിയ്യ, പേജ് 32).*

ഈ വടി പ്രതാപം കാണിക്കാനോ മഹത്വം പ്രകടിപ്പിക്കാനോ ആയിരുന്നില്ല ഉപയോഗിച്ചിരുന്നത്. മറിച്ച്, അല്ലാഹുവിനു മുൻപിലുള്ള വിനയത്തിന്റെയും എളിമയുടെയും അടയാളമായിരുന്നു അത്.

**തിരുനബി(സ)യുടെ വിനയം മറ്റെല്ലാവരുടെയും വിനയത്തെക്കാൾ ഉന്നതമായിരുന്നു. ഏറ്റവും വിവേകപൂർണ്ണവും അർത്ഥവത്തായതുമായ രീതിയിൽ ആളുകളെ വിനയത്തിലേക്ക് നയിക്കാൻ തിരുനബി(സ) ഉപദേശിക്കുകയും ചെയ്തിരുന്നു.**

ഇബ്നു ഹസ്മ് നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒട്ടക ഉടമകളും ആട് ഉടമകളും തമ്മിൽ അഹങ്കാരത്തെയും മേനി നടിക്കുന്നതിനെയും പറ്റി തർക്കമുണ്ടായി. ഓരോ കൂട്ടരും മറ്റുള്ളവരെക്കാൾ തങ്ങൾ വലിയവരാണെന്ന്

അവകാശപ്പെട്ടു. ഒട്ടക ഉടമകൾ—അതായത് ധാരാളം ഒട്ടകങ്ങളുള്ളവർ—പറഞ്ഞു: 'ഞങ്ങളാണ് നിങ്ങളെക്കാൾ വലിയവർ, ഞങ്ങളുടെ പക്കലാണ് കൂടുതൽ സമ്പത്തും വിഭവങ്ങളും ഉള്ളത്.' ആട് ഉടമകൾ അതിനു മറുപടിയായി തങ്ങളുടെ മേന്മയെക്കുറിച്ച് അവകാശവാദം ഉന്നയിച്ചു.

ഈ ചർച്ചയും മത്സരവും നടന്നു കൊണ്ടിരിക്കുമ്പോൾ തിരുനബി(സ) അവിടേക്ക് കടന്നുവരികയും ഇപ്രകാരം പറയുകയും ചെയ്തു:

'മൂസാ(അ) പ്രവാചകനായി നിയോഗിക്കപ്പെട്ടു, അദ്ദേഹം ആടുകളെ മേയിക്കുമായിരുന്നു. ദാവൂദ്(അ) പ്രവാചകനായി നിയോഗിക്കപ്പെട്ടു, അദ്ദേഹവും ആടുകളെ മേയിക്കുമായിരുന്നു. ഞാനും പ്രവാചകനായി നിയോഗിക്കപ്പെട്ടവനാണ്, **ഞാനും അജ്‌യാദ് എന്ന സ്ഥലത്ത് വെച്ച് എന്റെ കുടുംബത്തിന്റെ ആടുകളെ മേയിക്കാറുണ്ടായിരുന്നു.'** *(അസ്സുനനുൽ കുബ്റ, ലിൽ നസാഇ, കിതാബുത്തഫ്സീർ, സൂറത്ത് ത്വാഹാ, ഹദീസ് 11262, വാല്യം 10, മുഅസ്സസത്തു രിസാല, ബെയ്റൂട്ട്, 2001, പേജ് 171-172).*

അങ്ങനെ, അഹങ്കരിച്ചവരെ തിരുനബി(സ) ഉപദേശിക്കുകയും, അതേസമയം, ആടുകളെ മേയിക്കുന്നവരായതുകൊണ്ട് താഴ്ന്നവരായി കണക്കാക്കപ്പെട്ടവർക്ക് ആശ്വാസം പകരുകയും ചെയ്തു.

തിരുനബി(സ) പരാമർശിച്ച അജ്‌യാദ് എന്ന സ്ഥലം മക്കയിലെ സഫയ്ക്ക് അടുത്തുള്ള ഒരു പ്രദേശമാണ്, ഇത് ജിയാദ് എന്നും അറിയപ്പെടുന്നു. (മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 130).

**തിരുനബി(സ)യിൽ അഹങ്കാരത്തിന്റെ ലേശം പോലുമില്ലായിരുന്നു. പാവപ്പെട്ടവരോടും തിരുനബി(സ) വിനയത്തോടെ പെരുമാറുകയും അവരെ ആശ്വസിപ്പിക്കുകയും ബഹുമാനിക്കുകയും ചെയ്യുമായിരുന്നു.**

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: ഗ്രാമീണരിൽ—ബദവികളിൽ—സാഹിർ എന്ന് പേരുള്ള ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം പലപ്പോഴും ഗ്രാമത്തിൽ നിന്ന് തിരുനബി(സ)ക്ക് വേണ്ടി സമ്മാനങ്ങൾ കൊണ്ടുവരുമായിരുന്നു, ഗ്രാമീണ ജീവിതത്തിലെ പലതരം വിഭവങ്ങളായിരുന്നു അവ. അദ്ദേഹം തിരികെ പോകാൻ ഒരുങ്ങുമ്പോൾ, തിരുനബി(സ)യും അദ്ദേഹത്തിന് ധാരാളം ഭക്ഷണവും സാധനങ്ങളും നൽകി യാത്രയാക്കുമായിരുന്നു.

തിരുനബി(സ) പറയുമായിരുന്നു: 'സാഹിർ നമ്മുടെ ഗ്രാമീണ സുഹൃത്താണ്, നമ്മൾ നഗരത്തിൽ നിന്നുള്ള അദ്ദേഹത്തിന്റെ സുഹൃത്തും.'

ഒരിക്കൽ, സാഹിർ ചന്തയിൽ സാധനങ്ങൾ വിൽക്കുമ്പോൾ തിരുനബി(സ) അദ്ദേഹത്തിന്റെ പിന്നിലെത്തി പിന്നിൽ നിന്ന് നെഞ്ചോട് ചേർത്ത് കെട്ടിപ്പിടിച്ചു. അത് ആരാണെന്ന് കാണാൻ ഹദ്റത്ത് സാഹിറിന് കഴിഞ്ഞില്ല, അതിനാൽ അദ്ദേഹം പറഞ്ഞു: 'ഇതാരാണ്? എന്നെ വിട്ടേക്കൂ!' എന്നാൽ തിരിഞ്ഞു നോക്കി അത് തിരുനബി(സ)യാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, അദ്ദേഹം തന്റെ പുറം തിരുനബി(സ)യുടെ അനുഗൃഹീതമായ നെഞ്ചിൽ സ്നേഹത്തോടെ അമർത്താൻ തുടങ്ങി.

അപ്പോൾ തിരുനബി(സ) പറഞ്ഞു: 'ഈ അടിമയെ വാങ്ങാൻ ആരുണ്ട്?' ഹദ്റത്ത് സാഹിർ മറുപടി പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ(സ), എങ്കിൽ പിന്നെ അത് നഷ്ടക്കച്ചവടം ആയിരിക്കും. എന്നെ ആര് വാങ്ങാനാണ്?'

അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അല്ല, അല്ലാഹുവിന്റെ അടുക്കൽ നീ വിലയില്ലാത്തവനല്ല.' അല്ലെങ്കിൽ അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ അടുക്കൽ നീ വളരെ വിലപ്പെട്ടവനാണ്.' *(സ്വഹീഹ് ഇബ്നു ഹിബ്ബാൻ, കിതാബുൽ ഹള്ർ വൽ ഇബാഹ, ബാബുൽ മസാഹ് വദ്ദഹക്, ഹദീസ് 5790, ദാറുൽ മഅ്രിഫ, 2004, പേജ് 1543).*

ഈ സംഭവത്തെക്കുറിച്ച് തന്റെ ഒരു പ്രസംഗത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം വിവരിക്കുന്നു:

'തിരുനബി(സ)യുടെ അനുയായികളിൽ ഒരാൾക്ക് ജന്മനാ ഒരു വൈകല്യമുണ്ടായിരുന്നു, അതുകാരണം അദ്ദേഹം കാണാൻ അത്ര ആകർഷകമായിരുന്നില്ല, കൂടാതെ അദ്ദേഹം അതിയായ ദരിദ്രനുമായിരുന്നു. അദ്ദേഹത്തിന്റെ ശരീരവും വസ്ത്രങ്ങളും പൊടിപിടിച്ച അവസ്ഥയിലായിരുന്നു. ആ അവസ്ഥയിൽ വിയർത്തൊലിച്ചുകൊണ്ട്, മറ്റൊരാൾക്ക് വേണ്ടി വിൽക്കാൻ സാധനങ്ങളുമായി അദ്ദേഹം ചന്തയിലായിരുന്നു. എന്നാൽ ആ അനുയായിയുടെ പക്കൽ തിരുനബി(സ)യുടെ ദൃഷ്ടിയിൽ വലിയ മൂല്യമുള്ള എന്തോ ഒന്ന് ഉണ്ടായിരുന്നു. (തിരുനബി(സ) അദ്ദേഹത്തെ വലിയ ബഹുമാനത്തോടെയാണ് കണ്ടിരുന്നത്.)

ആ നിമിഷത്തിൽ, വിയർപ്പിൽ കുളിച്ച് പൊടിപിടിച്ച തന്റെ അവസ്ഥയോർത്ത് അദ്ദേഹം തന്നെ വെറുക്കുന്നുണ്ടാകാം—അപ്പോഴാണ് തിരുനബി(സ) അദ്ദേഹത്തിന്റെ പിന്നിലെത്തി, കുട്ടികളോടൊപ്പമെന്ന പോലെ കളിയായി തന്റെ കൈകൾ കൊണ്ട് അദ്ദേഹത്തിന്റെ കണ്ണുകൾ മൂടിയത്.

ആ കൈകൾ സ്പർശിച്ചപ്പോൾ അത് തിരുനബി(സ)യുടേതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. കാരണം, തിരുനബി(സ)യുടെ ശരീരത്തിൽ രോമങ്ങൾ തീരെയില്ലാതിരുന്നതിനാലും ശരീരം അസാധാരണമാംവിധം മൃദുലമായിരുന്നതിനാലും അത് പെട്ടെന്ന് മനസ്സിലാക്കാമായിരുന്നു. നബി(സ)നെ തിരിച്ചറിഞ്ഞപ്പോൾ, അദ്ദേഹവും സ്നേഹത്തോടെ തന്റെ ശരീരം തിരുനബി(സ)യുടെ അനുഗൃഹീതമായ ശരീരത്തോട് ചേർത്തുരസാൻ തുടങ്ങി. അതിലൂടെ തിരുനബി(സ)യുടെ വസ്ത്രവും ശരീരവും അല്പം അഴുക്കായി. എങ്കിലും, തിരുനബി(സ) ഒട്ടും അസ്വസ്ഥനായില്ല.

തുടർന്ന് തിരുനബി(സ) അദ്ദേഹത്തിന്റെ മേൽ കൈവെച്ച് പറഞ്ഞു: 'ഇതാ എന്റെ ദാസൻ. ഇദ്ദേഹത്തെ വാങ്ങാൻ ആരെങ്കിലുമുണ്ടോ?'

അപ്പോൾ അദ്ദേഹം വികാരാധീനനായി പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട യജമാനനേ, ഇത് വിലയില്ലാത്തതും പ്രയോജനമില്ലാത്തതുമായ വസ്തുവാണ്. ആര് വാങ്ങാനാണ്?'

തിരുനബി(സ) മറുപടി പറഞ്ഞു: 'ഒരിക്കലുമല്ല! അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇദ്ദേഹത്തിന് വലിയ മൂല്യമുണ്ട്.' *(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 3, പേജ് 663)*

തിരുനബി(സ)യുടെ ഉന്നതമായ ധാർമ്മികത, വിനയം, ജനങ്ങളുമായുള്ള ഇടപഴകലിലെ മഹത്തായ സ്വഭാവം, മനോഹരമായ രൂപം എന്നിവയെക്കുറിച്ച് വിവരിക്കവെ, ഹദ്റത്ത് ഹസൻ ബിൻ അലി(റ) ഒരിക്കൽ പറഞ്ഞു: 'തിരുനബി(സ)യുടെ അനുഗൃഹീതമായ രൂപത്തെക്കുറിച്ച് ഞാൻ എന്റെ മാതൃസഹോദരൻ ഹിന്ദ് ബിൻ അബീ ഹാലയോട് ചോദിച്ചു. അദ്ദേഹം തിരുനബി(സ)യുടെ രൂപത്തെക്കുറിച്ച് വളരെ വിശദമായി വിവരിക്കാറുണ്ടായിരുന്നു. അദ്ദേഹം അത് എന്റെ മുന്നിൽ ഒന്ന് വിവരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം വിവരിച്ചു: 'തിരുനബി(സ) പ്രൗഢവും മനോഹരവുമായ രൂപത്തിന് ഉടമയായിരുന്നു. അവിടുത്തെ അനുഗൃഹീതമായ മുഖം പതിനാലാം രാവിലെ പൂർണ്ണചന്ദ്രനെപ്പോലെ തിളങ്ങുമായിരുന്നു.'

തുടർന്ന് അദ്ദേഹം എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി ആ ഹദീസ് മുഴുവനായി വിവരിച്ചു. ഹദ്റത്ത് ഹസൻ (റ) പറയുന്നു: 'കുറെ കാലത്തേക്ക് ഞാൻ ഈ വിവരണം ഹദ്റത്ത് ഹുസൈൻ(റ)ൽ നിന്ന് മറച്ചുവെച്ചു (അതായത്, അമ്മാവനിൽ നിന്ന് തനിക്ക് ലഭിച്ച വിവരങ്ങൾ). പിന്നീട് ഞാൻ അദ്ദേഹത്തോട് അത് വിവരിച്ചപ്പോൾ, ഈ വിഷയത്തിൽ അദ്ദേഹം എന്നെക്കാൾ മുന്നിലെത്തിയിട്ടുണ്ടെന്നും എനിക്കുമുമ്പേ അദ്ദേഹം ഇതേ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കി. വാസ്തവത്തിൽ, തിരുനബി(സ) വീട്ടിലേക്ക് വരുന്നതിനെക്കുറിച്ചും പോകുന്നതിനെക്കുറിച്ചും, അവിടുത്തെ രൂപത്തെക്കുറിച്ചും അദ്ദേഹം തന്റെ പിതാവിനോട് ചോദിച്ചിട്ടുണ്ടെന്നും ഒരു വിവരവും ചോദിക്കാതെ വിട്ടിട്ടില്ലെന്നും ഞാൻ മനസ്സിലാക്കി.'

ഹദ്റത്ത് ഇമാം ഹുസൈൻ(റ) പറയുന്നു: 'തിരുനബി(സ) വീട്ടിലേക്ക് പ്രവേശിക്കുന്ന രീതിയെക്കുറിച്ച് ഞാൻ പിതാവിനോട് ചോദിച്ചു. (മുമ്പുള്ള ചർച്ചകൾ വീടിന് പുറത്തുള്ള അവിടുത്തെ ജീവിതത്തെക്കുറിച്ചായിരുന്നു, എന്നാൽ വീടിനുള്ളിലെ കാര്യങ്ങളെക്കുറിച്ച് ഹദ്റത്ത് അലി(റ)യോട് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകി:) **'തിരുനബി(സ) വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ, തന്റെ സമയത്തെ മൂന്നായി വിഭജിക്കുമായിരുന്നു. ഒരു ഭാഗം അല്ലാഹുവിനായി സമർപ്പിച്ചു, ഒരു ഭാഗം കുടുംബത്തിനായി, ഒരു ഭാഗം തനിക്കായി. പിന്നീട് അവിടുന്ന് തന്റെ വ്യക്തിപരമായ ഭാഗത്തെ തനിക്കുമായി ജനങ്ങളുമായി പങ്കുവെക്കുമായിരുന്നു. ഇതിലൂടെ, തിരഞ്ഞെടുത്ത ചില സഹാബികളിലൂടെ അവിടുന്ന് പൊതുജനങ്ങൾക്ക് മതപരമായ അറിവുകൾ നൽകുകയും അവരിൽ നിന്ന് ഒന്നും മറച്ചുവെക്കാതിരിക്കുകയും ചെയ്തു. തന്റെ ജീവിതകാലത്ത് ഉമ്മത്തിനായി സമയം വിഭജിച്ചുകൊണ്ട്—യോഗങ്ങൾക്ക് അനുമതി നൽകുന്നതിനൊപ്പം—ജനങ്ങളിൽ ശ്രേഷ്ഠതയും ഉന്നതിയും ഉള്ളവർക്ക് അവിടുന്ന് മുൻഗണന നൽകിയിരുന്നു. അവരുടെ വിശ്വാസത്തിന്റെ വലിപ്പത്തിനനുസരിച്ചായിരുന്നു അവർക്ക്**

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

**സ്ഥാനം നൽകിയിരുന്നത്.** അവരിൽ ചിലർക്ക് ഒരു ചോദ്യം, ചിലർക്ക് രണ്ട്, മറ്റ് ചിലർക്ക് പലതും ഉണ്ടായിരുന്നു. അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ അവിടുന്ന് വ്യാപൃതനായിരുന്നു. അവരുടെ അഭ്യർത്ഥനപ്രകാരം, തങ്ങളെയും സമൂഹത്തെയും ഒരുപോലെ നന്നാക്കുന്ന കാര്യങ്ങളിൽ അവിടുന്ന് അവരെ ഏർപ്പെടുത്തുമായിരുന്നു. തങ്ങൾക്ക് ഗുണകരമായ കാര്യങ്ങളെക്കുറിച്ച് അവിടുന്ന് അവരെ അറിയിക്കുകയും പറയുമായിരുന്നു: ഭനിങ്ങളിൽ സന്നിഹിതരായവർ ഈ കാര്യങ്ങൾ ഹാജരില്ലാത്തവരിലേക്ക് എത്തിക്കുക. അതുപോലെ, സ്വന്തം ആവശ്യങ്ങൾ അവതരിപ്പിക്കാൻ കഴിയാത്തവരുടെ ആവശ്യങ്ങൾ എന്നിലേക്ക് എത്തിക്കുക. കാരണം, ഒരാൾക്ക് സ്വന്തമായി കഴിവില്ലാത്തപ്പോൾ ആ വ്യക്തിയുടെ ആവശ്യം ഒരു ഭരണാധികാരിയിലേക്ക് ആരെങ്കിലും എത്തിച്ചുകൊടുത്താൽ, അല്ലാഹു അവർക്ക് വിധിദിവസത്തിൽ ദൃഢതയും നിശ്ചയദാർഢ്യവും നൽകും.'

അതിനാൽ, വിവിധയിടങ്ങളിൽ നിയമിക്കപ്പെട്ട ഭാരവാഹികൾക്ക് ഇതിൽ ഒരു പാഠമുണ്ട്: അവർ തീർച്ചയായും ജനങ്ങളുടെ ആവശ്യങ്ങൾ കേന്ദ്രത്തിലേക്ക് എത്തിക്കണം.

അത്തരം കാര്യങ്ങളെക്കുറിച്ച് തിരുനബി(സ)യോട് ചോദിക്കുമായിരുന്നു, അവരുടെതല്ലാതെ മറ്റാരുടെയും സാക്ഷ്യം അവിടുന്ന് സ്വീകരിച്ചിരുന്നില്ല. ആളുകൾ അന്വേഷകരായി അവിടുത്തെ അടുക്കൽ വന്നു, അവർ ഒരിക്കലും വെറുംകൈയോടെ മടങ്ങിയിരുന്നില്ല. മറിച്ച്, പുണ്യത്തിലേക്കുള്ള വഴികാട്ടികളായിട്ടാണ് അവർ മടങ്ങിയത്.

ഹദ്റത്ത് ഇമാം ഹുസൈൻ(റ) പറയുന്നു: 'തുടർന്ന്, വീടിന് പുറത്ത് തിരുനബി(സ)യുടെ പെരുമാറ്റം എങ്ങനെയെന്നും, ആ സമയത്ത് അവിടുന്ന് എന്ത് ചെയ്യുമായിരുന്നു എന്നും ഞാൻ പിതാവിനോട് ചോദിച്ചു.'

അദ്ദേഹം മറുപടി നൽകി: 'തിരുനബി(സ) ഒരു ഉദ്ദേശ്യവുമില്ലാതെ സംസാരിക്കുമായിരുന്നില്ല. അവിടുന്ന് തന്റെ സഹാബികൾക്കിടയിൽ ഐക്യവും സമാധാനവും വളർത്തുകയും അവരെ ഒരിക്കലും അകറ്റാതിരിക്കുകയും ചെയ്തു. ഓരോ ഗോത്രത്തിലെയും ദേശത്തിലെയും ബഹുമാനപ്പെട്ട വ്യക്തികളെ അവിടുന്ന് ആദരിക്കുകയും അവരെ ജനങ്ങൾക്ക് മേൽ നേതാക്കളായി നിയമിക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് ആളുകൾക്ക് മുന്നറിയിപ്പ് നൽകുകയും അവരെക്കുറിച്ച് കരുതലോടെ ഇരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കരുതൽ അവിടുത്തെ സന്തോഷത്തെയോ അവരോടുള്ള നല്ല പെരുമാറ്റത്തെയോ ബാധിക്കാൻ അനുവദിച്ചിരുന്നില്ല.' അതായത്, മറ്റുള്ളവർക്ക് ആരെയെങ്കിലും കുറിച്ച് മുന്നറിയിപ്പ് നൽകുകയോ ഒരാളെക്കുറിച്ച് കരുതലോടെ ഇരിക്കുകയോ ചെയ്യുമ്പോഴും, അവരോടുള്ള അവിടുത്തെ പുറമേയുള്ള പെരുമാറ്റത്തിലോ ഔദാര്യത്തിലോ മാറ്റമുണ്ടായിരുന്നില്ല. കരുതൽ ആവശ്യമുള്ളിടത്ത് അത് സ്വീകരിക്കുമ്പോഴും എല്ലാവരോടും ദയയോടും നല്ല പെരുമാറ്റത്തോടും കൂടിയാണ് അവിടുന്ന് തുടർന്നും ഇടപെട്ടിരുന്നത്. തന്റെ സഹാബികളുടെ കാര്യങ്ങൾ അവിടുന്ന് ശ്രദ്ധിക്കുകയും മറ്റുള്ളവരുടെ അവസ്ഥകളെക്കുറിച്ച് ആളുകളോട് ചോദിക്കുകയും ചെയ്തു. നന്മകളെ അവിടുന്ന് പ്രശംസിക്കുകയും അവയെ ശക്തിപ്പെടുത്താൻ സഹായിക്കുകയും ചെയ്തു. തിന്മകളെ ചൂണ്ടിക്കാണിക്കുകയും അവയുടെ സ്വാധീനത്തെ തകർക്കുകയും ചെയ്തു. എല്ലാ കാര്യങ്ങളിലും അവിടുന്ന് മിതത്വം പാലിച്ചു, വൈരുദ്ധ്യങ്ങളിൽ നിന്ന് മുക്തനുമായിരുന്നു. മറ്റുള്ളവർ അശ്രദ്ധരാകുകയോ തളർന്നുപോകുകയോ ചെയ്യുമെന്ന ഭയത്താൽ അവിടുന്ന് ഒരിക്കലും അശ്രദ്ധനായിരുന്നില്ല. ഓരോ സാഹചര്യത്തിനും അവിടുന്ന് സജ്ജനായി നിന്നു. ശരിയായ കാര്യത്തിൽ നിന്ന് അവിടുന്ന് പിന്നോട്ട് പോയില്ല, അതിരുകൾ ലംഘിച്ചതുമില്ല. തന്റെ അർഹമായ അവകാശങ്ങൾ അവിടുന്ന് കൃത്യമായി നിർവഹിച്ചു. ആളുകളിൽ അവിടുത്തേക്ക് ഏറ്റവും പ്രിയപ്പെട്ടവർ അവരിൽ ഏറ്റവും മികച്ചവരായിരുന്നു. അവിടുത്തെ കാഴ്ചയിൽ ഏറ്റവും ശ്രേഷ്ഠർ ഏറ്റവും സത്യസന്ധരും ദയാലുക്കളുമായിരുന്നു, അവിടുത്തേക്ക് ഏറ്റവും അടുത്ത പദവിയിലുള്ളവർ മറ്റുള്ളവരോട് ഏറ്റവും കൂടുതൽ സഹാനുഭൂതിയും സഹായവും കാണിക്കുന്നവരായിരുന്നു. ഇത് ഏറ്റവും കൂടുതൽ ചെയ്യുന്ന വ്യക്തി അവിടുത്തേക്ക് ഏറ്റവും അടുപ്പമുള്ളവനായിരിക്കും, അവിടുന്ന് അവരെ ഇഷ്ടപ്പെടുകയും ചെയ്യുമായിരുന്നു.' ഹദ്റത്ത് ഇമാം ഹുസൈൻ(റ) പറയുന്നു: 'പിന്നീട് ഞാൻ തിരുനബി(സ)യുടെ സദസ്സുകളെക്കുറിച്ച് ചോദിച്ചു. അദ്ദേഹം മറുപടി നൽകി, 'ഇരിക്കുമ്പോഴായാലും നിൽക്കുമ്പോഴായാലും അവിടുന്ന് ദൈവസ്മരണയിൽ മുഴുകിയിരുന്നു. എപ്പോഴൊക്കെ അവിടുന്ന് ഒരു സദസ്സിൽ പങ്കെടുത്തോ, അപ്പോഴൊക്കെ സഭയുടെ അവസാനത്തിൽ എവിടെയാണോ സ്ഥലമുള്ളത് അവിടെ അവിടുന്ന് ഇരുന്നു, മറ്റുള്ളവരോടും അങ്ങനെ ചെയ്യാൻ അവിടുന്ന് നിർദ്ദേശിച്ചു. തന്നോടൊപ്പം ഇരിക്കുന്ന ഓരോ വ്യക്തിക്കും അവിടുന്ന് അവരുടെ അർഹമായ അവകാശം നൽകി, അവിടുത്തെ സാന്നിധ്യത്തിൽ മറ്റൊരാളേക്കാൾ ബഹുമാനം തനിക്ക് ലഭിക്കുന്നില്ലെന്ന് ആർക്കും തോന്നിയിരുന്നില്ല. ഒരു ആവശ്യമോ കാര്യത്തിനോ വേണ്ടി ആരെങ്കിലും അവിടുത്തോട് കൂടി ഇരുന്നാൽ, ആ വ്യക്തി തന്നെ എഴുന്നേറ്റ് പോകുന്നത് വരെ അവിടുന്ന് ആ വ്യക്തിയോടൊപ്പം തുടർന്നു. ആരെങ്കിലും അവിടുത്തോട് എന്തെങ്കിലും ആവശ്യപ്പെട്ടാൽ, ഒന്നുകിൽ എന്തെങ്കിലും നൽകിയോ, അല്ലെങ്കിൽ മാന്യവും മൃദുവായതുമായ മറുപടി നൽകിയോ അല്ലാതെ അവിടുന്ന് അവരെ തിരിച്ചയച്ചില്ല. **(ആരെങ്കിലും സഹായം തേടി വന്നാൽ, അവിടുന്ന് ഒന്നുകിൽ അവർക്ക് എന്തെങ്കിലും നൽകി, അല്ലെങ്കിൽ അതിന് കഴിഞ്ഞില്ലെങ്കിൽ വളരെ കരുണാപൂർവം മറുപടി നൽകി.)**'

**'അവിടുത്തെ സന്തോഷം, ഔദാര്യം, ഉന്നതമായ സ്വഭാവം എന്നിവ എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു. അവിടുന്ന് ജനങ്ങൾക്ക് പിതാവിനെപ്പോലെയായി, അവകാശങ്ങളുടെ കാര്യത്തിൽ എല്ലാവരും അവിടുത്തെ ദൃഷ്ടിയിൽ തുല്യരായിരുന്നു.** അവിടുത്തെ സദസ്സുകൾ അറിവിന്റെയും വിനയത്തിന്റെയും ക്ഷമയുടെയും വിശ്വാസ്യതയുടെയും സദസ്സുകളായിരുന്നു. അവിടെ ശബ്ദങ്ങൾ ഉയർത്തിയിരുന്നില്ല, വിശുദ്ധമായവയെ അപമാനിച്ചിരുന്നില്ല, മറ്റുള്ളവരുടെ ബലഹീനതകൾ ചർച്ച ചെയ്തിരുന്നില്ല. എല്ലാവരും തുല്യരായിരുന്നു, അവരുടെ നീതിബോധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു അവർക്ക് സ്ഥാനം നൽകിയിരുന്നത്. (മറ്റുള്ളവരുടെ ബലഹീനതകൾ അവിടുത്തെ സദസ്സുകളിൽ ഒരിക്കലും ചർച്ച ചെയ്യപ്പെട്ടിരുന്നില്ല.) അവിടുത്തെ സദസ്സുകളിൽ ആളുകൾ പരസ്പരം വിനയത്തോടെ പെരുമാറി. അവർ പ്രായമുള്ളവരെ ആദരിക്കുകയും കുട്ടികളോട് കരുണ കാണിക്കുകയും ആവശ്യമുള്ളവർക്ക് മുൻഗണന നൽകുകയും അപരിചിതരെപ്പോലും പരിഗണിക്കുകയും ചെയ്തു. അപരിചിതനായ ഒരാൾ വന്നാൽ അവരെ അവഗണിക്കുമെന്ന അവസ്ഥ അവിടെ ഉണ്ടായിരുന്നില്ല, മറിച്ച് അവരോടും കരുതൽ കാണിക്കുമായിരുന്നു.' *(ശമാഇലുൻ നബി(സ), ബാബ് മാ ജാഅ ഫീ തവാളുഇ റസൂലില്ലാഹ്(സ), വിവരണം 321, നൂർ ഫൗണ്ടേഷൻ, പേജ് 137140)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **'ദൈവപ്രീതിയിൽ പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർ തങ്ങൾക്ക് ഏതെങ്കിലും പദവിയോ നേതൃത്വമോ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അത്തരം പദവികളേക്കാൾ ഉപരിയായി, ഏകാന്തതയുടെയും ഏകനായുള്ള ആരാധനയുടെയും ആനന്ദമാണ് അവർ കൂടുതൽ ഇഷ്ടപ്പെടുന്നത്. എങ്കിലും അല്ലാഹു അവരെ നിർബന്ധപൂർവ്വം മുൻനിരയിലേക്ക് കൊണ്ടുവരികയും മാനവരാശിയുടെ നന്മയ്ക്കായി അവരെ നിയോഗിക്കുകയും ചെയ്യുന്നു.'**

നമ്മുടെ തിരുനബി(സ)യും ഒരു ഗുഹയിൽ വസിക്കുകയും തന്നെക്കുറിച്ച് ആരും അറിയരുതെന്ന് ആഗ്രഹിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഒടുവിൽ, അല്ലാഹു തിരുനബി(സ)യെ പുറത്തുകൊണ്ടുവരികയും ലോകത്തെ നയിക്കുക എന്ന വലിയ ഭാരം തിരുനബി(സ)യെ ഏൽപ്പിക്കുകയും ചെയ്തു. ആയിരക്കണക്കിന് കവികൾ തിരുനബി(സ)യുടെ അടുക്കൽ വരികയും തിരുനബി(സ)യെ പ്രകീർത്തിച്ച് കവിതകൾ രചിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, അത്തരം പ്രശംസ കേട്ട് തിരുനബി(സ) അമിതമായി സന്തോഷിക്കുമെന്ന് കരുതുന്ന ഹൃദയം ശപിക്കപ്പെട്ടതാണ്. അത്തരം പ്രശംസകളെ ചത്ത പ്രാണികളേക്കാൾ വലിയ ഒന്നായി അവിടുന്ന് കരുതിയില്ല. യഥാർത്ഥ പ്രശംസ അല്ലാഹു ആകാശങ്ങളിൽ നിന്ന് പ്രഖ്യാപിക്കുന്നതാണ്. അത്തരം ആളുകൾ പൂർണ്ണമായും ദൈവസ്നേഹത്തിൽ ലയിച്ചവരാണ്, ലോകത്തിന്റെ പ്രശംസയിലോ പുകഴ്ത്തലിലോ അവർക്ക് യാതൊരു താല്പര്യവുമില്ല. **ദൈവം തന്നെ നേരിട്ട് ആകാശങ്ങളിൽ നിന്നും തന്റെ സിംഹാസനത്തിൽ നിന്നും അവരെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്യുന്നതാണ് അവരുടെ പദവി.'** *(മൽഫൂസാത്ത്, 2022, വാല്യം 4, പേജ് 338,339)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറയുന്നു: 'ഒരിക്കൽ ഒരു ക്രിസ്ത്യാനി തിരുനബി(സ)യുടെ അടുക്കൽ ചെന്നു. അവിടുന്ന് അദ്ദേഹത്തോട് വലിയ ദയയും ആതിഥ്യമര്യാദയും കാണിച്ചു. ആ മനുഷ്യന് വല്ലാത്ത വിശപ്പായിരുന്നു, തിരുനബി(സ) അദ്ദേഹത്തിന് വയറുനിറയെ ഭക്ഷണം നൽകി. രാത്രിയിൽ, തിരുനബി(സ) വളരെ മാന്യമായി തന്റെ സ്വന്തം പുതപ്പ് അദ്ദേഹത്തിന് നൽകി. അയാൾ ഉറക്കത്തിലായിരിക്കുമ്പോൾ, അദ്ദേഹത്തിന് കടുത്ത വയറിളക്കം ഉണ്ടാവുകയും അത് നിയന്ത്രിക്കാൻ കഴിയാതെ വരികയും ചെയ്തു, അതുമൂലം അദ്ദേഹം പുതപ്പിൽ മലവിസർജ്ജനം നടത്തി. പിറ്റേദിവസം രാവിലെ, തന്റെ അവസ്ഥ കണ്ട് തിരുനബി(സ) വെറുക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. നാണം കാരണം അയാൾ നിശബ്ദനായി അവിടെ നിന്ന് പുറപ്പെട്ടു. ആളുകൾ ഇത് ശ്രദ്ധിച്ചപ്പോൾ, ക്രിസ്ത്യാനിയായ അതിഥി പുതപ്പിൽ വിസർജിച്ച വി

## • ഹദീഥുന്നബ്‌വി ﷺ •

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

വരം തിരുനബി(സ)യെ അറിയിച്ചു. തിരുനബി(സ) പറഞ്ഞു, 'അതെന്നെ ഏൽപ്പിക്കൂ, എനിക്കത് വൃത്തിയാക്കണമല്ലോ.' ആളുകൾ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ(സ), എന്തിനാണ് താങ്കൾ സ്വയം ബുദ്ധിമുട്ടുന്നത്? ഞങ്ങൾ ഇവിടെയുണ്ടല്ലോ, ഞങ്ങൾക്ക് അത് വൃത്തിയാക്കാം.' എന്നാൽ തിരുനബി(സ) മറുപടി നൽകി, 'അദ്ദേഹം എന്റെ അതിഥിയായിരുന്നു; അതിനാൽ അത് എന്റെ കടമയാണ്.' പിന്നീട് അവിടുന്ന് വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും സ്വന്തമായി പുതപ്പ് കഴുകാൻ തുടങ്ങുകയും ചെയ്തു. (അതിയായ വിനയത്തോടെ, തന്റെ അതിഥി വരുത്തിവെച്ച മാലിന്യം അവിടുന്ന് വൃത്തിയാക്കി.)

**ക്രിസ്ത്യാനി ഏകദേശം രണ്ട് മൈൽ അകലെ യാത്ര ചെയ്തപ്പോൾ, തന്റെ സ്വർണ്ണ കുരിശ് കിടക്കയിൽ മറന്നുപോയ കാര്യം ഓർത്തു. അതിനാൽ അയാൾ തിരികെ വന്നു, അപ്പോൾ തിരുനബി(സ) സ്വന്തമായി പുതപ്പിലെ മാലിന്യം കഴുകുന്നത് കണ്ടു. കുറ്റബോധത്താൽ അയാൾ പറഞ്ഞു, 'ഇത് എനിക്ക് സംഭവിച്ചതാണെങ്കിൽ, ഞാൻ ഒരിക്കലും ഇത് സ്വയം കഴുകില്ലായിരുന്നു.' ഇതിന്റെ ഫലമായി, ഇത്രയും നിസ്വാർത്ഥതയും വിനയവുമുള്ള ഒരാൾ തീർച്ചയായും അല്ലാഹുവാൽ നിയോഗിക്കപ്പെട്ടവനായിരിക്കുമെന്ന് ആ ക്രിസ്ത്യാനി മനസ്സിലാക്കി. അങ്ങനെ, ഇത് കണ്ടതിന്റെ ഫലമായി ആ ക്രിസ്ത്യാനി ഇസ്‌ലാം മതം സ്വീകരിച്ചു.'** *(മൽഫൂസാത്ത്, 2022, വാല്യം 5, പേജ് 205,206)*

തിരുനബി(സ)ക്ക് ആദ്യത്തെ വഹ്‌യ് ലഭിച്ച സമയത്തും തിരുനബി(സ)യുടെ വിനയവും എളിമയും പ്രകടമായിരുന്നു. ഹിറാ ഗുഹയിലെ സംഭവത്തെക്കുറിച്ച് വിവരിക്കവെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

'ഹിറാ ഗുഹയിലാണ് ആദ്യത്തെ വഹ്‌യ് ഇറങ്ങിയത്. അന്ന് ജിബ്രീൽ(അ) തിരുനബി(സ)യുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു, اِقْرَأْ 'വായിക്കുക.' മറുപടിയായി തിരുനബി(സ) പറഞ്ഞു: مَا اَنَا بِقَارِئٍ 'എനിക്ക് വായിക്കാൻ അറിയില്ല.' ഈ ഭാരം എൻമേൽ ചുമത്തരുതെന്നാണ് ഇതിനർത്ഥം, കാരണം അപ്പോൾ നബി(സ)നു മുന്നിൽ വായിക്കാൻ യാതൊരു പുസ്തകവും വെച്ചിരുന്നില്ല, മറിച്ച് ജിബ്രീൽ എന്താണോ പറയുന്നത് അത് അവിടുന്ന് വെറുതെ ആവർത്തിക്കുകയായിരുന്നു വേണ്ടത്. ഇത് നബി(സ)ക്ക് സാധിക്കുമായിരുന്നുവെങ്കിലും അവിടുന്ന് വിനയം പ്രകടിപ്പിച്ചു. എന്നാൽ അല്ലാഹു ഈ കാര്യത്തിനായി നബി(സ)നെ തന്നെയാണ് തിരഞ്ഞെടുത്തത് എന്നതുകൊണ്ട് വീണ്ടും വീണ്ടും പറഞ്ഞു, 'വായിക്കുക'. ഒടുവിൽ മൂന്നാമത്തെ തവണ പറഞ്ഞപ്പോൾ അവിടുന്ന് വായിച്ചു.' തുടർന്ന് മലക്ക് اِقْرَأْ بِاسْمِ رَبِّكَ الَّذِيْ خَلَقَ എന്ന ആയത്ത് ഓതിക്കൊടുത്തു. *(ഫദാഇലുൽ ഖുർആൻ നമ്പർ 2, അൻവാറുൽ ഉലൂം വാല്യം 11, പേജ് 109).*

ഇതേ സംഭവത്തെക്കുറിച്ച് മറ്റൊരു സന്ദർഭത്തിൽ, സൂറത്ത് അൽകൗസർ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഫ്സീർ കബീറിൽ പറയുന്നു:

'തിരുനബി(സ)ക്ക് വഹ്‌യ് ലഭിച്ചപ്പോൾ, അവിടുന്ന് അസാധാരണമായ വിനയമാണ് പ്രകടിപ്പിച്ചത്. സാധാരണക്കാർക്ക് വഹ്‌യ് ലഭിക്കുകയോ സ്വപ്നം കാണുകയോ ചെയ്താൽ, അവർ തിടുക്കത്തിൽ മറ്റുള്ളവരുടെ അടുക്കൽ ചെന്ന്, 'എനിക്ക് ഇന്ന വഹ്‌യ് ലഭിച്ചു' എന്നോ 'ഞാൻ ഇന്ന സ്വപ്നം കണ്ടു' എന്നോ വിളിച്ചു പറയുന്നത് നമ്മൾ കാണാറുണ്ട്. എന്നാൽ ജിബ്രീൽ(അ) തിരുനബി(സ)യുടെ അടുക്കൽ വന്ന് 'വായിക്കുക' എന്ന് പറഞ്ഞപ്പോൾ അവിടുന്ന് മറുപടി നൽകി: مَا اَنَا بِقَارِئٍ 'എനിക്ക് വായിക്കാൻ അറിയില്ല.'

അവിടുന്ന് ഇത് മൂന്നുതവണ ആവർത്തിച്ചു. എന്നാൽ ഈ വിഷയത്തിൽ അല്ലാഹു നിർബന്ധം പിടിക്കുകയാണെന്ന് മനസ്സിലായപ്പോൾ, അവിടുന്ന് ആ കൽപ്പന അനുസരിച്ചു. വാസ്തവത്തിൽ, **മൂസാ(അ)യിൽ നിന്ന് വ്യത്യസ്തമായി, 'എന്റെ നാഥാ, എനിക്ക് സഹായിയായി ഒരാളെ നിയമിച്ചുതരേണമേ' എന്ന് പറയാതെ, അവിടുന്ന് അതീവ ധീരതയോടെയാണ് അത് അനുസരിച്ചത്. മറിച്ച്, അവിടുന്ന് ആ മുഴുവൻ ഭാരവും ഒറ്റയ്ക്ക് ചുമക്കുകയും തന്നെ സഹായിക്കാൻ ഒരു സഹചാരിയെ ആവശ്യപ്പെടാതിരിക്കുകയും ചെയ്തു.'** *(തഫ്സീർ കബീർ, 2023, വാല്യം 15, പേജ് 138,139)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടർന്ന് പറയുന്നു: 'നബി(സ)ന്റെ വിനയത്തിന്റെ മറ്റൊരു ഉദാഹരണം : ഒരു ദിവസം അൻസാരികളിൽ പെട്ട ഒരാൾ രോഗിയാവുകയും, തിരുനബി(സ) അദ്ദേഹത്തെ സന്ദർശിക്കാൻ പോകുകയും ചെയ്തു. തിരുനബി(സ) മടങ്ങുമ്പോൾ, ആ അൻസാരി തിരുനബി(സ)ക്ക് യാത്ര ചെയ്യാൻ ഒരു കുതിരയെ നൽകി തന്റെ മകനോട് പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലിനോടൊപ്പം(സ) പോകുക. വഴിയിൽ മറ്റൊരു സഹയാത്രികനെ കണ്ടെത്താൻ നബി(സ)ന് പ്രയാസമായിരിക്കാം (അതായത് മറ്റൊരു യാത്രാ സഹചാരിയെ ലഭിച്ചില്ലെന്ന് വരാം). കൂടാതെ, കുതിരയെ തിരിച്ചും കൊണ്ടുവരിക.'

കുറച്ചു സമയത്തിന് ശേഷം, ആ ബാലൻ വീട്ടിലേക്ക് മടങ്ങിയെത്തി. പിതാവ് ചോദിച്ചു, 'യാത്രയിൽ നബി(സ)ക്ക് കൂട്ടായിരിക്കാനും സുരക്ഷ ഉറപ്പാക്കാനും കുതിരയെ മെരുക്കി നിർത്താനും ഞാൻ നിന്നെ അല്ലാഹുവിന്റെ റസൂലിനോടൊപ്പം(സ) അയച്ചതല്ലേ. എന്തുകൊണ്ട് നീ തിരിച്ചുവന്നു?'

ആ ബാലൻ മറുപടി നൽകി, 'തിരിച്ചുവരാൻ ഞാൻ നിർബന്ധിതനായി. അല്ലാഹുവിന്റെ റസൂൽ(സ) പുറത്തിറങ്ങിയപ്പോൾ എന്നോട് പറഞ്ഞു, 'കുതിരപ്പുറത്ത് എന്റെ പുറകിൽ ഇരിക്കൂ.' ഞാൻ മറുപടി നൽകി, 'അല്ലാഹുവിന്റെ റസൂലേ(സ), അങ്ങനെയൊരു അനാദരവ് എനിക്ക് ചെയ്യാൻ കഴിയില്ല.' അപ്പോൾ തിരുനബി(സ) പറഞ്ഞു, 'എങ്കിൽ, ഞാൻ കുതിരപ്പുറത്ത് യാത്ര ചെയ്യുമ്പോൾ നീ നടന്നുപോകുന്നത് എനിക്കും സഹിക്കാനാവില്ല. ഒന്നെങ്കിൽ നീ എന്നോടൊപ്പം കുതിരപ്പുറത്ത് കയറുക, അല്ലെങ്കിൽ വീട്ടിലേക്ക് മടങ്ങുക.' (ആ ബാലൻ പറയുന്നു:) അതിനാൽ, വീട്ടിലേക്ക് മടങ്ങുന്നതാണ് നല്ലതെന്ന് ഞാൻ കരുതി, തിരുനബി(സ) ഒറ്റയ്ക്ക് യാത്ര തുടർന്നു.' *(തഫ്സീർ കബീർ, 2023, വാല്യം 15, പേജ് 157)*

ഹദ്റത്ത് അബ്ദുല്ല(റ) വിവരിക്കുന്ന ഒരു നിവേദനം: 'അല്ലാഹുവിന്റെ റസൂൽ(സ) ഒരിക്കൽ ഒരു ഈത്തപ്പന മടൽ കൊണ്ടുള്ള പായയിൽ കിടന്നുറങ്ങി. എഴുന്നേറ്റപ്പോൾ, ആ പായയുടെ അടയാളങ്ങൾ നബി(സ)ന്റെ ദേഹത്ത് കാണാമായിരുന്നു. ഞങ്ങൾ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ(സ), അങ്ങേയ്ക്കായി മൃദുവായ കിടക്ക ഒരുക്കാൻ ഞങ്ങളെ അനുവദിക്കണം.'

തിരുനബി(സ) മറുപടി നൽകി, **'ഈ ലോകവുമായി എനിക്കെന്ത് ബന്ധം? ഈ ലോകത്ത് എന്റെ ഉദാഹരണം, ഒരു മരത്തണലിൽ അല്പനേരം വിശ്രമിക്കുകയും പിന്നീട് അത് ഉപേക്ഷിച്ച് യാത്ര തുടരുകയും ചെയ്യുന്ന ഒരു യാത്രക്കാരന്റേതു മാത്രമാണ്.'** *(ജാമിഅ് അത്തർമിദി, കിതാബുസ്സുഹ്ദ്, ഹദീസ് 2377)*

സ്വഹീഹ് ബുഖാരിയിൽ, ഹദ്റത്ത് ഉമർ(റ) വിവരിക്കുന്ന ഒരു നിവേദനത്തിൽ പറയുന്നു: 'ഒരിക്കൽ ഞാൻ തിരുനബി(സ)യെ കാണാൻ പോയി. അവിടുന്ന് ഒരു മുകൾനിലയിലുള്ള മുറിയിൽ, നെയ്ത പായയിൽ ചാരിയിരിക്കുകയായിരുന്നു. നബി(സ)ക്കും പായയ്ക്കും ഇടയിൽ മറ്റൊന്നുമില്ലായിരുന്നു. തലയ്ക്ക് താഴെ ഈത്തപ്പന നാരുകൾ നിറഞ്ഞ ഒരു തോൽ തലയിണയുണ്ടായിരുന്നു. കാലുകൾക്ക് സമീപം കുരുമുളക് ഇലകളുടെ ഒരു കൂനയും, തലയ്ക്ക് സമീപം ഉണക്കാത്ത കുറച്ച് തുകൽ കഷ്ണങ്ങളും തൂങ്ങിനിൽക്കുന്നുണ്ടായിരുന്നു. നബി(സ) പരിശുദ്ധ ഗാത്രത്തിൽ പായയുടെ അടയാളങ്ങൾ എനിക്ക് കാണാമായിരുന്നു (അവിടുന്ന് കിടന്നിരുന്ന പരുക്കൻ പായ കാരണം). ഇത് കണ്ടപ്പോൾ ഞാൻ കരയാൻ തുടങ്ങി. തിരുനബി(സ) ചോദിച്ചു, 'എന്തിനാണ് നീ കരയുന്നത്?' ഞാൻ മറുപടി നൽകി, 'അല്ലാഹുവിന്റെ റസൂലേ(സ), കൈസറും കിസ്രയും വല്ലാത്ത ആഡംബരത്തിലാണ് ജീവിക്കുന്നത്, എന്നാൽ താങ്കൾ അല്ലാഹുവിന്റെ റസൂലായിട്ടും ഇങ്ങനെയാണോ?' തിരുനബി(സ) മറുപടി നൽകി: **'അവർക്ക് ഈ ലോകവും നമുക്ക് പരലോകവുമാണെന്നതിൽ നീ തൃപ്തനല്ലേ?'** *(സ്വഹീഹ് ബുഖാരി, കിതാബ് തഫ്സീറിൽ ഖുർആൻ, ബാബ് തബ്തഗീ മർദാത അസ്വാജിക്, ഹദീസ് 4913, വാല്യം 12, നസറാത്ത് ഇശാഅത്ത്, പേജ് 264, 267)*

ഈ സംഭവം തന്നെ വിവരിക്കവെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ലൗകിക വിഭവങ്ങളിൽ തിരുനബി(സ)യുടെ സംതൃപ്തി എത്രത്തോളമായിരുന്നുവെന്ന് നോക്കൂ. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) അവിടുത്തെ സന്ദർശിക്കാൻ ചെന്നു. അകത്തേക്ക് പ്രവേശിക്കാൻ അനുവാദം ചോദിക്കാൻ ഒരു ബാലനെ മുൻപേ അയച്ചു. തിരുനബി(സ) ഈത്തപ്പന ഇലകൾ കൊണ്ടുള്ള ഒരു പായയിൽ കിടക്കുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) ഉള്ളിൽ വന്നപ്പോൾ തിരുനബി(സ) എഴുന്നേറ്റിരുന്നു. ഹദ്റത്ത് ഉമർ(റ) ചുറ്റും നോക്കി, വീട് തികച്ചും ഒഴിഞ്ഞുകിടക്കുന്നതായി കണ്ടു, ആഢംഭരങ്ങളായി ഒന്നുമില്ല□ഒരു ആണിയിൽ തൂങ്ങിക്കിടക്കുന്ന ഒരു വാളും, അവിടുന്ന് കിടന്നിരുന്ന ആ പായയും മാത്രം; ആ പായയുടെ അടയാളങ്ങൾ അവിടുത്തെ പരിശുദ്ധ മേനിയിൽ പതിഞ്ഞിരുന്നു. ഇത് കണ്ടപ്പോൾ ഹദ്റത്ത് ഉമർ(റ) കരഞ്ഞു. തിരുനബി(സ) ചോദിച്ചു: 'ഉമർ, എന്തിനാണ് നീ കരയുന്നത്?' ഉമർ(റ) പറഞ്ഞു: 'കൈസറിനും കിസ്രയ്ക്കും ലോകത്തിലെ എല്ലാ സുഖസൗകര്യങ്ങളുമുണ്ട്, എന്നാൽ അല്ലാഹുവിന്റെ റസൂലും ഇരുലോകങ്ങളുടെയും രാജാവുമായ താങ്കൾ ഇങ്ങനെയൊരു അവസ്ഥയിലാണോ ജീവിക്കുന്നത്.' തിരുനബി(സ) മറുപടി നൽകി: **'ഉമർ, ഈ ലോകവുമായി എനിക്കെന്ത് ബന്ധം? ഒട്ടകപ്പുറത്ത് തന്റെ ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനെപ്പോലെയാണ് ഞാൻ ഇതിലൂടെ കടന്നുപോകുന്നത്—മരുഭൂമിയിലെ വഴിയിൽ ഒരു മരം കണ്ട്, കഠിനമായ ചൂട് കാരണം അല്പനേരം അതിന്റെ തണലിൽ ഇരിക്കുന്നു, ശരീരം വിയർപ്പ് ഉണങ്ങിയ ഉടൻ തന്നെ വീണ്ടും യാത്ര തുടരുന്നു.'** *(മൽഫൂസാത്ത്, 2022, വാല്യം 6, പേജ് 228229)*

**മോശമായി പെരുമാറുന്ന ആളുകളോട് പോലും, തിരുനബി(സ) എപ്പോഴും ദയയുടെയും വിനയത്തിന്റെയും ഉന്നത ഗുണങ്ങൾ പ്രകടിപ്പിച്ചിരുന്നു.**

ഹദ്റത്ത് അബൂ ഹുറൈറ(റ)യിൽ നിവേദനം ചെയ്യുന്നു: ഒരാൾ തന്റെ അവകാശം ചോദിച്ച് തിരുനബി(സ)യുടെ അടുക്കൽ വരികയും വളരെ പരുക്കൻ സ്വരത്തിൽ സംസാരിക്കുകയും ചെയ്തു. ഇതുകണ്ട് സഹാബികൾക്ക് ദേഷ്യം വന്നു, എന്നാൽ തിരുനബി(സ) പറഞ്ഞു: 'അവനെ വിട്ടേക്കൂ—അവകാശം കിട്ടാനുള്ളവ

ന് തന്റെ അഭിപ്രായം പറയാൻ അവകാശമുണ്ട്. എന്ത് തന്നെയായാലും ഞാൻ അവന് കൊടുക്കേണ്ടത് കൊടുക്കണം; അത് പറയാൻ അവന് അവകാശമുണ്ട്.' എന്നിട്ട് നബി(സ) പറഞ്ഞു: 'അവന് ഒരു ഒട്ടകത്തെ വാങ്ങി നൽകുക.' കടം വാങ്ങാനാണ് അയാൾ വന്നത്, അതിനാൽ ഒരു ഒട്ടകത്തെ വാങ്ങി നൽകാൻ അവർക്ക് നിർദ്ദേശം നൽകി. സഹാബികൾ പറഞ്ഞു: 'അവൻ ചോദിച്ചതിന് തുല്യമായ വിലയുള്ള ഒട്ടകത്തെ ഞങ്ങൾക്ക് കണ്ടെത്താനായില്ല—കൂടുതൽ വിലയുള്ള ഒന്ന് മാത്രമേ ലഭ്യമായുള്ളൂ.' തിരുനബി(സ) മറുപടി നൽകി: 'എങ്കിൽ അത് വാങ്ങിക്കൊടുക്കുക, കാരണം **കടം വീട്ടുന്നതിൽ ഏറ്റവും മികച്ചവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ.'** *(മിഷ്ക്കാത്തുൽ മസാബീഹ്, കിതാബുൽ ബുയൂഅ്, ബാബുൽ ഇഫ്ളാസി വൻനളാർ, അൽഫസ്‌ലുൽ അവ്വൽ, ഹദീസ് 2906, വാല്യം 1, ദാറുൽ കുതുബ് അൽഇൽമിയ്യ, പേജ് 537)*

ഇന്ന് ഉണ്ടാകുന്ന പല തർക്കങ്ങളിലും, ആളുകൾ കടം വീട്ടേണ്ട തുക പോലും നൽകാൻ തയ്യാറാകുന്നില്ല, പകരം തർക്കിക്കുകയും ആ തുക കുറയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ നമ്മൾ ശരിക്കും മനസ്സിലാക്കുകയാണെങ്കിൽ, നമ്മുടെ തർക്കങ്ങളിൽ ഭൂരിഭാഗവും അവസാനിക്കും.

അതുപോലെ, **തിരുനബി(സ)യുടെ വിനയത്തിന്റെ മറ്റൊരു ഉദാഹരണം മക്കാ വിജയത്തിന്റെ സമയത്ത് കാണാൻ കഴിയുന്നു.** തിരുനബി(സ) മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) തന്റെ പിതാവിനെ തിരുനബി(സ)യുടെ മുന്നിൽ കൊണ്ടുവന്നു. അദ്ദേഹത്തെ കണ്ടപ്പോൾ തിരുനബി(സ) പറഞ്ഞു: 'അബൂബക്കർ, ഈ വൃദ്ധനായ മനുഷ്യനെ വീട്ടിൽ ഇരുത്താമായിരുന്നു—ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നേനെ.' ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ(സ), താങ്കൾ അദ്ദേഹത്തിന്റെ അടുത്തേക്ക് പോകുന്നതിനേക്കാൾ, അദ്ദേഹം താങ്കളുടെ അടുത്തേക്ക് വരുന്നതാണ് കൂടുതൽ ഉചിതം.' ഹദ്റത്ത് അബൂബക്കർ(റ) തന്റെ പിതാവിനെ തിരുനബി(സ)യുടെ മുന്നിൽ ഇരുത്തി. തിരുനബി(സ) അദ്ദേഹത്തിന്റെ നെഞ്ചിൽ കൈവെച്ച് പറഞ്ഞു: **'ഇസ്‌ലാം സ്വീകരിക്കൂ, നിങ്ങൾക്ക് സമാധാനം ലഭിക്കും.' അങ്ങനെ അബൂ ഖുഹാഫ ഇസ്‌ലാം സ്വീകരിച്ചു.** *(അൽഇസാബ ഫീ തമ്യീസ് അസ്സഹാബ, വാല്യം 4, ദാർ അൽകുതുബ് അൽഇൽമിയ്യ, 1995, പേജ് 375)*

അതുപോലെ, വീട്ടിലെ ലളിതമായ ജീവിതരീതിയെക്കുറിച്ച് ഹദ്റത്ത് ഹസൻ(റ)ൽ നിന്ന് നിവേദനം ചെയ്യപ്പെടുന്നു: തിരുനബി(സ)യുടെ വാതിലുകൾ എല്ലാവർക്കുമായി തുറന്നിട്ടിരുന്നു—അവിടുത്തെ വാതിലിൽ കാവൽക്കാരൻ നിന്നിരുന്നില്ല. വലിയ പാത്രങ്ങളിൽ രാവിലെയും വൈകുന്നേരവും വിഭവസമൃദ്ധമായ ഭക്ഷണം അവിടുത്തെ മുന്നിൽ വിളമ്പിയിരുന്നില്ല; മികച്ച ഭക്ഷണങ്ങളൊന്നും അവിടുത്തേക്ക് നൽകിയിരുന്നില്ല. തിരുനബി(സ)യെ കാണാൻ ആഗ്രഹിക്കുന്ന ആർക്കും അത് എളുപ്പത്തിൽ സാധ്യമായിരുന്നു. അവിടുന്ന് നിലത്തിരിക്കുകയും തന്റെ ഭക്ഷണം നിലത്ത് വെക്കുകയും ചെയ്തിരുന്നു. ലളിതമായ, പരുക്കൻ വസ്ത്രങ്ങൾ ധരിക്കുകയും, കഴുതപ്പുറത്ത് യാത്ര ചെയ്യുകയും ചെയ്തിരുന്നു. തന്റെ വാഹനത്തിൽ മറ്റുള്ളവരെ കൂടെ ഇരുത്തുമായിരുന്നു. ഭക്ഷണം കഴിച്ചശേഷം വിരലുകൾ നക്കി വൃത്തിയാക്കുമായിരുന്നു. *(അൽബൈഹഖി, അസ്സുനനുൽ കുബ്റ, വാല്യം 10, ഹദീസ് 20838, അൽറുഷ്ദ്, പേജ് 171)*

വിരലുകൾ നക്കി വൃത്തിയാക്കുന്ന വിഷയത്തിൽ, ബുഖാരിയിൽ ഒരു ഹദീസുണ്ട്. ഭക്ഷണം കഴിച്ചശേഷം കൈ കഴുകുന്നതിന് മുൻപ് വിരലുകൾ നക്കി വൃത്തിയാക്കണമെന്ന് തിരുനബി(സ) നിർദ്ദേശിച്ചിട്ടുണ്ട്. *(സ്വഹീഹ് ബുഖാരി, കിതാബുൽ അത്ഇമ, ബാബു ലഅ്ഖിൽ അസാബിഇ വ മസ്സിഹാ... ഹദീസ് 5456)*

ഈ രീതിയെക്കുറിച്ച്, ഹദ്റത്ത് സൈനുൽ ആബിദീൻ വലീഉല്ലാഹ് ഷാ സാഹിബ് (റ) ബുഖാരിയുടെ വ്യാഖ്യാനത്തിൽ ഒരു കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഹദ്റത്ത് സയ്യിദ് ഡോ. മിർ മുഹമ്മദ് ഇസ്മായിൽ സാഹിബ് (റ) ഇപ്രകാരം വ്യക്തമാക്കുന്നു: മനുഷ്യന്റെ വിരൽത്തുമ്പുകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഒരു പ്രത്യേക സ്പർശന ശക്തിയുണ്ടെന്നത് എല്ലാ ഭിഷഗ്വരന്മാരുടെയും അനുഭവത്തിലൂടെ തെളിയിക്കപ്പെട്ടതും വൈദ്യശാസ്ത്രരംഗത്തുള്ളവർ സമ്മതിക്കുന്നതുമായ കാര്യമാണ്. ഉദാഹരണത്തിന്, ഒരു തുണിയുടെ മൃദുത്വം പരിശോധിക്കണമെന്നുണ്ടെങ്കിൽ, ശരീരത്തിൽ മൊത്തം സ്പർശനശേഷി ഉണ്ടെങ്കിലും, വിരലുകളിലൂടെയല്ലാതെ അത് കൃത്യമായി മനസ്സിലാക്കാൻ കഴിയില്ല. കാലുകൊണ്ട് മൃദുത്വം പരിശോധിക്കാൻ ശ്രമിച്ചാൽ അത് പൂർണ്ണമായി വിജയിക്കില്ല. കൈകളിൽ മാത്രമല്ല, വിരലുകളിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒരു പ്രത്യേക വൈദ്യുത ഗുണമുണ്ട്. ഏകാഗ്രമായ ശ്രദ്ധയുടെ ഉപകരണമായ കണ്ണുമായി വിരലുകൾക്ക് പ്രത്യേക ബന്ധവുമുണ്ട്. **അതുകൊണ്ട് ഹിപ്പ്നോട്ടിസം ചെയ്യുന്നവർ ഹിപ്പ്നോട്ടിസം ചെയ്യപ്പെടുന്നവന്റെ വിരലുകളിലേക്ക് കണ്ണ് കൂടുതൽ പതിപ്പിക്കാറുണ്ട്, ഇപ്രകാരം ഹിപ്പ്നോട്ടിസം ചെയ്യപ്പെടുന്നവനു മേൽ വിരലുകൾ മുഖേന സ്വന്തം കണ്ണിന്റെ സ്വാധീനങ്ങൾ ചെലുത്താറുണ്ട്. മസ്മരിസം ചെയ്യുന്നവർ അവരുടെ കൈകളിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാറുണ്ട്. വേണ്ടത്ര രീതിയിൽ സ്വാധീനങ്ങൾ ചെലുത്താൻ സാധിക്കുകയും തങ്ങളുടെ ലക്ഷ്യത്തിൽ വിജയിക്കുകയും ചെയ്യുന്നു. ഇതേപോലെ കൈകൊണ്ട് നിർമ്മിക്കുന്ന ഔഷധങ്ങൾ കൂടുതൽ ഫലം നൽകുന്നതാണ്. ഇപ്പോൾ ഇന്നത്തെ കാലത്ത് എല്ലാ വസ്തുക്കളും മെഷീനുകൾ കൊണ്ടാണ് തയ്യാറാക്കപ്പെടുന്നത് എങ്കിലും പണ്ടൊക്കെ ഡോക്ടർമാരും വൈദ്യരും ഇതുതന്നെയാണ് പറയാറുണ്ടായിരുന്നത്.** അതുപോലെ, യന്ത്രങ്ങൾ ഉപയോഗിക്കാതെ കൈകൊണ്ട് തയ്യാറാക്കുന്ന മരുന്നുകൾ കൂടുതൽ ഗുണം നൽകുന്നു. നമ്മുടെ കാലത്ത് എല്ലാം യന്ത്രങ്ങൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്, എന്നാൽ അക്കാലത്ത് ഭിഷഗ്വരന്മാരും വൈദ്യന്മാരും ഈ വീക്ഷണം വെച്ചുപുലർത്തിയിരുന്നു—ഡോ. ഇസ്മായിൽ സാഹിബ് തന്നെ വളരെ ഉന്നത വിദ്യാഭ്യാസമുള്ള സർജനും ഭിഷഗ്വരനുമായിരുന്നു—യന്ത്രങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന മരുന്നുകളേക്കാൾ ഇത്തരത്തിലുള്ള രീതികൾക്ക് കൂടുതൽ ഗുണമുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇതേ തത്ത്വമനുസരിച്ച്, **ഒരാൾ വിരലുകൾ കൊണ്ട് ഭക്ഷണം കഴിക്കുമ്പോൾ, ഓരോ തവണയും കണ്ണുകൾ വിരൽത്തുമ്പുകളിലേക്ക് പതിക്കുന്നു. അതുകൊണ്ട്, ഭക്ഷണം കഴിച്ചശേഷം, കൈ കഴുകുന്നതിന് മുൻപ് വിരലുകൾ നക്കി വൃത്തിയാക്കുമ്പോൾ, വിരലുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കൊഴുപ്പ് നേരിട്ട് വയറ്റിലേക്ക് ചെല്ലുകയും, അത് വയറിന്റെ പ്രവർത്തനത്തെ—അതായത് ദഹനപ്രക്രിയയെ—ശക്തിപ്പെടുത്തുകയും ചെയ്യും. അങ്ങനെ ഭക്ഷണം കൂടുതൽ എളുപ്പത്തിൽ ദഹിക്കുന്നു. അക്കാലത്തെ ഭിഷഗ്വരന്മാരും വൈദ്യന്മാരും വെച്ചുപുലർത്തിയിരുന്ന വീക്ഷണമായിരുന്നു ഇത്; ഇന്നത്തെ ഡോക്ടർമാർ ഇതിനോട് യോജിക്കുന്നുണ്ടോ ഇല്ലയോ എന്നത് മറ്റൊരു കാര്യമാണ്. എന്തായാലും, ഭക്ഷണം കഴിച്ചശേഷം വിരലുകളിൽ അവശേഷിക്കുന്നത് നക്കി കഴിക്കുന്നതിൽ ഗുണമുണ്ടെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.**

ബുഖാരിയിലെ നിവേദനത്തിൽ ഇപ്രകാരം വായിക്കാം:

فَلَا يَمْسَحْ يَدَهُ حَتَّى يَلْعَقَهَا أَوْ يُلْعِقَهَا

'സ്വയം നക്കി വൃത്തിയാക്കുകയോ അല്ലെങ്കിൽ നക്കി വൃത്തിയാക്കുമാറാക്കുകയോ ചെയ്യുന്നതുവരെ തന്റെ കൈ തുടയ്ക്കരുത്.' ഭനക്കി വൃത്തിയാക്കുമാറാക്കുകഭ എന്ന പ്രയോഗത്തെക്കുറിച്ച് ചില വ്യാഖ്യാതാക്കൾ എഴുതിയത്, തന്റെ പരിചാരകനെയോ മകനെയോ അല്ലെങ്കിൽ വിരലുകൾ നക്കുന്നത് അറപ്പു തോന്നാത്ത ആരെയെങ്കിലുമോ കൊണ്ട് അത് ചെയ്യിക്കുക എന്നാണ്. എന്നാൽ ഭക്ഷണം കഴിച്ച ഒരാൾക്ക് അതിന്റെ ആവശ്യമില്ല—അയാൾക്ക് സ്വന്തം വിരലുകൾ വളരെ നന്നായി നക്കി വൃത്തിയാക്കാവുന്നതേയുള്ളൂ. വ്യാഖ്യാതാക്കൾ ചിലപ്പോൾ വളരെ വിദൂര നിഗമനങ്ങളിൽ എത്തിച്ചേരാറുണ്ട്. എന്തായാലും, ഇത്തരം വ്യാഖ്യാനം അനുചിതമാണ്, അത് മനുഷ്യന്റെ അന്തസ്സിന് വിരുദ്ധവുമാണ്—തന്റെ വിരലുകൾ നക്കാൻ മറ്റൊരാളോട് ആവശ്യപ്പെടുക എന്നത്. യുക്തിപൂർവ്വം ഇതിന് അർത്ഥം നൽകാവുന്നത്, ഒരാൾ ഭക്ഷണം കഴിച്ചശേഷം സ്വന്തം വിരലുകൾ സ്വയം നക്കി വൃത്തിയാക്കണം എന്നും, തന്റെ സംരക്ഷണത്തിലുള്ളവരോടും അവരുടെ വിരലുകൾ അതുപോലെ ചെയ്യാൻ നിർദ്ദേശിക്കണം എന്നുമാണ്—അങ്ങനെ അവർക്കും തിരുനബി(സ)യുടെ ഈ നിർദ്ദേശത്തിൽ അടങ്ങിയിരിക്കുന്ന വൈദ്യശാസ്ത്രപരമായ ഗുണങ്ങളും മറ്റ് ലക്ഷ്യങ്ങളും ലഭിക്കുമാറാകണം എന്നാണ് വിവക്ഷ. *(സ്വഹീഹ് ബുഖാരി, കിതാബുൽ അത്ഇമ, ബാബു ലഅ്ഖിൽ അസാബിഇ വ മസ്സിഹാ..., ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, ലണ്ടൻ)*

**പള്ളി വൃത്തിയാക്കുന്നതും പൊടി തട്ടുന്നതുമായ ജോലികൾ പോലും തിരുനബി(സ) ഒരിക്കലും താഴ്ന്നതായി കരുതിയിരുന്നില്ല.** ഹദ്റത്ത് യഅ്ഖൂബ് ബിൻ സെയ്ദിൽ നിന്ന് നിവേദനം: തിരുനബി(സ) ഒരു വടി ഉപയോഗിച്ച് പള്ളിയിൽ അടിഞ്ഞുകൂടിയ പൊടിയും അഴുക്കും നീക്കം ചെയ്യുമായിരുന്നു. അതായത്, ഒരു തുണിയോ അതുപോലെയുള്ള മറ്റെന്തെങ്കിലുമോ വടിയുടെ അറ്റത്ത് കെട്ടി അവിടുന്ന് പൊടി തട്ടാനും വൃത്തിയാക്കാനും ഉപയോഗിക്കുമായിരുന്നു എന്നാണ് ഇതിനർത്ഥം. *(ഇബ്നു അബീ ശൈബ, അൽമുസ്വന്നഫ്, വാല്യം 2, ഹദീസ് 4044, അൽഫാറൂഖ് അൽഹദീസിയ്യ ലിഅത്തിബാഅത്തി വന്നശ്ർ, 2008, പേജ് 321)*

ഹദ്റത്ത് അബൂ ഹുറൈറ(റ) വിവരിക്കുന്നു: ജിബ്രീൽ(അ) തിരുനബി(സ)യോടൊപ്പം ഇരിക്കുമ്പോൾ, തിരുനബി(സ) ആകാശത്തേക്ക് നോക്കുകയും ഒരു മലക്ക് ഇറങ്ങി വരുന്നത് കാണുകയും ചെയ്തു. ജിബ്രീൽ(അ) പറഞ്ഞു, 'ഇതുവരെ ഭൂമിയിലേക്ക് ഇറങ്ങാത്ത ഒരു മലക്കാണിത്.' ആ മലക്ക് ഇറങ്ങിവന്നപ്പോൾ പറഞ്ഞു, 'മുഹമ്മദ്(സ), താങ്കളുടെ നാഥൻ എന്നെ താങ്കളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു. അല്ലാഹു ചോദിക്കുന്നു, താങ്കളെ ഒരു രാജാവായ പ്രവാചകനാക്കണോ അതോ ഒരു ദാസനായ പ്രവാചകനാക്കണോ എന്ന്.' ജിബ്രീൽ(അ) പറഞ്ഞു, 'മുഹമ്മദ്(സ), താങ്കളുടെ നാഥന്റെ മുന്നിൽ വിനയം സ്വീകരിക്കുക.' അപ്പോൾ തിരുനബി(സ) പറഞ്ഞു, 'തീർച്ചയായും, ഒരു ദാസനായ പ്രവാചകനായി നിയോഗിക്കപ്പെടാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.' *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 3, മുസ്നദ് അബീ ഹുറൈറ, ഹദീസ് 7160, ആലം അൽകുതുബ്, 1998, പേജ് 13)*

തീർച്ചയായും, **ഇതായിരുന്നു തിരുനബി(സ)യുടെ യഥാർത്ഥ പ്രകൃതം.** ജിബ്രീൽ(അ) ഇത് പറഞ്ഞില്ലായിരു

ന്നുവെങ്കിൽ പോലും, തിരുനബി(സ) ഇതേ മറുപടി തന്നെ നൽകുമായിരുന്നു. അവിടുന്ന് എപ്പോഴും പഠിപ്പിച്ചതും തുടർന്നും നിർദ്ദേശിച്ചതും ഇതാണ്. അവിടുന്ന് തന്റെ അനുയായികളെയും പഠിപ്പിച്ചു: 'ഞാൻ പ്രവാചകനായി അയക്കപ്പെട്ട ഒരു മനുഷ്യൻ മാത്രമാണ്.' എന്നിരുന്നാലും, ഈ നിവേദനത്തിന്റെ സാരം ഇതാണ്: അങ്ങനെയൊരു സന്ദർഭം ഉണ്ടായപ്പോൾ, തിരുനബി (സ) വിനയത്തോടെ പ്രഖ്യാപിച്ചു—രാജാവിനെപ്പോലെയുള്ള പദവിയുള്ള പ്രവാചകനാകാൻ താൻ ആഗ്രഹിക്കുന്നില്ല; മറിച്ച്, **അല്ലാഹുവിന്റെ വിനീതനായ ദാസനായും, വിനീതനായ മനുഷ്യനായും, അവിടുത്തെ പ്രവാചകനായും തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ കലിമയിലും ഇതേ തത്ത്വം പരാമർശിച്ചിട്ടുണ്ട്.**

ഒരു യഥാർത്ഥ മുസ്‌ലിം എത്രത്തോളം വിനയം സ്വീകരിക്കണം? ഒരു റിപ്പോർട്ടിൽ ഹദ്‌റത്ത് ഇയാദ് ബിൻ ഹിമാർ വിവരിക്കുന്നു, തിരുനബി(സ) പറഞ്ഞു: 'തീർച്ചയായും, അല്ലാഹു എനിക്ക് വെളിപ്പെടുത്തിയിരിക്കുന്നു: ആരും മറ്റൊരാളെ അതിക്രമിക്കാത്ത രീതിയിലും, ആരും മറ്റൊരാളോട് അഹങ്കരിക്കാത്ത രീതിയിലും നിങ്ങൾ വിനയം സ്വീകരിക്കണം.' *(സുനൻ അബീ ദാവൂദ്, കിതാബുൽ അദബ്, ബാബു ഫീത്തവാളുഅ്, ഹദീസ് 4895)*

നമുക്ക് ഉപദേശം നൽകിക്കൊണ്ട്, തിരുനബി(സ)യുടെ യഥാർത്ഥ ദാസനായ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഒരുവൻ വിനയം സ്വീകരിക്കണം. വിനയം പഠിക്കുക എന്നത് പ്രയാസകരമായ കാര്യമല്ല. വാസ്തവത്തിൽ, അതിൽ എന്താണ് പഠിക്കാനുള്ളത്? മനുഷ്യൻ സ്വതേ വിനയമുള്ളവനാണ്, വിനയത്തിന് വേണ്ടിയാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

مَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ

അതായത്, 'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.'

അഹങ്കാരവും ഗർവ്വും എല്ലാം കൃത്രിമമായ കാര്യങ്ങളാണ്. ഒരാൾ ഈ കൃത്രിമത്വം നീക്കിക്കളയുകയാണെങ്കിൽ, വിനയം മാത്രം അവന്റെ പ്രകൃതത്തിൽ പ്രകടമാകും.' *(മൽഫൂസാത്ത്, 2022, വാല്യം 5, പേജ് 38)*

തിരുനബി(സ)യുടെ വിനയത്തിന്റെ പദവിയെക്കുറിച്ച് വിശദീകരിക്കുമ്പോഴും നമ്മെ ഉപദേശിക്കുമ്പോഴും ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

'അല്ലാഹു പരമകാരുണികനും ഔദാര്യവാനുമാണ്. അവൻ മനുഷ്യനെ എല്ലാവിധത്തിലും പരിപോഷിപ്പിക്കുകയും അവനോട് കരുണ കാണിക്കുകയും ചെയ്യുന്നു. ഈ കരുണയുടെ ഫലമായാണ് പാപപൂർണ്ണമായ ജീവിതത്തിൽ നിന്ന് ലോകത്തെ ജനങ്ങളെ രക്ഷിക്കാൻ അല്ലാഹു തന്റെ നിയുക്തരെയും പ്രവാചകന്മാരെയും അയക്കുന്നത്. എന്നാൽ അഹങ്കാരം വളരെ അപകടകരമായ ഒരു രോഗമാണ്. ആരിൽ അത് വളരുന്നുവോ അവർക്ക് അത് ആത്മീയ മരണമാണ്. ഈ രോഗം കൊലപാതകത്തേക്കാൾ മോശമാണെന്ന് എനിക്ക് ഉറപ്പാണ്. അഹങ്കാരി സാത്താന്റെ സഹോദരനായി മാറുന്നു, കാരണം സാത്താനെ അപമാനിതനും നശിപ്പിക്കപ്പെട്ടവനുമാക്കിയത് ഈ അഹങ്കാരം തന്നെയാണ്. അതുകൊണ്ടാണ് ഒരു വിശ്വാസിയിൽ അഹങ്കാരം ഉണ്ടാകരുത് എന്നത് നിർബന്ധമായിരിക്കുന്നത്; മറിച്ച്, അവനിൽ വിനയവും എളിമയും താഴ്മയും ഉണ്ടായിരിക്കണം. ഇതാണ് ദൈവത്തിന്റെ നിയുക്തരുടെ സവിശേഷമായ സ്വഭാവം. അവർക്ക് അങ്ങേയറ്റത്തെ വിനയവും എളിമയുമുണ്ട്. പ്രവാചകനായ മുഹമ്മദ്(സ) മറ്റാരെക്കാളും ഈ ഗുണം ഉൾക്കൊണ്ടിരുന്നു. അവിടുത്തെ ഒരു സേവകനോട്, തിരുനബി(സ) നിങ്ങളോട് എങ്ങനെയാണ് പെരുമാറിയതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി നൽകി: 'സത്യമെന്തെന്നാൽ, ഞാൻ അവിടുത്തെ സേവിച്ചതിനേക്കാൾ കൂടുതൽ അവിടുന്ന് എന്നെ സേവിച്ചിട്ടുണ്ട്.'

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰٓى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ

**'അല്ലാഹുവേ, മുഹമ്മദ്(സ)ന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും മേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കുകയും അദ്ദേഹത്തിന് സമൃദ്ധിയും സമാധാനവും നൽകുകയും ചെയ്യേണമേ.'**

ഇതാണ് ഏറ്റവും ഉയർന്ന ധാർമ്മികതയുടെയും എളിമയുടെയും നിലവാരം. കൂടാതെ, മറ്റുള്ളവരെ സേവിക്കുന്നവരിൽ ഭൂരിഭാഗവും അവരുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കുന്ന പ്രിയപ്പെട്ടവരാണ് എന്നതും സത്യമാണ്. അതിനാൽ, ഒരാളുടെ വിനയത്തിന്റെയും എളിമയുടെയും ക്ഷമയുടെയും സഹനത്തിന്റെയും നിലവാരം കാണണമെന്നുണ്ടെങ്കിൽ അത് അവരിൽ നിന്ന് ഏറ്റവും നന്നായി മനസ്സിലാക്കാം. ചില പുരുഷന്മാരും സ്ത്രീകളും എങ്ങനെയെന്നാൽ, സേവകന്റെ ചെറിയ തെറ്റിൽ—ഉദാഹരണത്തിന്, ചായ ഉണ്ടാക്കിയതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ—ഉടൻ തന്നെ അവർ സേവകനെ അസഭ്യം പറയുകയോ ചാട്ടവാർ കൊണ്ട് അടിക്കുകയോ ചെയ്യുന്നു; അല്ലെങ്കിൽ, സൂപ്പിൽ അല്പം ഉപ്പ് കൂടിയാൽ അത് ആ പാവപ്പെട്ട സേവകന് വലിയൊരു ദുരന്തമായി മാറുന്നു. മറ്റൊരവസരം പാവപ്പെട്ടവരുമായുള്ള അവരുടെ ഇടപെടലുകളാണ്. പാവപ്പെട്ടവർ പട്ടിണിയിലാണെന്നും ഉണങ്ങിയ റൊട്ടി കഴിച്ചാണ് ജീവിക്കുന്നതെന്നും അറിഞ്ഞിട്ടും അവർ അതിനെക്കുറിച്ച് ശ്രദ്ധിക്കുന്നില്ല. സഹായം തേടി വരുമ്പോൾ അവർ അവരെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. (ഒരു പാവപ്പെട്ടവൻ സമ്പന്നന്റെ അടുക്കൽ സഹായം തേടി വരുമ്പോൾ, ആ സമയത്ത് അവർ യഥാർത്ഥത്തിൽ ഒരു പരീക്ഷയ്ക്ക് വിധേയരാവുകയാണ്. ആ സമയത്ത് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതാണ് യഥാർത്ഥ ഭക്തി.) അല്ലാഹുവാണ് ഓരോ അണുവിന്റെയും സ്രഷ്ടാവ്; ആർക്കും അവനോട് മത്സരിക്കാനാവില്ല. പാവപ്പെട്ടവരോടുള്ള പെരുമാറ്റത്തിലൂടെ മാത്രമാണ് ഒരാൾ എത്രത്തോളം ദൈവഭയമുള്ളവനാണോ അതോ ദൈവഭയമില്ലാത്തവനാണോ എന്ന് അറിയാൻ കഴിയുന്നത്.' *(മൽഫൂസാത്ത്, 2022, വാല്യം 7, പേജ് 312,313)*

**ഒരാൾ എത്രത്തോളം ദൈവഭയമുള്ളവനാണ് എന്നത് തീരുമാനിക്കപ്പെടുന്നത് സമ്പന്നരോട് എങ്ങനെ പെരുമാറുന്നു എന്നതിലല്ല, മറിച്ച് പാവപ്പെട്ടവരോട് എങ്ങനെ പെരുമാറുന്നു എന്നതിലാണ്.**

തിരുനബി(സ)യുടെ അധ്യാപനങ്ങൾ പിന്തുടർന്നുകൊണ്ടും തിരുനബി(സ)യുടെ അനുഗൃഹീതമായ സുന്നത്തുകൾക്കനുസൃതമായി പ്രവർത്തിച്ചുകൊണ്ടും വിനയത്തിന്റെ പാതകൾ സ്വീകരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

നമസ്കാരത്തിനു ശേഷം, വെഹാരി സ്വദേശിയും പിന്നെ കറാച്ചിയിൽ താമസമാക്കുകയും ചെയ്ത മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകൻ മാലിക് ദാവൂദ് മഹ്മൂദ് സാഹിബ് ന്റെ ജനാസ ഗാഇബ് നമസ്കാരം നിർവഹിക്കുന്നതാണ്. അദ്ദേഹം അടുത്തിടെ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഒരു മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ പിതാമഹൻ മുഹമ്മദ് ദീൻ സാഹിബ് സിയാൽകോട്ട് ജില്ലയിലെ ബാർത്തൻവാല ഗ്രാമവാസിയായിരുന്നു. 1914ൽ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ)യുടെ കരങ്ങളിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു.

മാലിക് ദാവൂദ് സാഹിബിന് സദ്ർ ജമാഅത്ത്, സെക്രട്ടറി മാൽ എന്നീ നിലകളിലും മജ്‌ലിസ് അൻസാറുല്ലാഹിലും പ്രാദേശികമായി ജമാഅത്തിനെ സേവിക്കാൻ അവസരം ലഭിച്ചു.

മൂന്ന് പെൺമക്കളും നാല് ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ മക്കളിലൊരാളായ മുഹമ്മദ് അക്മൽ സാഹിബ് ഗാംബിയയിൽ ജമാഅത്തിന്റെ മുബല്ലിഗ് (മിഷനറി) ആയി സേവനമനുഷ്ഠിക്കുന്നു. സേവനരംഗത്ത് വ്യാപൃതനായതിനാൽ പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല.

മുബല്ലിഗ് ആയ മകൻ അക്മൽ സാഹിബ് എഴുതുന്നു:

'എന്റെ പിതാവ് വളരെ സദ്‌സ്വഭാവിയും സദാ പുഞ്ചിരി തൂകുന്ന ഊർജ്ജസ്വലനുമായ വ്യക്തിയായിരുന്നു. തബ്‌ലീഗിൽ അദ്ദേഹത്തിന് വലിയ ആവേശമായിരുന്നു. സിന്ധിലെ തന്റെ കൃഷിയിടങ്ങൾ സന്ദർശിക്കുമ്പോഴെല്ലാം, അദ്ദേഹം തബ്‌ലീഗിനുള്ള അവസരങ്ങൾ അന്വേഷിക്കുമായിരുന്നു. പാകിസ്ഥാനിൽ കർശനമായ നിയമം പാസാക്കപ്പെടുന്നത് വരെ, അദ്ദേഹം ലഘുലേഖകൾ കയ്യിൽ കരുതുകയും പതിവായി തബ്‌ലീഗ് നടത്തുകയും ചെയ്യുമായിരുന്നു. തൽഫലമായി, പലരെയും അദ്ദേഹം വലിയ തോതിൽ സ്വാധീനിച്ചു.

അദ്ദേഹം നല്ല ആതിഥ്യമര്യാദയുള്ള ആളായിരുന്നു. കേന്ദ്രത്തിൽ നിന്നുള്ള അതിഥികളോ മറ്റേതെങ്കിലും സന്ദർശകരോ വന്നാൽ, അദ്ദേഹം അവരെ വലിയ ആതിഥ്യമര്യാദയോടെ ബഹുമാനിക്കുമായിരുന്നു. ഒരു ഔദ്യോഗിക നമസ്കാര സെന്റർ നിർമ്മിക്കുന്നത് വരെ, അദ്ദേഹം തന്റെ വീട്ടിൽ ഒരു നമസ്കാര സെന്റർ സ്ഥാപിച്ചിരുന്നു, അവിടെ പതിവായി ജമാഅത്തായി നമസ്കാരം നടക്കുമായിരുന്നു. സുബ്ഹ് നമസ്കാരത്തിന് ശേഷം, അദ്ദേഹം നല്ല ഈണത്തിൽ ഉറക്കെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു.

മറ്റ് ജമാഅത്തുകളിൽ നിന്നുള്ള ആളുകളും ജുമുഅ നമസ്കരിക്കാൻ അദ്ദേഹത്തിന്റെ കേന്ദ്രത്തിൽ വരാറുണ്ടായിരുന്നു. അദ്ദേഹം പലപ്പോഴും പറയുമായിരുന്നു, തന്റെ കൃഷിയിടങ്ങളിൽ പോകുമ്പോഴെല്ലാം, തന്റെ ഭൂമിയുടെ ഓരോ മൂലയിലും അദ്ദേഹം നഫ്ല് നമസ്കാരം നിർവഹിക്കുമായിരുന്നുവെന്നും, ഇതുകാരണം അല്ലാഹു അദ്ദേഹത്തിന്റെ വിളകൾക്ക് അനുഗ്രഹം നൽകുകയും മറ്റുള്ളവരേക്കാൾ ഇരട്ടി വിളവ് ലഭിക്കുകയും ചെയ്യുമായിരുന്നു.

അതുപോലെ, അദ്ദേഹം തന്റെ ഗ്രാമത്തിൽ പണിത വീടിനെക്കുറിച്ച്, അത് ജമാഅത്തിന്റെ കേന്ദ്രമായി മാറാൻ ജമാഅത്തിന് സ്ഥിരമായി വിട്ടുനൽകണമെന്ന് അദ്ദേഹം തന്റെ മക്കളോട് പറഞ്ഞിരുന്നു. പിന്നീട്, അദ്ദേഹം അത് വഖ്ഫ് ചെയ്യുകയുമുണ്ടായി.

സേവനസന്നദ്ധത, ജമാഅത്തിനോടുള്ള സമ്പൂർണ്ണ അനുസരണം, ജുമുഅ ഖുത്ബ പതിവായി കേൾക്കുക എന്നിവയോടൊപ്പം ആതിഥ്യമര്യാദ അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ഗുണങ്ങളിലൊന്നായിരുന്നു. അല്ലാഹു അദ്ദേഹത്തോട് കരുണയോടെയും പൊറുമയോടെയും വർത്തിക്കുമാറാകട്ടെ.

AL-ISLAM
The Official Website of
the Ahmadiyya Muslim Community

# ഖുത്ബ ജുമുഅ

2026 മെയ് 29, 1405 ഹിജ്റത്ത് 29
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എളിമയും വിനയവും ജമാഅത്തിനോടുള്ള ഉപദേശങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തന്റെ നേതാവും മാർഗദർശിയുമായ ഹസ്രത്ത് മുഹമ്മദ് മുസ്തഫ (സല്ലല്ലാഹു അലൈഹി വസല്ലം) തിരുമേനിയുടെ അധ്യാപനങ്ങളും സുന്നത്തുകളും അനുസരിച്ച്, തിരുനബിയുടെ വിശ്വസ്ത ദാസന്റെ എളിമയെയും വിനയത്തെയും കുറിച്ചുള്ള സംഭവങ്ങളും, സ്വന്തം അനുയായികളോട് ഇതേ എളിമയും വിനയവും സ്വീകരിക്കാൻ ഉപദേശിക്കുന്നതിനെക്കുറിച്ചും ഞാൻ ഇന്ന് സംസാരിക്കുന്നതാണ്.

**ഹദ്റത്ത് മസീഹ് മൌഊദ് (അ) എളിമയുടെ ഉന്നതമായ നിലവാരം കണ്ട്, അല്ലാഹു തന്നെ അതിനുള്ള സാക്ഷ്യപത്രം ഇൽഹാമിലൂടെ നൽകി. 1907 മാർച്ച് 18ന് ഇപ്രകാരം ഇൽഹാം ഉണ്ടായി: 'നിന്റെ വിനയാന്വിത മാർഗങ്ങൾ അവന് (അല്ലാഹുവിന്) ഇഷ്ടപ്പെട്ടു.'** (Tadhkirah, 2023, p. 675)

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അലൈഹിസ്സലാം) ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു:

'ഈ വിനീതന്റെ എളിമ, വിനയം, അല്ലാഹുവിലുള്ള ഭരമേല്പിക്കൽ, ത്യാഗം, തെളിവുകൾ, ആത്മീയ ശോഭ എന്നിവയുടെ അടിസ്ഥാനത്തിൽ, മസീഹിന്റെ ആദ്യകാല ജീവിതത്തിന്റെ മാതൃകയാണെന്നും, ഈ വിനീതന്റെയും മസീഹിന്റെയും പ്രകൃതം തമ്മിൽ വലിയ സാമ്യമുണ്ടെന്നും എനിക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു രത്നത്തിന്റെ രണ്ട് കഷണങ്ങളോ, ഒരു മരത്തിന്റെ രണ്ട് പഴങ്ങളോ പോലെയാണത്. അത്രമേൽ തീവ്രമായ ഐക്യമാണത്; ജാഗ്രതാ ദർശനത്തിൽ (കശ്ഫിൽ) വളരെ നേർത്ത വ്യത്യാസം മാത്രമേയുള്ളൂ. ബാഹ്യമായും ഒരു സാമ്യമുണ്ട്; അതെന്തെന്നാൽ, മസീഹ് ഒരു പൂർണ്ണനും ഉന്നതനുമായ നബിയുടെ, അതായത് മൂസായുടെ അനുയായിയും ദീനിന്റെ സേവകനുമായിരുന്നു. അദ്ദേഹത്തിന്റെ ഇഞ്ചീൽ തൗറാത്തിന്റെ ശാഖയായിരുന്നു. **ഈ വിനീതനും, നബിമാരുടെയെല്ലാം നേതാവായ റസൂലുല്ലാഹി (സ) എന്ന ആ ഉന്നതനായ നബിയുടെ ഏറ്റവും വിനീത ദാസന്മാരിൽ പെട്ടവനാണ്.'**

(BarahineAhmadiyya, Part4, RuhaniKhazain, Vol. 1, pp. 593594 [subfootnoteno. 3])

ഒരിക്കൽ ഒരു വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ ഹാജരായി ഇപ്രകാരം ബോധിപ്പിച്ചു: അങ്ങ് തന്റെ അവസാന കാലത്ത് എഴുതിയ 'ഹഖീഖത്തുൽ വഹ്‌യ് എന്ന പുസ്തകം രചിക്കുന്നതിനും അതിന്റെ പ്രൂഫുകൾ ആവർത്തിച്ച് പരിശോധിക്കുന്നതിനും വളരെയധികം അധ്വാനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പലപ്പോഴും അങ്ങയുടെ ആരോഗ്യം ക്ഷയിക്കുന്നത്. ഇപ്പോൾ കുറച്ചുദിവസം പൂർണ്ണമായും വിശ്രമിക്കണമെന്നും എഴുത്തും വായനയും പൂർണ്ണമായും ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു.'

ഹുസൂർ(അ) അതിന് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: **'നമ്മുടെ അധ്വാനത്തിന് എന്ത് പ്രസക്തി? അല്ലാഹുവിന്റെ പാതയിൽ തങ്ങളുടെ ശിരസുകൾ പോലും സന്തോഷത്തോടെ സമർപ്പിച്ച സ്വഹാബികളുടെ(റ) ത്യാഗങ്ങളിലേക്ക് നോക്കുമ്പോൾ നമുക്ക് ലജ്ജ തോന്നുന്നു.'** (Malfuzat, 2022, Vol. 9, p. 182)

മറ്റൊരു സ്ഥലത്ത് അവിടുന്ന് പറയുന്നു:

'ബുദ്ധിശൂന്യരായ ആളുകൾ ഞാൻ എന്റെ പദവികളെ പരിധിവിട്ട് ഉയർത്തുന്നുവെന്ന് വിമർശിക്കുന്നു (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പദവി വെറുതെ ഉയർത്തിക്കാട്ടുകയാണ് എന്ന്.) **അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ പറയുന്നു, ഞാൻ ഏതെങ്കിലും തരത്തിലുള്ള പ്രശംസ ആഗ്രഹിക്കുന്നവനോ, എന്റെ മഹത്വം പ്രകടിപ്പിക്കുന്നതിൽ സന്തോഷിക്കുന്നവനോ അല്ല. ഞാൻ എപ്പോഴും എളിമയുടെയും അജ്ഞാത ജീവിതത്തിന്റെയും പാതയാണ് ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ അല്ലാഹു എന്നെ പുറത്തുകൊണ്ടുവരികയും, എന്നിലേക്ക് അവതരിപ്പിക്കപ്പെട്ട തന്റെ വചനങ്ങളിൽ എന്റെ മഹിമയും മഹത്വവും അവൻ തന്നെ വിവരിക്കുകയും ചെയ്തു എന്നത് എന്റെ അധികാരത്തിലോ കഴിവിലോ ഉള്ള കാര്യമല്ല.** (Malfuzat, 2022, Vol. 4, p. 114)

അവിടുന്ന് പറഞ്ഞു: ഈ എല്ലാ സ്തുകളും ഈ മഹത്വപ്പെടുത്തലുമെല്ലാം നബി (സ) തങ്ങൾക്കുള്ളതാണ്.'

നവമുസ്‌ലീങ്ങളെയും ഇസ്‌ലാമിന്റെ എളിമയും ലളിതജീവിതവും പഠിക്കാൻ അവിടുന്ന് ഉപദേശിക്കാറുണ്ടായിരുന്നു. 1903 ഒക്ടോബർ 22ന് മുഹമ്മദ് അബ്ദുൽ ഹഖ് എന്ന ഓസ്ട്രേലിയൻ നവമുസ്‌ലീം ഹദ്റത്ത് അഖ്ദസിന്റെ സവിധത്തിൽ ഹാജരായപ്പോൾ, സംഭാഷണത്തിനിടയിൽ ഹുസൂർ(അ) അദ്ദേഹത്തോട് പറഞ്ഞു: 'ഞങ്ങളുടെ തത്വങ്ങളിലൊന്ന് നാം ലളിതമായ ജീവിതം നയിക്കുന്നു എന്നതാണ്. ഇന്നത്തെ യൂറോപ്പ് ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാക്കി മാറ്റിയ ആഡംബരങ്ങളിൽ നിന്ന് ഞങ്ങളുടെ സദസ്സ് മുക്തമാണ്. **ആചാരങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും അടിമകളല്ല ഞങ്ങൾ. ഒരു കാര്യം ഒഴിവാക്കുന്നതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള പ്രയാസമോ പാപമോ സംഭവിക്കുമെന്ന് ഭയപ്പെടുന്ന കാര്യങ്ങളിൽ മാത്രമേ ഞങ്ങൾ ആചാരങ്ങൾ പാലിക്കാറുള്ളൂ.** പാപം സംഭവിക്കാതിരിക്കാനും ആർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും ശ്രദ്ധിക്കുന്നു. ഭക്ഷണത്തിലും പാനീയത്തിലും, ഇരിപ്പിലും നടപ്പിലും ഞങ്ങൾ ലളിതമായ ജീവിതമാണ് ഇഷ്ടപ്പെടുന്നത്.' (Malfuzat, 2022, Vol. 5, pp. 294 and 298299)

ഇത്തരം എളിമയുടെ ഉന്നത നിലവാരങ്ങൾ തന്റെ അനുയായികളിലും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഒരിടത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു:

**'വിനയം ശീലിക്കണം. വിനയം സ്വായത്തമാക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. അത് ശീലമാക്കാൻ എന്താണുള്ളത്? മനുഷ്യൻ തന്നെ നിസ്സാരനാണ്. അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് തന്നെ വിനയത്തിനു വേണ്ടിയാണ്.**

وما خلقت الجن و الانس الا ليعبدون

ഭജിന്നുകളെയും മനുഷ്യരെയും ഞാൻ എനിക്ക് ആരാധന ചെയ്യാൻ വേണ്ടി മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്ഭ (ഖുർആൻ). അഹങ്കാരം മുതലായ കാര്യങ്ങളെല്ലാം കൃത്രിമമായ കാര്യങ്ങളാണ്. ആ കൃത്രിമത്വം നീക്കം ചെയ്താൽ, അവന്റെ പ്രകൃതത്തിൽ എളിമ മാത്രമേ കാണാൻ കഴിയൂ. (Malfuzat, 2022, Vol. 5, p. 38) അതുകൊണ്ട്, അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള മാർഗ്ഗം ഇതാണ്.

എളിമ ശീലിക്കാൻ ഉപദേശിച്ചുകൊണ്ട് ഒരിടത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു:

**'തങ്ങളെത്തന്നെ ഏറ്റവും നിസ്സാരരും ചെറിയവരുമായി കരുതുകയും, ലജ്ജയോടെ സംസാരിക്കുകയും, ദരിദ്രരെയും അഗതികളെയും ബഹുമാനിക്കുകയും, താഴ്ന്നവ രോട് ആദരവോടെ പെരുമാറുകയും, ഒരിക്കലും ഉപദ്രവകരമായോ അഹങ്കാരത്താലോ പരിഹസിക്കാത്തവരും, തങ്ങളുടെ ഉദാരനായ രക്ഷിതാവിനെ ഓർമ്മിക്കുകയും, ഭൂമിയിൽ വിനയത്തോടെ നടക്കുകയും ചെയ്യുന്നവരും ഭാഗ്യവാന്മാർ!**

അതിനാൽ ഞാൻ ആവർത്തിച്ചു പറയുന്നു, ഇക്കൂട്ടർക്കാണ് മോക്ഷം തയ്യാറാക്കപ്പെട്ടിരിക്കുന്നത്. ഉപദ്രവം, അഹങ്കാരം, സ്വയം പ്രശംസ, ഗർവ്വ്, ഭൗതികതയിൽ മുഴുകൽ, അത്യാഗ്രഹം, ദുർവൃത്തി എന്നീ നരകങ്ങളിൽ നിന്ന് ഈ ലോകത്തുവെച്ച് രക്ഷപ്പെടാത്തവൻ, മരണാനന്തര ലോകത്തും ഒരിക്കലും രക്ഷപ്പെടില്ല.' അതായത്, ഈ ലോകത്ത് ചെയ്യുന്ന സൽപ്രവൃത്തികൾ മാത്രമാണ് അടുത്ത ലോകത്ത് ഉപകരിക്കുക.

അദ്ദേഹം തുടരുന്നു: 'ഈ സമൂഹത്തിന്റെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുന്ന വാക്കുകൾ ഞാൻ എവിടെ നിന്ന് കണ്ടെത്തും? എന്റെ അനുയായികളുടെ ഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുകയും, അവരിലെ വിഷാംശങ്ങളെ തന്റെ ഔഷധഗുണത്താൽ ഇല്ലാതാക്കുകയും ചെയ്യുന്ന വാക്കുകളും പ്രസംഗങ്ങളും എനിക്ക് നൽകേണമേ എന്ന് ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. **എന്റെ അനുയായികളിൽ ഭൂരിപക്ഷവും കളവ് പൂർണ്ണമായും ഉപേക്ഷിക്കുകയും, എല്ലാ തിന്മകളിൽ നിന്നും ഒഴിഞ്ഞു നിൽക്കുമെന്നും, എല്ലാ തിന്മകളുടെയും വേരായ അഹങ്കാരത്തിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കുമെന്നും, തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുമെന്നും അല്ലാഹുവുമായി സത്യപ്രതിജ്ഞ ചെയ്യുന്ന ഒരു**

**ദിവസം കാണാൻ എന്റെ ആത്മാവ് ദാഹിക്കുന്നു.'** (Shahadatul Quran, Ruhani Khazain, Vol. 6, p. 398)

ചിലർക്ക് മീറ്റിംഗുകളിലോ ജൽസ ദിവസങ്ങളിലോ, അല്ലെങ്കിൽ ഫംഗ്ഷനുകൾ നടക്കുമ്പോഴോ മുൻനിര കസേരകളിൽ ഇരിക്കാൻ ആഗ്രഹമുണ്ടാകാറുണ്ട്. ജൽസകളിലും മറ്റും പലപ്പോഴും ഗ്രീൻ ഏരിയയിലോ മറ്റോ മുൻനിരയിൽ ഇരിക്കാനും, ഖലീഫയുടെ പ്രസംഗം അടുത്തുകേൾക്കാനും ചിലർ പ്രത്യേകമായി ആഗ്രഹിക്കാറുണ്ട്. ഖലീഫയുടെ പ്രസംഗം കേൾക്കുക എന്നത് ശരിയാണെങ്കിലും, ചിലപ്പോൾ അതിൽ 'അഹംഭാവം'കൂടി കലരാറുണ്ട്. അത് ഉണ്ടാകാൻ പാടില്ലാത്തതാണ്. കാരണം ഇത് ക്രമീകരണങ്ങൾ നടത്തുന്നവർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എന്തായാലും, ഇത്തരം ആഗ്രഹം വെച്ചുപുലർത്തുന്നവരെ ഉപദേശിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു:

**ഒരാൾ എവിടെയെങ്കിലും പോകുമ്പോൾ തനിക്കായി ഏറ്റവും താഴ്ന്ന സ്ഥലം തിരഞ്ഞെടുക്കണം. അയാൾ മറ്റേതെങ്കിലും വലിയ സ്ഥാനത്തിന് അർഹനാണെങ്കിൽ, ആതിഥേയൻ സ്വയം വിളിച്ച് ആ സ്ഥാനം നൽകുകയും ബഹുമാനിക്കുകയും ചെയ്യും.** (Malfuzat, 2022, Vol. 5, p. 93)

ഇനി മുൻനിരയിൽ ഇരിക്കണമെന്നുണ്ടെങ്കിൽ അതിനൊരു വ്യവസ്ഥയുണ്ട്, അപേക്ഷ നൽകുക, ഞങ്ങൾ പരിശോധിക്കാം എന്ന് പറയാറുണ്ട്. എന്നാൽ ജൽസ നടത്തുന്നവർ ആ അപേക്ഷ പരിഗണിച്ചില്ലെങ്കിലോ അല്ലെങ്കിൽ ചില നിർബന്ധിത സാഹചര്യങ്ങളാൽ നിഷേധിക്കുകയോ ചെയ്താൽ, പരാതിയോ മനസ്സിൽ പരിഭവമോ കൂടാതെ ആ തീരുമാനത്തെ അംഗീകരിക്കുകയാണ് വേണ്ടത്.

**അല്ലാഹുവിന്റെ സ്നേഹം ലഭിക്കാനും എളിമ അനിവാര്യമാണ്.** ഇതുസംബന്ധിച്ച് അദ്ദേഹം പറയുന്നു:

ഈ രണ്ടു ഗുണങ്ങൾ തങ്ങളിൽ ഉണ്ടായിത്തീരുന്നതുവരെ അല്ലാഹുവിന്റെ സ്നേഹവും പ്രീതിയും ആരും നേടുകയില്ല. ആദ്യത്തേത് അഹങ്കാരത്തെ നശിപ്പിക്കുക എന്നതാണ്. തലയുയർത്തി നിൽക്കുന്ന ഒരു പർവ്വതം തകർന്ന് ഭൂമിയോട് ചേർന്ന് നിരപ്പായിത്തീരുന്നതുപോലെ, മനുഷ്യൻ തന്റെ എല്ലാ അഹങ്കാരവും ദുഷിച്ച ചിന്തകളും ദൂരേക്ക് കളയണം. എളിമയും വിനയവും ലാളിത്യവും സ്വീകരിക്കണം.

രണ്ടാമത്തേത്, അവന്റെ പഴയ ബന്ധങ്ങളെല്ലാം തകർക്കുക എന്നതാണ്. ഖുർആനിൽ **'മുതസദ്ദിഅൻ'** എന്ന വാക്ക് വന്നിട്ടുണ്ട്, അതായത് തകർന്ന് കഷ്ണങ്ങളാകുക, ഒരു ഇഷ്ടിക മറ്റൊന്നിൽ നിന്ന് വേർപെട്ടുപോകുക. അതുപോലെ, അല്ലാഹുവിന്റെ അപ്രീതിക്കും മലിനതയ്ക്കും കാരണമായ അവന്റെ പഴയ ബന്ധങ്ങളെല്ലാം മുറിച്ചുകളയണം.'

ഇതിന്റെ അർത്ഥം, **തിന്മകൾക്ക് കാരണമാകുന്ന ആ തെറ്റായ ബന്ധങ്ങൾ മുറിക്കണം എന്നാണ്. കുടുംബബന്ധങ്ങൾ മുഴുവൻ തകർക്കണം എന്നല്ല ഇതിനർത്ഥം.** നന്മയിലേക്ക് ചായുവാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അപ്പോൾ അവന്റെ കൂടിക്കാഴ്ചകളും സൗഹൃദങ്ങളും സ്നേഹവും വിരോധവുമെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമായിത്തീരുന്നു. ചെയ്യുന്ന ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതി ലഭിക്കാൻ വേണ്ടിയായിരിക്കണം. (Malfuzat, 2022, Vol. 2, p. 171)

ഒരു സ്ഥലത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു: 'അല്ലാഹുവിന്റെ പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം **'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ'** (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു) എന്ന വചനമാണ്. തങ്ങളുടെ രക്ഷിതാവിനോട് എളിമയോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവർക്ക്, ഒരുപക്ഷെ എളിമ സ്വീകരിക്കപ്പെട്ടേക്കാം, അല്ലാഹു തന്നെ അവരുടെ സഹായിയായി മാറുന്നു.'

ഇതുസംബന്ധിച്ച് അദ്ദേഹം ഒരു കഥ വിവരിക്കുന്നു: ഒരു ഭക്തൻ വളരെ അധികം പ്രാർത്ഥിക്കുന്നവനായിരുന്നു. 'അല്ലാഹുവേ, എനിക്ക് പാപങ്ങളിൽ നിന്ന് മോചനം നൽകേണമേ' എന്ന് അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അമിതമായ പ്രാർത്ഥനയ്ക്ക് ശേഷം അദ്ദേഹം ചിന്തിച്ചു, ഏറ്റവും വലിയ എളിമ എങ്ങനെയാണ് പ്രകടിപ്പിക്കുക? അങ്ങനെ ചിന്തിച്ചപ്പോൾ അദ്ദേഹത്തിനു തോന്നി, ഒരു നായയേക്കാൾ എളിമയുള്ളതായി മറ്റൊന്നുമില്ല എന്ന്. അതിനാൽ അവൻ നായയുടെ ശബ്ദത്തിൽ കരയാൻ തുടങ്ങി. ഇത് കേട്ട മറ്റൊരാൾ, പള്ളിയിൽ നായ കയറി വന്നിട്ടുണ്ടെന്നും തന്റെ പാത്രം അശുദ്ധമാക്കുമോ എന്നും ഭയന്നു. അയാൾ വന്ന് നോക്കിയപ്പോൾ കണ്ടത് ആ ആരാധകനെയാണ്, നായയെയല്ല. അവസാനം അയാൾ ചോദിച്ചു, 'ഇവിടെ ഒരു നായ കരയുന്ന ശബ്ദം കേട്ടല്ലോ, ആരായിരുന്നു അത്?' അപ്പോൾ ആ ആരാധകൻ പറഞ്ഞു, 'ഞാൻ തന്നെയാണ് ആ നായ.' വീണ്ടും അയാൾ ചോദിച്ചു, 'എന്തിനാണ് നിങ്ങൾ ഇങ്ങനെ കരയുന്നത്?' അദ്ദേഹം പറഞ്ഞു, 'അല്ലാഹുവിന് എളിമ വളരെ ഇഷ്ടമാണ്. അതുകൊണ്ട് അല്ലാഹു എന്റെ എളിമ സ്വീകരിക്കാൻ വേണ്ടി ഞാൻ ഇങ്ങനെ ചെയ്തതാണ്.' ഇതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത, അതിനനുസരിച്ചാണ് അദ്ദേഹം പ്രവർത്തിച്ചത്. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാൻ വേണ്ടി ഏറ്റവും താഴ്ന്നവനായി മാറണം എന്നതായിരുന്നു ലക്ഷ്യം.

ഇതുമായി ബന്ധപ്പെട്ട് ഒരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'മനുഷ്യൻ, ഒരു നിസ്സാര സൃഷ്ടിയാണെന്നിരിക്കെ, തന്റെ പ്രവൃത്തികളിലെ പിഴവുകൾ കാരണം തന്നെത്തന്നെ വലിയവനായി കാണാൻ തുടങ്ങുന്നു. ഈ 'ശാമത്തെ അഅ്മാൽ' (പ്രവൃത്തികളുടെ ദുഷ്ഫലം) കാരണമാണ് അവനിൽ അഹങ്കാരവും ഗർവ്വും ഉണ്ടാകുന്നത്. അല്ലാഹുവിന്റെ പാതയിൽ തന്നെത്തന്നെ ഏറ്റവും ചെറിയവനായി കാണാത്ത കാലത്തോളം മനുഷ്യന് രക്ഷപ്പെടാൻ കഴിയില്ല.' (Malfuzat, 2022, Vol. 5, p. 138)

തന്റെ ബൈഅത്തിൽ പ്രവേശിക്കുന്നവരോട് എളിമയുടെ ഉന്നത നിലവാരം പുലർത്താൻ ഉപദേശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

ബൈഅത്ത് എന്നതിന്റെ യഥാർത്ഥ അർത്ഥം തന്നെ സ്വയം വില്ക്കുക എന്നതാണ്. അതിന്റെ അനുഗ്രഹങ്ങളും സ്വാധീനങ്ങളും ഈ പ്രക്രിയയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ഒരു വിത്ത് പാകുന്നത് പോലെയാണത്. വിത്ത് മണ്ണിൽ നടുമ്പോൾ അതിന്റെ പ്രാഥമിക അവസ്ഥ ഇതാണ്: അത് കർഷകന്റെ കൈകളിൽ നിന്ന് പോയിക്കഴിഞ്ഞു, ഇനി എവിടെയാണ്, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അതിന് അറിയില്ല. അത് മണ്ണിൽ ആഴത്തിൽ മറവു ചെയ്യപ്പെട്ടു. എന്നാൽ ആ വിത്ത് ഉത്തമമാണെങ്കിൽ, അതിൽ വളർച്ചയ്ക്കുള്ള കഴിവുണ്ടെങ്കിൽ, ദൈവാനുഗ്രഹത്താലും കർഷകന്റെ പരിശ്രമത്താലും അത് മണ്ണിൽ നിന്ന് മുളപൊട്ടുന്നു. ഒരു വിത്തിൽ നിന്ന് ആയിരം വിത്തുകൾ ഉണ്ടാകുന്നു. അതുപോലെ, ബൈഅത്ത് ചെയ്യുന്നവൻ ആദ്യം എളിമയും വിനയവും സ്വീകരിക്കുകയും, സ്വന്തം അഹംഭാവത്തിൽ നിന്നും മോഹങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും വേണം. അപ്പോൾ മാത്രമേ അവൻ വളർച്ചയ്ക്ക് പാത്രമാവുകയുള്ളൂ. എന്നാൽ ബൈഅത്തിനോടൊപ്പം അഹംഭാവവും സൂക്ഷിക്കുന്നവന് ഒരു ഗുണവും ലഭിക്കുന്നതല്ല. എളിമയില്ലാതെ ബൈഅത്ത് കൊണ്ടും യാതൊരു പ്രയോജനവുമില്ല. (Malfuzat, 2022, Vol. 5, pp. 306–307)

അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എത്രത്തോളം സൗമ്യതയും വിനയവും താഴ്മയും സ്വീകരിക്കുന്നുവോ, അത്രത്തോളം അല്ലാഹു നിങ്ങളോട് പ്രീതനാകും. എളിമയോടെ അല്ലാഹുവിന്റെ പ്രീതി തേടുന്നവരോട് അല്ലാഹു പ്രസാദിക്കുന്നു.' (Malfuzat, 2022, Vol. 9, p. 66)

എളിമ പുലർത്തുന്നത് കൊണ്ട് എന്ത് ലഭിക്കുന്നു, അഹങ്കാരം മനുഷ്യനെ എങ്ങോട്ട് നയിക്കുന്നു എന്നതിനെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്:

തുടക്കത്തിൽ ആദമും പാപം ചെയ്തിരുന്നു, പിശാചും പാപം ചെയ്തിരുന്നു. എന്നാൽ ആദമിൽ അഹങ്കാരമുണ്ടായിരുന്നില്ല, അതുകൊണ്ട് അദ്ദേഹം അല്ലാഹുവിന്റെ മുന്നിൽ തന്റെ പാപം ഏറ്റുപറഞ്ഞു, അദ്ദേഹത്തിന്റെ പാപം പൊറുക്കപ്പെടുകയും ചെയ്തു. ഇതിൽ നിന്നാണ് മനുഷ്യന് തൗബ (പശ്ചാത്താപം) വഴി പാപങ്ങൾ പൊറുക്കപ്പെടും എന്ന പ്രതീക്ഷയുണ്ടാകുന്നത്. അല്ലാഹു ആദമിന് മാപ്പ് നൽകിയതുപോലെ, മനുഷ്യനും എളിമ കാണിക്കുകയും പശ്ചാത്തപിക്കുകയും ചെയ്താൽ അല്ലാഹു പൊറുത്തുതരുമെന്ന് പ്രതീക്ഷിക്കാം. എന്നാൽ പിശാച് അഹങ്കരിക്കുകയാണ് ചെയ്തത്, അതിനാൽ അവൻ ശപിക്കപ്പെട്ടവനായി. അല്ലാഹുവിന്റെ ശാപം അവന് ലഭിച്ചു. അഹങ്കാരം എന്നത് മനുഷ്യന്റെ പ്രകൃതത്തിൽ ഉള്ളതല്ല. അഹങ്കാരിയായ മനുഷ്യൻ തന്നിൽ ഇല്ലാത്ത കാര്യങ്ങൾക്ക്, അതായത് അഹങ്കാരത്തിന്, അനാവശ്യമായി അവകാശവാദം ഉന്നയിക്കുന്നു. അഹങ്കരിക്കുക എന്നത് മനുഷ്യന്റെ പ്രകൃതമല്ല, എന്നിട്ടും പിശാചിനെപ്പോലെ അവൻ അനാവശ്യമായി അഹങ്കാരം കാണിക്കുന്നു **പ്രവാചകന്മാരിൽ പല കഴിവുകളുമുണ്ട്. അതിലൊന്നാണ് അഹം ഇല്ലാതാക്കൽ. അതായത് അഹംഭാവത്തെ പൂർണ്ണമായും അവസാനിപ്പിക്കുക. അവരിൽ അഹംഭാവം അവശേഷിക്കുന്നില്ല. അവർ തങ്ങളുടെ നഫ്സിൽ ഒരു മരണം സ്വീകരിക്കുന്നു. മഹത്വം അല്ലാഹുവിന് മാത്രമുള്ളതാണ്. അഹങ്കരിക്കാത്തവരും വിനയത്തോടെ പെരുമാറുന്നവരും ഒരിക്കലും നശിച്ചുപോകില്ല.'** (Malfuzat, 2022, Vol. 9, p. 173)

വിനയം സ്വീകരിക്കാൻ ഉപദേശിച്ചുകൊണ്ട് ഒരു സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞു:

'ജമാഅത്തിൽ ഇപ്പോഴും അല്പം പോലും തങ്ങൾക്ക് വിരുദ്ധമായത് കേൾക്കുമ്പോൾ ദേഷ്യം വരുന്ന ധാരാളം പേരുണ്ട്. എന്നാൽ, സൗമ്യതയും സഹനശീലവും സ്വഭാവത്തിൽ വളർത്താനായി ഇത്തരം എല്ലാ ദേഷ്യങ്ങളെയും അടിച്ചമർത്തേണ്ടത് വളരെ അനിവാര്യമാണ്. നിസ്സാരമായ ഒരു കാര്യത്തിൽ തർക്കം തുടങ്ങുമ്പോൾ പരസ്പരം തോൽപ്പിക്കാൻ ശ്രമിക്കുന്നത് കാണാം. താൻ വിജയിക്കണം എന്ന ചിന്തയാണവിടെ. അത്തരം സന്ദർഭങ്ങളിൽ അഹംഭാവം മൂലമുള്ള ദേഷ്യത്തിൽ നിന്ന് വിട്ടുനിൽക്കണം. കലഹങ്ങൾ ഒഴിവാക്കാൻ വേണ്ടി, ചെറിയ കാര്യങ്ങളിൽ പോലും അറിഞ്ഞുകൊണ്ട് എളിമ കാണിക്കുകയും സ്വയം താഴ്ന്നവനായി മാറുകയും വേണം. അപരനെ അപമാനിക്കാൻ ഒരിക്കലും ശ്രമിക്കരുത്. (Malfuzat, 2022, Vol. 6, p. 65, footnote)

(നമ്മൾ ജീവിതത്തിൽ പരിശോധിച്ചാൽ, ഇത്തരം വ്യാജ അന്തസ്സും അഹംഭാവവും സൂക്ഷിക്കുന്ന ഒട്ടേറെ ആളുകളെ കാണാം. അത് വഴക്കുകൾ വർദ്ധിപ്പിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ സാമീപ്യം ലഭിക്കണമെങ്കിൽ ഇതിൽ നിന്ന് മോചനം നേടണം. ചിലർ ദ്രോഹിക്കാൻ ശ്രമിക്കുകയും, തങ്ങൾക്കുണ്ടായ വഴക്കുകളെക്കുറിച്ച് തെറ്റായ രീതിയിൽ പരാതി പറയുകയും ചെയ്യാറുണ്ട്. അവനെ ഏതെങ്കിലും കേസിൽ കുടുക്കാൻ കഴിയുമോ എന്ന് അവർ ചിന്തിക്കുന്നു.)

വിനയം പുലർത്തുന്നവരുടെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ച് ഉദാഹരണം നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'മരണം എല്ലാവർക്കും വിധിക്കപ്പെട്ടതാണ്. ഒരുനാൾ ഈ ലോകം വിട്ടുപോകണം. ഒടുവിൽ എല്ലാവർക്കും സംഭവിക്കാൻ പോകുന്നതും ഇതുതന്നെയാണ്. എന്നാൽ ദാരിദ്ര്യത്തിലും വിനയത്തിലും എളിമയിലും മരിക്കുന്നവരെ സ്വീകരിക്കാനായി സ്വർഗ്ഗം മുന്നോട്ട് വരുന്നു. ഹദ്റത്ത് ഈസാ (അലൈഹിസ്സലാം) 'ലാസർ' എന്ന വ്യക്തിയെക്കുറിച്ച് പറഞ്ഞതുപോലെയാണിത്. (Malfuzat, 2022, Vol. 8, pp. 289-290)

ആരാണ് ലാസർ? ബൈബിളിലെ ലൂക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവം എഴുതിയിട്ടുണ്ട്. ഒരു ധനികൻ ഉണ്ടായിരുന്നു; അവൻ ആഡംബര വസ്ത്രങ്ങൾ ധരിച്ച് ദിവസവും ആഘോഷങ്ങളുമായി കഴിഞ്ഞു കൂടിയിരുന്നു. ലാസർ എന്നൊരു പാവപ്പെട്ടവൻ ഉണ്ടായിരുന്നു. അവൻ വ്രണങ്ങളും രോഗങ്ങളും ബാധിച്ച്, ആ ധനികന്റെ വീടിന്റെ വാതിൽക്കൽ കിടക്കുമായിരുന്നു. ആ ധനികന്റെ മേശയിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ കൊണ്ട് വയറു നിറയ്ക്കാനായിരുന്നു അവന്റെ ആഗ്രഹം. നായ്ക്കൾ വന്ന് അവന്റെ മുറിവുകൾ നക്കുന്നുണ്ടായിരുന്നു. ലാസർ എത്രത്തോളം അവശനായിരുന്നുവെന്നാൽ, ആ നായ്ക്കളെപ്പോലും തടയാൻ അവന് കഴിഞ്ഞില്ല. ബൈബിൾ പറയുന്നു, ആ പാവപ്പെട്ടവൻ മരിക്കുകയും മാലാഖമാർ അവനെ അബ്രഹാമിന്റെ മടിത്തട്ടിൽ എത്തിക്കുകയും ചെയ്തു. ആ ധനികനും മരിക്കുകയും അടക്കം ചെയ്യപ്പെടുകയും ചെയ്തു. അവൻ പരലോകത്ത് ശിക്ഷയിൽ അകപ്പെട്ട് തന്റെ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ അബ്രഹാമിനെയും അദ്ദേഹത്തിന്റെ മടിത്തട്ടിൽ ലാസറിനെയും കണ്ടു. അവൻ വിളിച്ചു പറഞ്ഞു: 'പിതാവേ അബ്രഹാമേ, എന്നോട് കരുണ കാണിക്കേണമേ. ലാസറിനെ അയച്ച് അവന്റെ വിരൽത്തുമ്പ് വെള്ളത്തിൽ മുക്കി എന്റെ നാവൊന്ന് നനയ്ക്കാൻ അനുവദിക്കേണമേ. ഞാൻ ഈ തീയിൽ കഷ്ടപ്പെടുന്നു.' അബ്രഹാം പറഞ്ഞു: 'മകനേ, നീ നിന്റെ ജീവിതത്തിൽ സുഖങ്ങൾ അനുഭവിച്ചു കഴിഞ്ഞു എന്ന് ഓർക്കുക. ലാസർ ദുരിതങ്ങളും അനുഭവിച്ചു. എന്നാൽ ഇപ്പോൾ അവൻ ഇവിടെ ആശ്വാസം കണ്ടെത്തുന്നു, നീ കഷ്ടപ്പെടുന്നു.' (Luke, 16:1925)

അഹങ്കാരികളുടെ അന്ത്യം ഇതാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഒരു ഉന്നതനോടും പെരുമാറുന്നതു പോലെ ഒരു പാവപ്പെട്ട വൃദ്ധയോടും വർത്തിക്കേണ്ടതാണ്. എല്ലാവിധ അഹങ്കാരത്തിൽ നിന്നും ഗർവ്വിലും നിന്നും സ്വയം രക്ഷപ്പെടാത്തവൻ അല്ലാഹുവിന്റെ സാമ്രാജ്യത്തിൽ ഒരിക്കലും പ്രവേശിക്കില്ല. (Malfuzat, 2022, Vol. 5, p. 138)

അദ്ദേഹം തുടർന്നു: 'അഹങ്കാരി അല്ലാഹുവിന്റെ സിംഹാസനത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ ഈ മ്ലേച്ഛമായ സ്വഭാവത്തിൽ നിന്ന് എപ്പോഴും അഭയം തേടുക. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ നിങ്ങളോടൊപ്പമുണ്ടെങ്കിൽ പോലും എപ്പോഴും വിനയം കാണിക്കുക. വിനയം കാണിക്കുന്നവനാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവൻ.' (Malfuzat, 2022, Vol. 10, p. 217)

വിനയത്തെയും എളിമയെയും കുറിച്ച് ഒരു സംഭവം വിവരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു:

'വിനയവും എളിമയും ഉത്തമമായ കാര്യമാണ്. ദരിദ്രനായിരുന്നിട്ടും അഹങ്കാരം കാണിക്കുന്നവന് ഒരിക്കലും ലക്ഷ്യത്തിൽ എത്താൻ കഴിയില്ല. അവൻ എളിമ ശീലിക്കുകയാണ് വേണ്ടത്. ജാലിനൂസ് (Galen) എന്ന (ഗ്രീക്ക്) വൈദ്യൻ ഒരു രാജാവിന്റെ കീഴിൽ സേവനമനുഷ്ഠിച്ചിരുന്നുവെന്ന് പറയപ്പെടുന്നു. രാജാവിന് ചിലഭക്ഷണം കഴിക്കുന്ന ശീലമുണ്ടായിരുന്നു, അത് അയാളുടെ ശരീരത്തെ കുഷ്ഠരോഗത്തിലേക്ക് നയിക്കുമെന്ന് ജാലീനൂസിന് ഉറപ്പായിരുന്നു. ഇക്കാലത്തും ജംഗ്ഫ്രൂട്ട് തിന്നരുതെന്ന് പറയുന്നില്ലെ. അങ്ങിനെയുള്ള വല്ലതും ആയിരിക്കാം. ജാലീനൂസ് രാജാവിനെ പല തവണ വിലക്കിയെങ്കിലും രാജാവ് അത് കേട്ടില്ല. ഇതിൽ മനംമടുത്ത് ജാലിനൂസ് രാജ കൊട്ടാരം ഉപേക്ഷിച്ച് തന്റെ നാട്ടിലേക്ക് തിരിച്ചുപോയി. കുറച്ചു കാലത്തിന് ശേഷം രാജാവിന്റെ ശരീരത്തിൽ കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമായി. ഒടുവിൽ ജാലീനൂസ് പറഞ്ഞതുതന്നെ സംഭവിച്ചു. അപ്പോൾ രാജാവ് തന്റെ തെറ്റ് മനസ്സിലാക്കി വിനയം സ്വീകരിച്ചു. തന്റെ മകനെ സിംഹാസനത്തിൽ ഇരുത്തിയിട്ട്, ഫക്കീറുകളെപ്പോലെ വസ്ത്രം ധരിച്ച് രാജാവ് ജാലീനൂസിനെ തേടി പോയി. ജാലീനൂസ് അയാളെ തിരിച്ചറിഞ്ഞു, രാജാവിന്റെ ആ എളിമ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. രാജാവ് തന്റെ തെറ്റ് മനസ്സിലാക്കി വന്നത് കണ്ടപ്പോൾ ജാലീനൂസ് അദ്ദേഹത്തിന്റെ ചികിത്സയിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രാജാവിന് രോഗശാന്തി ലഭിക്കുകയും ചെയ്തു. (Malfuzat, 2022, Vol. 9, pp. 177-178)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സദസ്സിൽ തന്റെ ഇൽഹാമിനെക്കുറിച്ച് സംസാരിക്കവേ നൽകിയ ഉപദേശത്തെക്കുറിച്ച് വിവരണങ്ങളിൽ ഇങ്ങനെ കാണാം: 'സുബ്ഹി നമസ്കാരത്തിന് അല്പം മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സദസ്സിൽ എത്തിച്ചേർന്നു. **'ഇന്നീ ഉഹാഫിളു കുല്ല മൻ ഫിദ്ദാർ ഇല്ലൽ ലദീന ഉലൂ വസ്തക്ബറു'** (വീട്ടിലുള്ള എല്ലാവരെയും ഞാൻ സംരക്ഷിക്കും; അഹങ്കരിക്കുകയും ഉന്നതന്മാരാണെന്ന് ഭാവിക്കുകയും ചെയ്തവരൊഴികെ) എന്ന വചനത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ഇതിൽ 'ഉലൂഅ്' (ഗർവ്), 'തകബ്ബുർ' (അഹങ്കാരം) എന്നത് കൊണ്ട് പദവിയെക്കുറിച്ചുള്ള അഹങ്കാരം മാത്രമല്ല അർത്ഥമാക്കുന്നത്. മറിച്ച്, അല്ലാഹുവിന്റെ മുന്നിൽ എളിമയോടെയും വിനയത്തോടെയും സ്വയം സമർപ്പിക്കാത്തവരും, അവന്റെ കൽപ്പനകൾ അനുസരിക്കാത്തവരുമായ ഏതൊരു വ്യക്തിയും ഇതിൽ ഉൾപ്പെടുന്നു; അവൻ ദരിദ്രനാണെങ്കിൽ പോലും. എളിമ കാണിക്കുന്നവൻ മാത്രമേ (ദൈവിക) വീട്ടിൽ പ്രവേശിക്കാൻ യോഗ്യനാകു.' (Malfuzat, 2022, Vol. 3, pp. 443-444)

പിന്നീട് അദ്ദേഹം ഒരു സന്ദർഭത്തിൽ പറഞ്ഞു: 'മനുഷ്യന് വിജയം ലഭിക്കുകയും പ്രയാസകരമായ അവസ്ഥകൾ ഇല്ലാതാവുകയും ചെയ്യുമ്പോൾ, ആ സമയത്തും എളിമ സ്വീകരിക്കുകയും അല്ലാഹുവിനെ ഓർമ്മിക്കുകയും ചെയ്യുന്നവനാണ് പൂർണ്ണൻ.' ഈ കാര്യങ്ങൾ അദ്ദേഹം തന്റെ അനുയായികളെ ഉപദേശിക്കുക മാത്രമല്ല, സ്വന്തം ജീവിതത്തിലൂടെ അത് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന് അദ്ദേഹത്തിന്റെ പ്രവർത്തികൾ ഇഷ്ടപ്പെട്ടു എന്നത് ഇതിന് തെളിവാണ്. (Malfuzat, 2022, Vol. 1, p. 417)

**ഈ കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ജമാഅത്തിന് കേവലം ഉപദേശിക്കുക മാത്രമല്ല ചെയ്തത്; മറിച്ച്, സ്വന്തം പ്രവൃത്തിയിലൂടെ അവ വ്യക്തമാക്കുകയും പ്രായോഗികമായി തെളിയിക്കുകയും ചെയ്തു. ഇതിന് ഒരു ഉദാഹരണം തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തി അല്ലാഹുവിനും ഇഷ്ടമായിത്തീർന്നു.**

ഏതായാലും, അദ്ദേഹത്തിന്റെ സ്വന്തം ജീവിതപ്രവൃത്തികളുമായി ബന്ധപ്പെട്ട ചില നിവേദനങ്ങളുണ്ട്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) വിവരിക്കുന്നു: മിർസാ സുൽത്താൻ അഹമ്മദ് പറഞ്ഞത്, 'എന്റെ ഉപ്പൂപ്പ, എന്റെ മൂത്താപ്പ മിർസാ ഗുലാം ഖാദിർ സാഹിബ് സദസ്സിൽ വരുമ്പോൾ അദ്ദേഹത്തിന് കസേര നൽകിയിരുന്നു. എന്നാൽ ഹദ്റത്ത് (മസീഹ് മൗഊദ്) സദസ്സിലെത്തിയാൽ, അദ്ദേഹം അവിടെയുണ്ടായിരുന്ന കസേരയിൽ ഇരിക്കാതെ, സാധാരണ ആളുകൾ ഇരിക്കുന്ന തറയിൽ (സഫിൽ) പോയി ഇരിക്കുമായിരുന്നു. അദ്ദേഹത്തോട് ഉപ്പൂപ്പ കസേരയിൽ ഇരിക്കാൻ പറഞ്ഞാൽ, 'ഞാൻ ഇവിടെ ഇരിക്കുന്നതാണ് എനിക്ക് നല്ലത്' എന്ന് പറഞ്ഞ് അദ്ദേഹം അത് നിരസിക്കും. ഒരിക്കലും ഉന്നതമായ സ്ഥാനത്തിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹം എപ്പോഴും സാധാരണക്കാരുടെ കൂടെയാണ് ഇരുന്നത്.' (SiratulMahdi, Vol. 1, Riwayat 192, pp. 199200)

**അദ്ദേഹം ഒരിക്കലും ഉയർന്ന സ്ഥാനത്ത് ഇരിക്കാൻ ഇഷ്ടപ്പെട്ടില്ലെന്ന് മാത്രമല്ല സാധാരണക്കാരുടെ കൂട്ടത്തിൽ ഇരിക്കുകയും ചെയ്തു.**

നേരത്തെ അദ്ദേഹം ഉപദേശിച്ചതുപോലെ, ആതിഥേയൻ വിളിച്ചിരുത്തുന്നതാണ് ഉചിതം എന്ന കാര്യം സ്വന്തം ജീവിതത്തിൽ അദ്ദേഹം പൂർണ്ണമായും പകർത്തിയിരുന്നു.

അതുപോലെ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) മറ്റൊരു സംഭവം വിവരിക്കുന്നു: ഖാസി അമീർ ഹുസൈൻ സാഹിബ് എന്നോട് പറഞ്ഞു, ഒരിക്കൽ ഞങ്ങൾ ഹദ്റത്ത് സാഹിബിനോട് ചോദിച്ചു, 'ഹുസൂർ, എല്ലാ പ്രവാചകന്മാരും ആടുകളെ മേയ്ച്ചിട്ടുണ്ടെന്ന് ഹദീസിൽ വന്നിട്ടുണ്ടല്ലോ, താങ്കളും എപ്പോഴെങ്കിലും ആടുകളെ മേയിച്ചിട്ടുണ്ടോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ, ഒരിക്കൽ ഞാൻ പുറത്ത് വയലിൽ പോയപ്പോൾ അവിടെ ഒരാൾ ആടുകളെ മേയിക്കുന്നതു കണ്ടു. അയാൾ പറഞ്ഞു, 'ഞാൻ അല്പം ഒരു ആവശ്യത്തിന് പോകുകയാണ്, എന്റെ ആടുകളെ ഒന്ന് നോക്കാമോ?' എന്നാൽ അയാൾ പോയി ഉടനെ വന്നില്ല, വൈകുന്നേരം വരെ എനിക്ക് ആടുകളെ മേയിക്കേണ്ടി വന്നു. **മസീഹ് മൗഊദ് ആ പ്രദേശത്തെ പ്രഭു കുടുംബത്തിൽ ജനിച്ച വ്യക്തിയായിരുന്നിട്ടും, അയാളുടെ ആടുകളെ വൈകുന്നേരം വരെ മേയിക്കാൻ അദ്ദേഹം ഒരു മടിയും കാണിച്ചില്ല.'** (SiratulMahdi, Vol. 1, Riwayat 108, p. 88)

ഇതുപോലെ, അദ്ദേഹത്തിന്റെ എളിമയെക്കുറിച്ച് 'അൽഫള്ൽ' ഓഫീസിലെ ജീവനക്കാരനായിരുന്ന ഹദ്റത്ത് ഖാജ അബ്ദുൽ റഹ്മാൻ സാഹിബ് വിവരിക്കുന്നു: 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം)ന്റെ വസതിയുടെ വാതിലിൽ കാവൽക്കാരനായി ജോലി ചെയ്തിട്ടുണ്ട്. സന്ദർശകർക്ക് സന്ദേശങ്ങൾ കൈമാറാനും മറ്റ് ആവശ്യങ്ങൾക്കും ഞാൻ അവിടെ ഇരിക്കാറുണ്ടായിരുന്നു. ആ സമയത്ത് ഞാൻ അദ്ദേഹത്തിന്റെ വസതിയുടെ അകത്തും പുറത്തുമായി ഏറെ സമയം ചെലവഴിച്ചിട്ടുണ്ട്. ഹുസൂർ(അ) എന്നോട് സംസാരിക്കുമ്പോൾ **'ജീ'** (അതെ/സാർ) എന്ന് ചേർക്കാതെ സംസാരിച്ചതായി ഞാൻ കേട്ടിട്ടില്ല. **എപ്പോഴും വളരെ മാന്യമായാണ് അദ്ദേഹം സംസാരിച്ചിരുന്നത്. അദ്ദേഹത്തിൽ അഹങ്കാരമോ ഗർവ്വമോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എപ്പോഴും സൗമ്യമായിട്ടാണ് സംസാരിച്ചിരുന്നത്. മുഖത്ത് എപ്പോഴും പുഞ്ചിരിയുണ്ടായിരുന്നു, മുഖം ചുളിച്ചതായി ഞാൻ കണ്ടിട്ടേയില്ല.** ആരോടെങ്കിലും അനാദരവോടെയോ (നീ എന്ന് വിളിച്ചോ) മോശമായോ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. എപ്പോഴും വളരെ മാന്യമായാണ് അദ്ദേഹം എല്ലാവരോടും പെരുമാറിയിരുന്നത്.' (Riwayat AshabeAhmad, Vol. 2, pp. 294295)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എഴുതുന്നു: ഡോ. മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നോട് പറ

ഞ്ഞത്, ' ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) വീട്ടുജോലികൾ ചെയ്യുന്നതിൽ ഒരിക്കലും മടി കാണിച്ചിരുന്നില്ല. കട്ടിലുകൾ സ്വയം ഇട്ടിരുന്നു, തറ തുടച്ചിരുന്നു, വീട് വൃത്തിയാക്കിയിരുന്നു. പെട്ടെന്ന് മഴ പെയ്യുമ്പോൾ കുട്ടികൾ കട്ടിലിൽ ഉറങ്ങുകയാണെങ്കിൽ, ഹദ്റത്ത് ഒരു വശത്തുനിന്നും മറ്റൊരാൾ മറുവശത്തുനിന്നും കട്ടിലുകൾ ഉയർത്തി ബരാന്തയിലേക്ക് മാറ്റാൻ സഹായിക്കുമായിരുന്നു. അക്കാലത്ത് എ.സിയും ഫാനുകളും ഇല്ലാത്തതുകൊണ്ട് ആളുകൾ പുറത്ത് മുറ്റത്താണ് കിടന്നിരുന്നത്. രാത്രിയിൽ മഴയോ കാറ്റോ വന്നാൽ കട്ടിലുകൾ ബരാന്തയിലേക്ക് മാറ്റേണ്ടി വരുമായിരുന്നു. ആ സമയത്ത് അദ്ദേഹം കുട്ടികളുടെ കട്ടിലുകൾ മാറ്റാൻ സഹായിക്കുമായിരുന്നു. ആ സമയത്ത് ആരെങ്കിലും കുട്ടികളെ കുലുക്കി വിളിക്കാൻ ശ്രമിച്ചാൽ അദ്ദേഹം അത് തടയുമായിരുന്നു. 'ഇങ്ങനെ പെട്ടെന്ന് ഞെട്ടിച്ച് വിളിക്കുന്നത് കുട്ടികൾക്ക് പേടിയുണ്ടാക്കും, പതുക്കെ വിളിച്ച് എഴുന്നേൽപ്പിക്കുക' എന്ന് അദ്ദേഹം ഉപദേശിക്കുമായിരുന്നു.' (SiratulMahdi, Vol. 1, Riwayat 559, p. 543)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) തന്നെ മറ്റൊരു സംഭവം വിവരിക്കുന്നു: മിർസാ സുൽത്താൻ അഹ്മദ് സാഹിബ് എന്നോട് പറഞ്ഞത്, അദ്ദേഹം മൗലവി റഹീം ബക്ശ് സാഹിബിൽ നിന്ന് കേട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) തന്റെ വീടിന്റെ പുറത്തുള്ള ഒരു മുറിയിലായിരുന്നു താമസിച്ചിരുന്നത്. അവിടെയാണ് അദ്ദേഹത്തിനുള്ള ഭക്ഷണം എത്തിച്ചിരുന്നത്. **വീട്ടിൽ എന്ത് ഭക്ഷണമാണോ ഉണ്ടാക്കുന്നത്, അത് അദ്ദേഹം പരാതിയില്ലാതെ കഴിക്കുമായിരുന്നു. ഒരിക്കലും അദ്ദേഹം ഭക്ഷണത്തെക്കുറിച്ച് ഒരു പരാതിയും പറഞ്ഞിരുന്നില്ല.'** (SiratulMahdi, Vol. 1, Riwayat 189, p. 199)

ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ് പറയുന്നു, തന്റെ പിതാവ്, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ), വീടിന്റെ മുകൾനിലയിൽ പുറത്തായിട്ടാണ് താമസിച്ചിരുന്നത്. വീടിന്റെ രണ്ടാം നിലയിൽ പുറത്തായി നിർമ്മിച്ച ഒരു മുറിയിലായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസിച്ചിരുന്നത്, അവിടേക്കാണ് അവിടുത്തേക്ക് ഭക്ഷണം എത്തിച്ചു നൽകിയിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പായിരിക്കുന്ന സമയങ്ങളിൽ പോലും അവിടേക്ക് ഭക്ഷണം അയക്കാറുണ്ടായിരുന്നു, അവിടുന്ന് അത് പാവപ്പെട്ടവർക്കിടയിൽ വിതരണം ചെയ്യുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭക്ഷണം അവിടേക്ക് കൊണ്ടുപോകുമായിരുന്നുവെന്നും, എന്ത് നൽകിയാലും ഒരു അഭിപ്രായമോ പരാതിയോ ഇല്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് കഴിക്കുമായിരുന്നുവെന്നും അദ്ദേഹം പറയുന്നു.

ജമാഅത്തിന്റെ ചരിത്രത്തിൽ വളരെ പ്രസിദ്ധമായ ഒരു സംഭവമുണ്ട്, അത് അദ്ദേഹത്തിന്റെ വാദത്തിന് മുമ്പുള്ള കാലത്താണ് നടന്നത്. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബ് ഡൽഹിയിൽ നിന്ന് പഠനം പൂർത്തിയാക്കി മൗലവിയും പണ്ഡിതനുമായി ബട്ടാലയിലേക്ക് തിരിച്ചെത്തിയപ്പോൾ പ്രദേശത്തൊട്ടാകെ അദ്ദേഹത്തിന്റെ പേര് പ്രസിദ്ധമായി. അക്കാലത്ത്, ഏതെങ്കിലും ഒരു കർമ്മശാസ്ത്ര പണ്ഡിതനെ (ഇമാമിനെ) പിന്തുടരുന്ന 'മുഖല്ലിദുകൾ' (ഉദാഹരണത്തിന് ഹനഫി, മാലികി തുടങ്ങിയവർ), ഒരു ഇമാമിനെയും പിന്തുടരാത്ത 'ഗൈർമുഖല്ലിദുകൾ'(അഹ്‌ലെ ഹദീസ് തുടങ്ങിയവർ) എന്നിവർക്കിടയിൽ സംവാദങ്ങൾ സാധാരണമായിരുന്നു. ബടാല നിവാസികൾ ഈ ബഹളങ്ങൾ കണ്ടപ്പോൾ, അവരുടെ ശ്രദ്ധ ഹദ്റത്ത് മസീഹ് മൗഊദ്(അ) ലേക്ക് തിരിഞ്ഞു. ഈ യുവ മൗലവിയെ നേരിടാൻ അദ്ദേഹത്തിന് മാത്രമേ കഴിയൂ എന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. പലതവണ നിർബന്ധിച്ചതിനൊടുവിലാണ് ഹുസൂർ(അ) സംവാദത്തിന് സമ്മതിച്ചത്. യഥാർത്ഥത്തിൽ അദ്ദേഹത്തിന് അത് ഇഷ്ടമായിരുന്നില്ല.

സംവാദത്തിന് ഇരുവിഭാഗത്തിന്റെയും അനുകൂലികൾ വലിയൊരു സംഘമായി ഒത്തുചേർന്നു. അന്ന് മുഖല്ലിദുകൾ തങ്ങളുടെ വിജയം മുൻകൂട്ടി ഉറപ്പിച്ചിരുന്നു. കാരണം ഒരു വലിയ പണ്ഡിതനെയാണ്, മസീഹ് മൗഊദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് (അ) നെയാണ് അവർ സംവാദത്തിനായി കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ കഴിവ് അവർക്കറിയാമായിരുന്നു. സംവാദ വേദിയിലെത്തിയപ്പോൾ, അദ്ദേഹം മൗലവി മുഹമ്മദ് ഹുസൈൻ ബടാൽവി സാഹിബിനോട് അവരുടെ ആശയങ്ങളും വിശ്വാസങ്ങളും വ്യക്തമാക്കാൻ ആവശ്യപ്പെട്ടു, അങ്ങനെ അവയെ ഖണ്ഡിക്കാൻ സാധിക്കുമെന്ന് കരുതി. മൗലവി മുഹമ്മദ് ഹുസൈൻ ബടാൽവി പറഞ്ഞു: 'എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഖുർആനാണ് പ്രധാനം, പിന്നെ ഹദീസും പ്രവാചക വചനങ്ങളുമാണ്, അതനുസരിച്ചായിരിക്കും തീരുമാനങ്ങൾ.'

ഈ അഭിപ്രായം കേട്ടപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'നിങ്ങളുടെ വിശ്വാസങ്ങളിൽ എതിർക്കാൻ തക്കതായ ഒന്നുമില്ല.' അദ്ദേഹത്തെ കൂടെക്കൂട്ടിയവർ കരുതിയത്, ഇത് തങ്ങളുടെ പരാജയമായി മാറുമെന്നാണ്. എന്നാൽ **ഹദ്റത്ത് മസീഹ് മൗഊദ്(അ), വിജയപരാജയങ്ങളെക്കുറിച്ചുള്ള അഹങ്കാരത്തിൽ നിന്നോ അപമാനത്തിൽ നിന്നോ മുക്തനായി, അതീവ വിനയത്തോടെയും എളിമയോടെയും അവിടെ നിന്ന് മടങ്ങി.**

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇങ്ങനെ രേഖപ്പെടുത്തി: '1868ലോ 1869ലോ ഉറുദുവിൽ ഒരു അത്ഭുതകരമായ വെളിപാട് (ഇൽഹാം) എനിക്കുണ്ടായി. അത് ഇവിടെ എഴുതുന്നത് ഉചിതമായിരിക്കും. ഇൽഹാം ഉണ്ടാകാനുള്ള കാരണമെന്തെന്നാൽ മൗലവി അബൂ സഈദ് മുഹമ്മദ് ഹുസൈൻ ബടാലവി സാഹിബ്, ഒരു കാലത്ത് എന്റെ സഹപാഠിയുമായിരുന്നു. അദ്ദേഹം മൗലവിയായി ബടാലയിൽ വന്നപ്പോൾ, അദ്ദേഹത്തിന്റെ ആശയങ്ങൾ നാട്ടുകാർക്ക് പ്രയാസകരമായി തോന്നി. അപ്പോൾ ഒരാൾ, ഏതെങ്കിലും വിഷയത്തിൽ മൗലവി സാഹിബുമായി സംവാദം നടത്താൻ എന്നെ നിർബന്ധിച്ചു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം ഞാൻ വൈകുന്നേരം ആ വ്യക്തിയോടൊപ്പം മൗലവി സാഹിബിന്റെ വസതിയിൽ ചെന്നു, അവിടെ വെച്ച് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പിതാവിനെയും പള്ളിയിൽ വെച്ച് കണ്ടു. മൗലവിയുടെ പ്രസംഗം കേട്ടപ്പോൾ, അതിൽ എതിർക്കാൻ തക്കതായ ഒന്നുമില്ലെന്ന് എനിക്ക് ബോധ്യപ്പെട്ടു. അതിനാൽ അല്ലാഹുവിനു വേണ്ടി ഞാൻ ആ സംവാദം ഒഴിവാക്കി.'

അദ്ദേഹം തുടർന്നു: 'അന്ന് രാത്രി അല്ലാഹു തന്റെ വെളിപാടിലൂടെ ഈ സംവാദം ഒഴിവാക്കിയതിനെക്കുറിച്ച് സൂചിപ്പിച്ചു പറഞ്ഞു: 'നിന്റെ ഈ പ്രവൃത്തിയിൽ നിന്റെ ദൈവം സംതൃപ്തനായിരിക്കുന്നു, അവൻ നിനക്ക് വലിയ അനുഗ്രഹം നൽകും; രാജാക്കന്മാർ പോലും നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടും.' പിന്നീട് കശ്ഫിൽ (ദൈവിക ദർശനത്തിൽ) കുതിരപ്പുറത്തേറിയ രാജാക്കന്മാരെ എനിക്ക് കാണിച്ചുതന്നു. അല്ലാഹുവിനും അവന്റെ ദൂതനും വേണ്ടി മാത്രം വിനയവും എളിമയും കാണിച്ചതുകൊണ്ട്, പ്രതിഫലമില്ലാതെ തന്നെ വിട്ടേക്കാൻ ആ മഹാകരുണാമയൻ ആഗ്രഹിച്ചില്ല.' (BarahineAhmadiyya, Part 4, Ruhani Khazain, Vol. 1, pp. 621622, [sub footnote no. 3]

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) തന്റെ 'ഹയാത്തെ അഹ്മദ്' എന്ന പുസ്തകത്തിൽ ഈ സംഭവം വിവരിക്കുകയും അതിൽ ഒരു കുറിപ്പ് എഴുതുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: 'സംവാദങ്ങളുടെ പൊതുവായ രീതിയെക്കുറിച്ചും സംവാദകരുടെ അവസ്ഥയെക്കുറിച്ചും ആളുകൾക്ക് നല്ല അറിവുണ്ട്. എതിരാളിയുടെ വാദത്തിൽ സത്യമുണ്ടെങ്കിൽ അത് സമ്മതിച്ചു കൊടുക്കുക എന്നത് പൊതുജനമധ്യത്തിൽ വളരെ പ്രയാസകരമാണ്. പണ്ഡിതന്മാരെ ഞാൻ അവഹേളിക്കുകയല്ല, എന്നാൽ പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം ജീവൻ കളയുന്നത് എളുപ്പമാണ്, പക്ഷേ സ്വന്തം തെറ്റ് സമ്മതിക്കുക എന്നത് പോയിട്ട്, എതിർപക്ഷത്തുള്ളവരുടെ ശരിയായ വാദം അംഗീകരിക്കുന്ന ശീലം പോലും അവർക്കില്ല. ഇന്നും അവസ്ഥ അതുതന്നെയാണ്.

എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) ആകട്ടെ അദ്ദേഹത്തിന്റെ അവരുടെ അവസ്ഥ തികച്ചും ആത്മാർത്ഥതയിലും അല്ലാഹുവിന്റെ പ്രീതിയിലും മുഴുകിയതാണ്. മുസ്‌ലിംകൾക്കിടയിൽ ആഭ്യന്തരമായ പോരാട്ടങ്ങളോ, തർക്കവിഷയങ്ങളിൽ സത്യം അന്വേഷിക്കാതെ വാദങ്ങൾക്കായി വാദിക്കുകയോ ചെയ്യുന്നത് അദ്ദേഹത്തിന് തീരെ ഇഷ്ടമായിരുന്നില്ല. ഒരു വ്യക്തിയുമായി സംവാദം നടത്താൻ പോകുമ്പോൾ, അദ്ദേഹത്തിന്റെ വീട്ടിൽ വരെ നേരിട്ട് ചെന്ന്, ഭയമോ സങ്കോചമോ കൂടാതെ സത്യം കേൾക്കുമ്പോൾ അത് അംഗീകരിക്കുക എന്നത് എത്ര വലിയ ധൈര്യമാണ്! ആളുകൾ എന്ത് വിചാരിക്കും, താൻ പിന്മാറിയെന്ന് കരുതുമോ, അല്ലെങ്കിൽ എതിരാളിയെ ഭയന്നതാണോ എന്ന് കരുതുമോ എന്നൊന്നും അദ്ദേഹം ചിന്തിച്ചില്ല. സത്യം തിരിച്ചറിഞ്ഞപ്പോൾ അത് അംഗീകരിച്ചു. പ്രവാചകന്മാരുടെയും അവരുടെ ഉത്തമ അനുയായികളുടെയും ജീവിതത്തിലല്ലാതെ ഇത്തരം ഒരു സംഭവം മറ്റെവിടെയും കാണാൻ കഴിയില്ല. ദീനിലുള്ള ആത്മാർത്ഥതയും സ്വന്തം അഹങ്കാരത്തെ ചവിട്ടിമെതിക്കാനുള്ള വലിയൊരു ചൈതന്യവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ലഭിക്കൂ. ഈ പ്രവൃത്തിയുടെ അംഗീകാരം അപ്പോൾ തന്നെ പ്രകടമായി; അല്ലാഹു തന്റെ വചനത്തിലൂടെ അദ്ദേഹത്തിന് ശുഭവാർത്ത നൽകുകയും 'റളിയല്ലാഹു അൻഹു' (അല്ലാഹു അദ്ദേഹത്തിൽ സംതൃപ്തനായിരിക്കുന്നു) എന്ന ഒരു സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

ലോകത്ത് മനുഷ്യൻ തന്റെ പ്രശസ്തി വർദ്ധിക്കാനും ആളുകൾ തന്നിലേക്ക് ആകർഷിക്കപ്പെടാനും ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹു ഈ പ്രവൃത്തിയുടെ ഫലമായി അരുളിയത്, 'രാജാക്കന്മാർ പോലും നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടും എന്നാണ്. ബറാഹീനെ അഹ്മദിയ്യയുടെ രചനയെക്കുറിച്ച് പോലും ചിന്തിക്കാത്ത, ഒരു വാദവും ഉയർത്താത്ത കാലത്തായിരുന്നു ഇത്. അന്ന് അദ്ദേഹം ലോകത്തോട് ഒരു ബന്ധവുമില്ലാത്ത ജീവിതമായിരുന്നു നയിച്ചിരുന്നത്. ജോലി ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു. ഭാവി ജീവിതത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചില്ലായിരിക്കാം, എന്നാൽ ഇദ്ദേഹം എന്ത് ചെയ്യും എന്നതിനെക്കുറിച്ച് വീട്ടുകാർക്ക് തീർച്ചയായും ആശങ്കയുണ്ടാകും. ഒന്നുമില്ലാതിരുന്ന അവസ്ഥയിൽ രാജാക്കന്മാർ പോലും ബർക്കത്ത് (അനുഗ്രഹം) തേടുമായിരുന്നു എന്ന് ഇൽഹാം ഉണ്ടാകുന്നു. അദ്ദേഹത്തന്റെ പിതാവ് അപ്പോൾ ജീവിച്ചിരിപ്പുണ്ട്. ചുരുക്കത്തിൽ, ജീവിതത്തിന്റെ ആ ഘട്ടത്തിലാണ് ഒരു സാധാരണക്കാരന് വലിയ പ്രതീക്ഷകളുണ്ടാകും. പ്രായത്തിന്റെ ഈ ഘട്ടത്തിൽ എല്ലാ വിധ ചിന്തകളും, ആത്മബോധവും, സ്വയം പ്രകടിപ്പിക്കാനുള്ള ആഗ്രഹ

വും അതിന്റെ പാരമ്യത്തിലായിരിക്കും. സ്വന്തം വാദങ്ങളിൽ ഉറച്ചുനിൽക്കുന്ന പ്രവണതയും വാശിയും ഈ സാഹചര്യങ്ങളിലെല്ലാം ഉണ്ടാകും. അങ്ങനെയുള്ള അവസ്ഥയിൽ, പ്രശസ്തനായ ഒരു മൗലവിയുമായി സംവാദത്തിന് പോയിട്ട്, അദ്ദേഹത്തിന്റെ വാദം ശരിയാണെന്ന് കണ്ടപ്പോൾ അത് അംഗീകരിക്കുക എന്നത് ചെറിയ കാര്യമല്ല. ആളുകൾ എന്ത് പറയും, അല്ലെങ്കിൽ തനിക്കെതിരെ വലിയൊരു വിമർശന പ്രവാഹം ഉണ്ടായേക്കാം എന്നൊന്നും അദ്ദേഹം ചിന്തച്ചില്ല.

'അതുകൊണ്ട് ചിന്തിക്കുക, ഹനഫികളും ഗൈർമുഖല്ലിദുകളും (ഇമാമുമാരെ അംഗീകരിക്കാത്തവർ) തമ്മിൽ രൂക്ഷമായ തർക്കങ്ങൾ നടന്നിരുന്ന ആ കാലഘട്ടത്തിൽ, ഒരു അഹ്ലെ ഹദീസ് പണ്ഡിതനെ പിന്തുണയ്ക്കുക എന്നത് വലിയ വിപത്തുകൾ ക്ഷണിച്ചുവരുത്തുന്നതിന് തുല്യമായിരുന്നു. എന്നിട്ടും, മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനെ സംവാദത്തിനായി വിളിച്ചിരുന്നിട്ടും, ഹസ്രത്ത് മിർസാ സാഹിബ് അദ്ദേഹത്തെ പിന്തുണയ്ക്കുകയാണുണ്ടായത്. മൗലവി അബൂ സഈദ് സാഹിബിന്റെ അറിവോ സ്വാധീനമോ ആണ് അവിടെ അദ്ദേഹത്തെ നിശബ്ദനാക്കിയതെന്ന് കരുതുന്നത് വെറും വിഡ്ഢിത്തമായിരിക്കും. അങ്ങനെയൊരു സംശയം അർത്ഥവത്താണെന്ന് കരുതാമായിരുന്നു, എന്നാൽ പിൽക്കാലത്ത് നടന്ന സംഭവങ്ങൾ മൗലവി മുഹമ്മദ് ഹുസൈൻ സാഹിബുമായി നേരിട്ടും എഴുത്തുകുത്തുകളിലൂടെയും നടന്ന സംവാദങ്ങൾ നടന്നില്ലായിരുന്നെങ്കിൽ, കൂടാതെ മുഹമ്മദ് നബി(സ) യുടെ ഈ യോദ്ധാവ് ആ അപകടകരമായ മത്സരത്തിന് ഇറങ്ങിയിരുന്നില്ലായിരുന്നെങ്കിൽ ഈ ആക്ഷേപം സത്യമാണെന്ന് കരുതാമായിരുന്നു.

അന്നേരം അദ്ദേഹം (മിർസാ സാഹിബ്) അദ്ദേഹത്തിന്റെ സ്വാധീനത്തിലായിപ്പോയി എന്ന് കരുതാനാവില്ല, കാരണം മൗലവി മുഹമ്മദ് ഹുസൈൻ സാഹിബിനെ പലതവണ വെല്ലുവിളിക്കുകയും, അദ്ദേഹത്തെ ക്ഷണിക്കുകയും, അദ്ദേഹം ചെയ്യുന്നതിലെ ശരിതെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ, ഒരൊറ്റ നിമിഷത്തേക്ക് പോലും അദ്ദേഹത്തിന്റെ പണ്ഡിത്യമോ സ്വാധീനമോ താൻ ഭയന്നിട്ടില്ലെന്ന് അദ്ദേഹം എഴുതിയിട്ടുമുണ്ട്. ഇതൊക്കെ ചരിത്രപരമായ വസ്തുതകളാണ്, ആർക്കും ഇതിനെ നിഷേധിക്കാനാവില്ല. അതുകൊണ്ട്, ഇങ്ങനെയൊരു സാഹചര്യത്തിൽ അത്തരമൊരു ആശയം വച്ചുപുലർത്തുന്നത് അറിവില്ലായ്മയാണ്. (HayateAhmad, Vol. 1, pp. 291291)

**ഇതിന്റെ പിന്നിൽ ഒരേയൊരു കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ, അതാണ് മതത്തിലുള്ള ആത്മാർത്ഥത. മതകാര്യങ്ങളിലുള്ള ആത്മാർത്ഥത കാരണമാണ് അദ്ദേഹം അന്ന് അത് അംഗീകരിച്ചത്.** മൗലവി മുഹമ്മദ് ഹുസൈൻ ബടാലവിയെ ഭയന്നിട്ടല്ല അദ്ദേഹം അത് ചെയ്തത്; കാരണം പിൽക്കാലത്ത് അദ്ദേഹത്തെ പലതവണ വെല്ലുവിളിക്കുകയും, സംവാദത്തിന് ക്ഷണിക്കുകയും, നേർവഴിയിലേക്ക് വരാൻ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.'

മൗലവി മുഹമ്മദ് ഹുസൈൻ ബടാലവിക്ക് അയച്ച കത്തിൽ, തന്റെ സന്ദേശം അദ്ദേഹത്തിന് എത്തിക്കുകയുണ്ടായി. അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ഔന്നത്യപദവിയിലായിരുന്നിട്ടും, അദ്ദേഹം അതീവ വിനയത്തോടെയും എളിമയോടെയുമാണ് കത്തിൽ എഴുതുന്നത്. അദ്ദേഹം എഴുതുന്നു:

**'ബഹുമാനപ്പെട്ട എന്റെ സഹോദരൻ മൗലവി സാഹിബ്, സല്ലമഹുല്ലാഹു തആല.** അസ്സലാമു അലൈക്കും. താങ്കളുടെ കത്ത് ലഭിച്ചു. ഈ വിനീതനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായ ഒരു അവസ്ഥയാണിത്. എന്റെ ആരോഗ്യം പലപ്പോഴും പെട്ടെന്ന് വഷളാകുകയും മരണം മുന്നിൽ കാണുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. രാപ്പകലില്ലാതെ ഞാൻ രോഗാവസ്ഥയിലാണ്. ഞാൻ കൂടുതൽ സംസാരിച്ചാൽ രോഗം മൂർച്ഛിക്കുന്നു, കൂടുതൽ ചിന്തിച്ചാലും അതുതന്നെ സംഭവിക്കുന്നു. താങ്കളുടെ അവസാന കത്ത് കണ്ടപ്പോൾ മൗലവി അബ്ദുൽ ജബ്ബാർ സാഹിബിന്റെ കൂടി പങ്കാളിത്തത്തോടെയാണ് അത് എഴുതിയതെന്ന് തോന്നുന്നു. അതുകൊണ്ടാണ് ഇപ്രകാരം മറുപടി എഴുതുന്നത്. എന്റെ രോഗം കാരണം ഞാൻ അങ്ങേയറ്റം നിസ്സഹായനാണ്. എഴുത്തിലൂടെയോ പ്രസംഗങ്ങളിലൂടെയോ സംവാദങ്ങൾ തുടങ്ങാനുള്ള ശക്തി എനിക്കില്ല. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താലാണ് താങ്കൾ പരാമർശിച്ച മൂന്ന് പുസ്തകങ്ങൾ (ഫത്ഹുൽ ഇസ്‌ലാം, തൗദീഹുൽ മറാം, ഇസാലത്തുൽ ഔഹാം) എഴുതാൻ സാധിച്ചത്. അത് പോലും ഞാൻ പറഞ്ഞുകൊടുക്കുമ്പോൾ മറ്റൊരാൾ എഴുതുകയായിരുന്നു. എന്റെ കൈകൊണ്ട് തന്നെ എഴുതാൻ വളരെ കുറച്ചു മാത്രമേ സാധിച്ചിട്ടുള്ളൂ. ഉള്ളടക്കം മനോഹരമായി ക്രമീകരിക്കാൻ പോലും എനിക്ക് കഴിയുന്നുണ്ടായിരുന്നില്ല. ഹദീസുകളിൽ താങ്കൾക്ക് വലിയ അറിവാണുള്ളത്, താങ്കൾ വലിയൊരു പണ്ഡിതനാണ്. ഈ എളിയവനാകട്ടെ, ഒരു 'ഉമ്മി' (അക്ഷരജ്ഞാനമില്ലാത്തവൻ) ആയ സാധാരണക്കാരനാണ്. എനിക്ക് പറയത്തക്ക ആരാധനകളോ അറിവോ യോഗ്യതയോ ഒന്നുമില്ല. (വളരെ വിനയത്തോടെ എഴുതുന്നു.) അള്ളാഹുവിങ്കൽ നിന്നുള്ള ഒരു കല്പനയായിരുന്നു അത്, സുദൃഢമായിരുന്ന കല്പനയായിരുന്നു. ഈ വിനീതൻ അത് എത്തിച്ചിരിക്കുന്നു. അംഗീകരിക്കുകയോ നിരാകരിക്കുയോ ചെയ്യാം. അത് താങ്കൾക്ക് തീരുമാനിക്കാം.' (MaktubateAhmad, Vol. 1, Letter no. 10, pp. 319320)

വളരെ വിനയത്തോടെ അദ്ദേഹത്തിന് തബ്‌ലീഗ് ചെയ്തു.

ഹദ്റത്ത് മുൻശി അഹമ്മദ് ജാൻ സാഹിബിന് അയച്ച കത്തിലും അദ്ദേഹത്തിന്റെ വിനയം പ്രകടമാണ്. അദ്ദേഹം എഴുതുന്നു:

'താങ്കളുടെ കത്ത് ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പറയാൻ വാക്കുകളില്ല. ഈ നിസ്സാരനായ ദാസന് (അഹ്ഖറുൽ ഇബാദ്) ഇത്രയും ആത്മാർത്ഥമായ സൗഹൃദങ്ങൾ അല്ലാഹു നൽകി. താങ്കളെപ്പോലെയുള്ളവരുടെ സാന്നിധ്യം ഈ നിസ്സാരനായ എന്നെ സംബന്ധിച്ചിടത്തോളം അഭിമാനത്തിനും ആദരവിനും കാരണമാണ്.' ദൈവം നിങ്ങളെ സന്തോഷവാനും സന്തുഷ്ടനുമായി നിലനിർത്തട്ടെ, നിങ്ങളുടെ ഹൃദയംഗമമായ ഈ ശ്രദ്ധയ്ക്ക് പ്രതിഫലം നൽകട്ടെ. ഈ ദാസൻ തികച്ചും നിസ്സാരനും അപ്രധാനവുമാണ്. പരമകാരുണികനായ ദൈവത്തിന്റെ അളവറ്റ ഔദാര്യവും അനുഗ്രഹവുമാണ് ഈ അയോഗ്യനായ വ്യക്തിയുടെ മേൽ അർഹതയൊന്നുമില്ലാതെ തന്നെ അനുഗ്രഹങ്ങളുടെ മഴയായി പെയ്യുന്നത്. അവൻ നിരന്തരം അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. എന്റെ വീഴ്ചകൾ കണ്ടിട്ടും അവൻ വീണ്ടും വീണ്ടും ഉപകാരങ്ങൾ ചെയ്യുന്നു. എന്റെ അക്രമങ്ങൾ അറിഞ്ഞിട്ടും അവൻ പ്രതിഫലങ്ങൾ നൽകുന്നു. വാസ്തവത്തിൽ അവിടുന്ന് അതിരറ്റ കരുണാമയനാണ്. അവിടുത്തെ സ്തുതിക്കാൻ എനിക്ക് എവിടെ നിന്നാണ് വാക്കുകൾ ലഭിക്കുക? ഞാൻ തീർത്തും നിസ്സാരനും നികൃഷ്ടനും ഒന്നുമില്ലാത്തവനുമാണ്. എന്നെ മണ്ണിൽ കിടക്കുന്നവനായിക്കണ്ട അവിടുന്ന് എന്നെ ഉയർത്തിക്കൊണ്ടു വന്നു. ഞാൻ പൂർണ്ണമായും അയോഗ്യനാണെന്ന് കണ്ടിട്ടും അവൻ എന്റെ കുറവുകളെ മറച്ചുപിടിച്ചു. എന്റെ ബലഹീനത കണ്ട് അവൻ എനിക്ക് കരുത്ത് നൽകി, എന്റെ അജ്ഞത കണ്ട് അവിടുന്ന് എനിക്ക് അറിവ് നൽകി. എനിക്കുള്ള അറിവെല്ലാം ദൈവത്തിന്റെ ദാനമാണ്. എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങളാണ് അവിടുന്ന് എന്റെ അവസ്ഥയിൽ ചൊരിഞ്ഞത്. അവന്റെ അനുഗ്രഹങ്ങളുടെ ഒരു തെളിവാണ്, നിങ്ങളെപ്പോലെയുള്ള മഹത്തായ സഹോദരങ്ങളുടെ ഹൃദയങ്ങളിൽ ഈ നിസ്സാരനോടുള്ള സ്നേഹം അവിടുന്ന് നിക്ഷേപിച്ചു എന്നത്. അതിനാൽ, അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് ഈ സ്നേഹം വർദ്ധിക്കും. തന്റെ പാതയിൽ ചേർന്നുനിൽക്കുന്നവരും എന്റെ സമൂഹത്തിൽ അംഗങ്ങളായവരുമായ എല്ലാവർക്കും അല്ലാഹു അനുഗ്രഹം നൽകും. ദൈവം നിങ്ങൾക്ക് ഉയർച്ച നൽകട്ടെ.' (MaktubateAhmad, Vol. 3, pp. 2526)

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ഈ കത്ത് പ്രസിദ്ധീകരിച്ചുകൊണ്ട് നൽകിയ കുറിപ്പിൽ ഇങ്ങനെ പറയുന്നു: 'ഈ കത്തിൽ നിന്ന് വ്യക്തമാകുന്നത്, ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) ന്റെ ഹൃദയത്തിൽ ദൈവത്തോടുള്ള സ്നേഹവും മഹത്വവും അത്യധികം നിറഞ്ഞുനിൽക്കുന്നു എന്നാണ്. അതോടൊപ്പം തന്നെ അവിടുത്തെ വിനയവും എളിമയും താഴ്മയും ഇതിൽ വ്യക്തമായി കാണാം. ഇത്രയധികം ഔദാര്യങ്ങളും അനുഗ്രഹങ്ങളും ലഭിച്ചതിലുള്ള കൃതജ്ഞതയാണ് അവിടുത്തെ വാക്കുകളിൽ പ്രതിഫലിക്കുന്നത്.' (MaktubateAhmad, Vol. 3, p. 26)

ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) മസീലെ മസീഹ് ആണെന്ന് വാദിച്ചപ്പോൾ, മൗലവി മുഹമ്മദ് ഹുസൈൻ ബടാലവി അതിശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചത്. അത്യന്തം അഹങ്കാരത്തോടെയും സംസ്കാരശൂന്യമായ വാക്കുകൾ ഉപയോഗിച്ചും അദ്ദേഹം ഹസ്രത്ത് മസീഹ് മൗഊദിനെതിരെ എഴുതാൻ തുടങ്ങി. തന്റെ 'ഇശാഅത്തുസ്സുന്ന' എന്ന മാസികയിലും മോശമായ ഭാഷ അദ്ദേഹം പ്രയോഗിച്ചു. ഇതൊരു ഫിത്നയാണെന്നും, ഈ ജമാഅത്തിനെ താൻ തകർക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. തന്നെപ്പോലെയുള്ള ഒരാൾക്ക് മാത്രമേ അദ്ദേഹത്തിനെ ആകാശത്തേക്ക് ഉയർത്താൻ കഴിയൂ എന്ന് അഹങ്കാരത്തോടെ പറഞ്ഞ അദ്ദേഹം, ഇപ്പോൾ താൻ അദ്ദേഹത്തെ ഭൂമിയിലേക്ക് താഴെയിറക്കുമെന്നും ഭീഷണിപ്പെടുത്തി. അതായത് നഊദുബില്ലാഹ് താനാണ് ഹദ്റത്ത് മസീഹ് മൗഊദിനെ ഉയർത്തിയത് എന്നും ഇനി താൻ തന്നെ അദ്ദേഹത്തെ താഴെയിറക്കുമെന്നും ബടാലവി വാദിച്ചു. (Risalah IshaatusSunnah, 1890, no. 1, Vol. 13, p. 324)

ബടാലവി കരുതിയിരുന്നത് ബറാഹീനെ അഹ്മദിയ്യായെ ക്കുറിച്ച് അദ്ദേഹം എഴുതിയ റിവ്യൂആണ് മസീഹ് മൗഊദിനെ പ്രസിദ്ധനാക്കിയത് എന്നാണ്.

എന്നാൽ, ഈ കടുത്ത ആക്ഷേപങ്ങൾക്കും അഹങ്കാരപൂർണ്ണമായ പെരുമാറ്റത്തിനും മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) അത്യപൂർവ്വമായ ക്ഷമയും വിനയവുമാണ് പ്രകടിപ്പിച്ചത്. അത് മസീഹ് നസ്രിയുടെ (യേശുവിന്റെ) ക്ഷമയെപ്പോലും കടത്തിവെട്ടുന്നതായിരുന്നു. ഇവിടെ മൗലവി സാഹിബിന് ഹദ്റത്ത് സാഹിബ്(അലൈഹിസ്സലാം) എഴുതിയ ഒരു കത്ത് മാത്രം നൽകുന്നു. അദ്ദേഹത്തിന്റെ മോശം ഭാഷയ്ക്കും അഹങ്കാരത്തിനും മറുപടിയായി, ഹുസൂർ(അ)ന്റെ ഹൃദയത്തിൽ സഹാനുഭൂതിയും സന്മനോഭാവവും വിനയവും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാകും. മൗലവി സാഹിബിനെ അഭിസംബോധന ചെയ്തുകൊണ്ട് അവിടുന്ന് ഇപ്രകാരം എഴുതുന്നു:

'ബഹുമാനപ്പെട്ട മൗലവി സാഹിബ്, താങ്കളുടെ കത്ത് ലഭിച്ചു. അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടവനാണ് ഈ എളിയവൻ എന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. ജനങ്ങൾക്കിടയിൽ കുഴപ്പങ്ങൾ ഉണ്ടായേക്കാവുന്ന വിഷയങ്ങളിൽ, അല്ലാഹുവിൽ നിന്ന് പൂർണ്ണമായ ഉറപ്പ് ലഭിക്കാതെ ഞാൻ ഒന്നും പറയാറില്ല. മസീഹിന്റെ ആഗമനത്തെക്കുറിച്ച്, ഇസ്‌ലാമിന്റെ കാതലായ വിഷയങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഈ വിഷയത്തിൽ, ഒരു മുസ്‌ലിമിന് അല്ലാഹു അതിന്റെ നിചസ്ഥിതി അറിയിച്ചു കൊടുത്തിരിക്കുന്നു.സഹോദരൻ എന്ന നിലക്ക് അദ്ദേഹത്തിന്റെ വാദത്തെ നല്ല നിലയിൽ കാണേണ്ടതായിരുന്നു. എന്നാൽ താങ്കളെ എതിർപ്പിനായി അത് പ്രേരിപ്പിച്ചിരിക്കുകയാണ്. ഞാൻ യേശു മരിച്ചുപോയി എന്ന് പറഞ്ഞപ്പോൾ ഒരു മുസ്‌ലിം എന്ന നിലയിൽ താങ്കൾക്ക് എന്നെ പിന്തുണക്കകയാണ് ചെയ്യണ്ടിയിരുന്നത്. എന്നാൽ താങ്കൾ എതിർക്കുകയും അതിനെതിരിൽ ലേഖനങ്ങൾ എഴുതുകയുമാണ് ചെയ്തത്. എങ്കിലും താങ്കളുടെ ഈ നിലപാടിന് പിന്നിൽ നല്ല ഉദ്ദേശ്യമായിരിക്കുമെന്ന് ഞാൻ കരുതുന്നു. താങ്കളുടെ തിടുക്കം കാട്ടലിൽ എനിക്ക് പരാതിയുണ്ടെങ്കിലും താങ്കളോട് എനിക്ക് നല്ല അഭിപ്രായമാണുള്ളത്. ഇക്കാലത്തെ മറ്റു മൌലവിമാരെക്കാളും മതപരമായ കാര്യങ്ങളിൽ മൗലവി നസീർ ഹുസൈനെക്കാളും താങ്കളെ ഞാൻ മെച്ചപ്പെട്ടവനായി കാണുന്നു. 'എങ്കിലും, ഇത്തരം കാര്യങ്ങളിൽ എനിക്ക് താങ്കളോട് പരാതിയുണ്ടെങ്കിലും, താങ്കളുടെ ശുദ്ധഗതി കണക്കിലെടുത്ത് താങ്കളോട് എനിക്ക് സ്നേഹമുണ്ട്. ഞാൻ തിരിച്ചറിയപ്പെട്ടില്ല (എന്റെ വാദം ആരും അംഗീകരിച്ചില്ല) എങ്കിൽ, അത് എന്റെ വിധിയാണെന്ന് ഞാൻ കരുതിക്കൊള്ളാം എനിക്ക് വിജയമോ പരാജയമോ അല്ല പ്രധാനം, ദൈവത്തിന്റെ കല്പന അനുസരിക്കുക എന്നതാണ്. താങ്കൾ ആദ്യം എന്റെ പുസ്തകങ്ങൾ (ഫത്ഹുൽ ഇസ്‌ലാം, തൗദീഹുൽ മറാമ്, ഇസാലത്തുൽ ഔഹാമ്) വായിച്ച് എനിക്കെതിരിൽ എഴുതുകയാണെങ്കിൽ അതായാരിക്കും നല്ലത് എന്നാണ് എന്റെ ആഗ്രഹം. താങ്കളെപ്പോലെയുള്ള സുഹൃത്തുക്കൾ എന്നോട് വിയോജിക്കാൻ തയ്യാറെടുക്കുന്നതിൽ എനിക്ക് യാതൊരു വിഷമവുമില്ല, കാരണം അഭിപ്രായവ്യത്യാസങ്ങളും സത്യത്തിനു വേണ്ടിയുള്ളതാകാം. താങ്കൾ ഒരുപക്ഷേ സത്യത്തിനു വേണ്ടിയാകാം പോരാടുന്നത്, എന്നാൽ അതിനുമുമ്പ് ദയവായി എന്റെ പുസ്തകങ്ങൾ ഒന്ന് വായിച്ചു നോക്കൂ. താങ്കളെ കാണാൻ ആവശ്യമായ ആരോഗ്യം ഇപ്പോൾ എനിക്കുണ്ട്. താങ്കൾ വരികയാണെങ്കിൽ, എനിക്ക് സുഖമില്ലാത്ത അവസ്ഥയാണെങ്കിലും—തലകറക്കം കാരണം നിസ്കരിക്കാൻ പോലും എനിക്ക് എഴുന്നേറ്റ് നിൽക്കാൻ കഴിയാത്തത്ര അസ്വസ്ഥതയുണ്ട്—എങ്കിലും ഞാൻ കഷ്ടപ്പെട്ട് എങ്ങനെയെങ്കിലും താങ്കളുടെ അടുത്തേക്ക് എത്തിച്ചേരും. (MaktubateAhmad, Vol. 1, Letter no. 6, pp. 311312)

എനിക്ക് യാത്ര ചെയ്യാനുള്ള ആരോഗ്യം ഇപ്പോൾ ഉണ്ട്, എങ്കിലും എനിക്ക് തലവേദനയും തലകറക്കവും അലട്ടുന്നുണ്ട്. എന്തായാലും ഞാൻ താങ്കളുടെ അടുത്തെത്തും.

'പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അലൈഹിസ്സലാം) മൗലവി മുഹമ്മദ് ഹുസൈൻ ബടാലവി സാഹിബിന് എഴുതിയ മറ്റൊരു കത്തിൽ ഇങ്ങനെ പറയുന്നു: 'താങ്കൾക്ക് വിഷമമില്ലെങ്കിൽ പറയട്ടെ, എന്റെ അഭിപ്രായത്തിൽ, എന്റെ സഹോദരൻ മൗലവി ഹകീം നൂറുദ്ദീൻ സാഹിബിനോട് താങ്കൾ കാണിച്ച സമീപനം അല്പം കടുപ്പമേറിയതായിരുന്നു. ഹകീം മൗലവി നൂറുദ്ദീൻ സാഹിബ് താങ്കൾക്ക് എഴുതിയ കത്തിന് താങ്കൾ നൽകിയ മറുപടിയിൽ വളരെ കടുപ്പമുള്ള വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. അല്ലാഹു എപ്പോഴും വിനയത്തെയും താഴ്മയെയും ഇഷ്ടപ്പെടുന്നു. പണ്ഡിതന്മാരുടെ പെരുമാറ്റം തങ്ങളുടെ സഹോദരങ്ങളോട് ഏറ്റവും ഉന്നത നിലവാരത്തിലുള്ളതായിരിക്കണം. സ്വഭാവം വളരെ നല്ലതായിരിക്കണം. ഏത് മതത്തിന്റെ സംരക്ഷണത്തിനും അതിനുവേണ്ടിയുള്ള സഹാനുഭൂതിക്കുമായാണ് നമ്മൾ രാപ്പകൽ അധ്വാനിക്കുന്നത്, അതിന്റെ യഥാർത്ഥ ലക്ഷ്യം എന്താണ്?' 'നമ്മുടെ എല്ലാ അവസ്ഥകളും, പ്രവൃത്തികളും, ചലനങ്ങളും, നിശ്ചലാവസ്ഥകളും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ഇഷ്ടത്തിനനുസൃതമായി മാറുക എന്നത് മാത്രമാണ് അതിന്റെ ലക്ഷ്യം. എന്റെ അഭിപ്രായത്തിൽ, ഉത്തമ സ്വഭാവങ്ങളിൽ വെച്ച് അല്ലാഹു ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് വിനയത്തെയും താഴ്മയെയും അഹങ്കാരത്തിന് വിപരീതമായുള്ള ഇത്തരം കീഴടങ്ങലിനെയുമാണ്; സ്വഭാവത്തിന്റെ മറ്റേതൊരു വിഭാഗത്തെയും അല്ലാഹു ഇത്രയധികം ഇഷ്ടപ്പെടുന്നില്ല. എനിക്ക് ഓർമ്മയുണ്ട്, ഒരിക്കൽ മതത്തോട് ഒട്ടും കൂറില്ലാത്ത ഒരു ഹിന്ദു വ്യക്തിയുമായി ഈ വിനീതൻ സംസാരിക്കുകയുണ്ടായി. നമ്മുടെ പരിശുദ്ധ മതത്തെ നിന്ദിക്കാൻ അദ്ദേഹം അതിരുകടന്ന വാക്കുകളാണ് ഉപയോഗിച്ചത്.' 'മതപരമായ ആവേശം കാരണം, ആ വ്യക്തിയോട് 'അവരോട് കടുപ്പത്തിൽ പെരുമാറുക' (وَاغْلُظْ عَلَيْهِمْ) എന്ന കൽപ്പനയനുസരിച്ച് ഞാൻ അല്പം കടുപ്പത്തിൽ മറുപടി നൽകി. എന്നാൽ, ഒരു വ്യക്തിയെ ലക്ഷ്യം വെച്ച് അങ്ങനെ പരുഷമായി പെരുമാറിയപ്പോൾ, എനിക്ക് ദൈവിക ബോധനം (ഇൽഹാമ്) ഉണ്ടായി: 'നിന്റെ വാക്കുകളിൽ പരുഷതയുണ്ട്, സൗമ്യതയാണ് വേണ്ടത്, സൗമ്യതയാണ് വേണ്ടത്.' ഞാൻ അയാൾക്ക് മറുപടി നൽകിയിരുന്നുവെങ്കിലും, അപ്പോഴും അല്ലാഹു എന്നോട് പറഞ്ഞു, 'നീ സൗമ്യത കാണിക്കുക'. നമ്മൾ നീതിയോടെ ചിന്തിച്ചാൽ, നമ്മളോ നമ്മുടെ അറിവോ എത്ര നിസ്സാരമാണ്? ഒരു സമുദ്രത്തിൽ ഒരു കുരുവി വന്ന് തന്റെ കൊക്ക് മുക്കിയാൽ (വെള്ളം കുടിച്ചാൽ) ആ സമുദ്രത്തിലെ വെള്ളം കുറയുമോ? തീർച്ചയായും കുറയില്ല. അതുപോലെ, നമ്മൾ യഥാർത്ഥത്തിൽ വിനയാന്വിതരായതിനാൽ, വിനയത്തോടെ തന്നെ തുടരുന്നതാണ് നമുക്ക് നല്ലത്. നമ്മുടെ നാഥന് അഹങ്കാരവും ഗർവും ഒട്ടും ഇഷ്ടമല്ലാത്തപ്പോൾ നമ്മൾ എന്തിന് അഹങ്കരിക്കണം? അല്ലാഹുവിനെ കോപിപ്പിക്കുന്നതിലേക്ക് നയിക്കുന്ന ഉന്നത പദവിയേക്കാൾ ഭേദം, അവന്റെ അതൃപ്തിക്ക് കാരണമാകാത്ത തരത്തിലുള്ള അപമാനമാണ്. അല്ലാഹുവിനെ പിണക്കുന്നതിനേക്കാൾ നല്ലത് നമുക്ക് അപമാനം നേരിടേണ്ടി വരുന്നതാണ്.' (MaktubateAhmad, Vol. 1, Letter no. 8, pp. 315316)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും വിനയം പ്രകടമായിരുന്നു. ദൈവപ്രീതി നേടുക, അവന്റെ സന്ദേശം ലോകത്തിലെത്തിക്കുക, അവന്റെ ഏകത്വം സ്ഥാപിക്കുക എന്നതായിരുന്നു അവിടുത്തെ ഏക ലക്ഷ്യം. വിനയം കൈക്കൊള്ളുക, അതിലാണ് നിങ്ങളുടെ നന്മയുള്ളത് എന്ന് അവിടുന്ന് നമ്മെയും ആവർത്തിച്ച് ഉപദേശിച്ചിരുന്നു. ഇതാണ് നിങ്ങളെ ദൈവത്തോട് അടുപ്പിക്കുകയുള്ളൂ. വിനയത്തിന്റെ പാതകൾ സ്വീകരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

*(വിവ : എം. നാസിർ അഹ്മദ്, കൊടിയത്തൂർ)*


**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ**

**അത്ഫാലുൽ അഹ്മദിയ്യാ ഭാരത്**

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി ഖുദ്ദാം അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

**മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്**

## ദേശീയ ഇജ്തിമാഅ്


*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

**• ഹദീഥുന്നബ്‌വി ﷺ •**




**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**

AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ[റ]

സീറത്തുൽ മഹ്ദി[അ]

വിവ: എ.നാസിർ

# വിവാഹ പ്രവചനവും ദൈവിക സാക്ഷ്യങ്ങളും

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിക്കുന്നു, മുഹമ്മദി ബീഗത്തിന്റെ വിവാഹം മറ്റൊരിടത്ത് നടന്നപ്പോൾ, ഖാദിയാനിലെ എല്ലാ ബന്ധുക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ കടുത്ത എതിർപ്പ് പ്രകടിപ്പിക്കുകയും എതിരായി പ്രവർത്തിക്കുകയും ചെയ്തു. അവരെല്ലാവരും മുഹമ്മദി ബീഗത്തിന്റെ പിതാവായ അഹ്മദ് ബേഗിനെ പിന്തുണയ്ക്കുകയും അവർ സ്വന്തം നിലയ്ക്ക് ശ്രമിച്ചുകൊണ്ട് പെൺകുട്ടിയുടെ വിവാഹം മറ്റൊരിടത്ത് നടത്തിക്കൊടുക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മിർസാ സുൽത്താൻ അഹ്മദിനും മിർസാ ഫദ്ൽ അഹ്മദിനും പ്രത്യേകം കത്തുകൾ എഴുതി. ഇവരെല്ലാവരും തന്റെ കടുത്ത എതിരാളികളാണെന്നും, അവരുമായി ഇനി നമുക്ക് യാതൊരു ബന്ധവുമില്ലെന്നും, അവരോടൊപ്പം ഇനി നമ്മുടെ ഖബറുകൾ പോലും ഒന്നിച്ചു ചേരുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അതിനാൽ നിങ്ങളും അന്തിമ തീരുമാനം എടുക്കുക; നിങ്ങൾ എന്റെ കൂടെയാണ് നിൽക്കുന്നതെങ്കിൽ അവരുമായുള്ള ബന്ധം വിച്ഛേദിക്കണം, അതല്ല അവരോടാണ് ബന്ധം തുടരുന്നതെങ്കിൽ എന്നോട് ഇനി നിങ്ങൾക്ക് യാതൊരു ബന്ധവുമുണ്ടായിരിക്കില്ല. ഈ സാഹചര്യത്തിൽ ഞാൻ നിങ്ങളെ പുറത്താക്കുന്നു എന്നും അദ്ദേഹം അറിയിച്ചു.

ഹ. അമ്മാജാൻ പറയുന്നു, മിർസാ സുൽത്താൻ അഹ്മദിന്റെ മറുപടി ഇതായിരുന്നു: ‘തായി സാഹിബയുടെ (പിതൃസഹോദരീഭാര്യ) കടപ്പാടുകൾ എനിക്ക് മേലുണ്ട്, എനിക്ക് അവരുമായുള്ള ബന്ധം വിച്ഛേദിക്കാൻ കഴിയില്ല.’

എന്നാൽ മിർസാ ഫദ്ൽ അഹ്മദ് എഴുതിയത്, തനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് മാത്രമാണ് ബന്ധമെന്നും അവരുമായി യാതൊരു ബന്ധവുമില്ലെന്നുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടി നൽകി, ‘ഇത് സത്യമാണെങ്കിൽ, മിർസാ അലി ശേറിന്റെ മകൾ (ഇവർ കടുത്ത എതിരാളിയും മിർസാ അഹ്മദ് ബീഗിന്റെ സഹോദരീപുത്രിയുമായിരുന്നു) ആയ നിന്റെ ഭാര്യയെ മൊഴിചൊല്ലുക.’ മിർസാ ഫദ്ൽ അഹ്മദ് ഉടൻ തന്നെ തലാഖ് എഴുതി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തേക്ക് അയച്ചു. അമ്മാജാൻ പറയുന്നു, പിന്നീട് ഫദ്ൽ അഹ്മദ് പുറത്തുനിന്ന് വരുമ്പോൾ ഞങ്ങളോടൊപ്പമാണ് താമസിച്ചിരുന്നത്, എന്നാൽ തന്റെ രണ്ടാമത്തെ ഭാര്യയുടെ പ്രേരണയാലും കുഴപ്പങ്ങൾ മൂലവും അവസാനം അവൻ പതുക്കെ അങ്ങോട്ട് തന്നെ ചെന്നുചേർന്നു.

അമ്മാജാൻ പറയുന്നു, ഫദ്ൽ അഹ്മദ് വളരെ ലജ്ജാശീലനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുന്നിൽ അവൻ തല ഉയർത്തി നോക്കാറില്ലായിരുന്നു. അവനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ‘ഫദ്ൽ അഹ്മദിന്റെ പ്രകൃതം നല്ലതാണ്, അവനിൽ സ്നേഹമുണ്ട്, എന്നാൽ മറ്റുള്ളവരുടെ പ്രലോഭനം മൂലമാണ് അവൻ അങ്ങോട്ട് പോയത്.’

അമ്മാജാൻ പറയുന്നു: ഫദ്ൽ അഹ്മദിന്റെ മരണവാർത്ത വന്നപ്പോൾ അന്ന് രാത്രി ഹദ്റത്ത് മസീഹ് മൗഊദ്(അ) മിക്കവാറും ഉറങ്ങിയില്ല, രണ്ട് മൂന്ന് ദിവസം വരെ അദ്ദേഹം വിഷണ്ണനായിരുന്നു.

ഞാൻ (മിർസാ ബശീർ അഹ്മദ്) ചോദിച്ചു, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തെങ്കിലും പറഞ്ഞിരുന്നോ? അമ്മാജാൻ പറഞ്ഞു, ‘ഞങ്ങൾക്ക് അവനുമായി ഇപ്പോൾ ബന്ധമൊന്നുമില്ലല്ലോ എന്ന് മാത്രം അദ്ദേഹം പറഞ്ഞു, എങ്കിലും എതിരാളികൾ അവന്റെ മരണത്തെയും ഒരു ആക്ഷേപത്തിനുള്ള വിഷയമാക്കും.’

(ഹ. മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു) മുഹമ്മദി ബീഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിതൃസഹോദരി ഉംറുൽ നിസയുടെ മകളാണ്. അതായത് മിർസാ നിസാമുദ്ദീൻ, മിർസാ ഇമാമുദ്ദീൻ തുടങ്ങിയവരുടെ യഥാർത്ഥ സഹോദരീപുത്രിയാണ്. നമ്മുടെ തായി (മൂത്തുമ്മ അതായത് മിർസാ ഗുലാം ഖാദിർ സാഹിബിന്റെ വിധവ) മുഹമ്മദി ബീഗത്തിന്റെ സ്വന്തം എളാമ (മാതൃസഹോദരി) ആണ്. അപ്പോൾ മുഹമ്മദി ബീഗത്തിന്റെ പിതാവായ മിർസാ അഹ്മദ് ബീഗ് ഹോശിയാർപൂരി, മിർസാ ഇമാമുദ്ദീന്റെ ഭാര്യാസഹോദരനായിരുന്നു. ഇതുകൂടാതെ മറ്റ് കുടുംബബന്ധങ്ങളും ഉണ്ടായിരുന്നു. ഉദാഹരണത്തിന്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം സഹോദരിയെ മിർസാ അഹ്മദ് ബീഗിന്റെ മൂത്ത സഹോദരൻ മിർസാ ഗുലാം ഗൗസ് സാഹിബിനാണ് വിവാഹം കഴിച്ചുകൊടുത്തിരുന്നത്. ഇത് വളരെ പഴയ കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ബന്ധുക്കളെല്ലാം അങ്ങേയറ്റം അധർമ്മികളും മതവിരുദ്ധരുമായിരുന്നു. ഇസ്‌ലാമുമായി അവർക്ക് യാതൊരു ബന്ധവുമുണ്ടായിരുന്നില്ല, മാത്രമല്ല അവർ ശരീഅത്തിനെ അവഹേളിക്കുകയും ചെയ്തിരുന്നു. അവരുടെ ഈ അവസ്ഥ കണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുകയും, അവരുടെ നന്മയ്ക്കോ അല്ലെങ്കിൽ എന്തെങ്കിലും തീർപ്പുകൽപ്പിക്കാനോ വേണ്ടി ഒരു അടയാളം കാണിക്കേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. അതിന് അല്ലാഹു ഇൽഹാം മുഖേന ഇപ്രകാരം അറിയിച്ചു: അഹ്മദ് ബീഗിന്റെ മകൾ മുഹമ്മദി ബീഗത്തിന് വേണ്ടി വിവാഹാലോചന നടത്തുക. അവർ ഇത് സ്വീകരിച്ച് ആ പെൺകുട്ടിയെ നിനക്ക് വിവാഹം കഴിച്ചുതന്നാൽ, ഇവർ അനുഗ്രഹങ്ങളിൽ പങ്കാളികളാകും. അവർ നിഷേധിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ ശിക്ഷ അവരുടെ മേൽ ഇറങ്ങും. അവരുടെ വീടുകൾ വിധവകളെക്കൊണ്ട് നിറയും. പ്രത്യേകിച്ച് പെൺകുട്ടിയുടെ പിതാവിനെക്കുറിച്ച് അല്ലാഹു പറഞ്ഞു, അയാൾ മൂന്ന് വർഷത്തിനുള്ളിൽ, അല്ല വളരെ വേഗത്തിൽ മരണപ്പെടും. ആ പെൺകുട്ടിയുടെ നിക്കാഹ് നടക്കുന്ന വ്യക്തിയും രണ്ടര വർഷത്തിനുള്ളിൽ മരണപ്പെടും. അവസാനം പറഞ്ഞ ഈ രണ്ട് വ്യക്തികളെ സംബന്ധിച്ച് അല്ലാഹുവിന്റെ അടയാളം എങ്ങനെ പൂർത്തിയായി എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങളിൽ പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത്, അഹ്മദ് ബേഗ് തന്റെ മകളുടെ നിക്കാഹിന് ശേഷം വെറും മാസങ്ങൾക്കുള്ളിൽ പ്രവചനപ്രകാരം ഈ ലോകത്തുനിന്ന് വിടവാങ്ങി. മുഹമ്മദി ബീഗത്തെ വിവാഹം ചെയ്ത മിർസാ സുൽത്താൻ മുഹമ്മദ് അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുകയും, അയാളുടെ പല ബന്ധുക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തേക്ക് വിനയപൂർവ്വം കത്തുകൾ അയക്കുകയും ചെയ്തു. അങ്ങനെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ആദരവ് പ്രകടിപ്പിച്ചുകൊണ്ടുള്ള അയാളുടെ സ്വന്തം കത്ത്


• ഹദീഥുന്നബ്വി(സ) •

“അൽഅഅ്മാലു ബിൽ ഖവാതീമി”
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്വി(സ) •

“അദ്ദുആഉ ഹുവൽ ഇബാദത്തു.”
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

• ഹദീഥുന്നബ്വി(സ) •

“ബജ്ജിലുൽ മശാഇഖ.”
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

'തശ്ഹീദുൽ അദ്ഹാൻ' മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനാൽ, അല്ലാഹുവിന്റെ സുന്നത്ത് അനുസരിച്ച് അയാളിൽ നിന്ന് ആ ശിക്ഷ നീങ്ങിപ്പോയി. മറ്റ് ബന്ധുക്കളെക്കുറിച്ചുള്ള പൊതുവായ പ്രവചനത്തിന്റെ ഫലം എന്തെന്നാൽ, പ്രവചനസമയത്ത് പുരുഷന്മാരെക്കൊണ്ട് നിറഞ്ഞിരുന്ന അവരുടെ വീടുകൾ പൂർണ്ണമായും ശൂന്യമായി. ഇപ്പോൾ ഈ കുടുംബത്തിൽ ഒരു കുട്ടിയൊഴികെ മറ്റാരും പുരുഷന്മാരായിട്ടില്ല, ആ കുട്ടിയും അഹ്മദിയായി മാറിയിരിക്കുന്നു. ഇതുകൂടാതെ മിർസാ ഇമാമുദ്ദീന്റെ മകളും പണ്ടേ അഹ്മദിയായി മാറിയിട്ടുണ്ട്. തുടർന്ന് മുഹമ്മദി ബീഗത്തിന്റെ ഉമ്മയും (മിർസാ അഹ്മദ് ബീഗിന്റെ വിധവ), മിർസാ അഹ്മദ് ബീഗിന്റെ പൗത്രനും, നമ്മുടെ മൂത്തുമ്മയും (മുഹമ്മദി ബീഗത്തിന്റെ എളാമ) എല്ലാവരും ബൈഅത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നിട്ടുണ്ട്. കൂടാതെ മുഹമ്മദി ബീഗത്തിന്റെ സ്വന്തം സഹോദരിയും അഹ്മദിയായി മാറിയിരുന്നു, എന്നാൽ ഇപ്പോൾ അവർ മരണപ്പെട്ടു. ഇവരെക്കൂടാതെ മറ്റ് പല ബന്ധുക്കളും അഹ്മദികളായി മാറിയിട്ടുണ്ട്.

ഇതുവരെ അഹ്മദിയ്യയിൽ ചേരാത്തവരും തങ്ങളുടെ എതിർപ്പ് ഉപേക്ഷിച്ചിട്ടുണ്ട്. 'നാം ഈ വീട്ടിൽ ചിലത് ഹസനി(നന്മയുടെ) രീതിയിലും ചിലത് ഹുസൈനി (ത്യാഗത്തിന്റെ) രീതിയിലും പ്രവേശിക്കും'എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം അതിന്റെ പൂർണ്ണമായ ശോഭയോടെ പൂർത്തിയായിരിക്കുന്നു.

പേജ് 16ൽ നിന്ന്

മേൽപ്പറഞ്ഞ മുഹദ്ദിസീങ്ങൾക്ക് പുറമെ, കാലഘട്ടത്തിൽ ഏറെ അകലെയുള്ളവരായിരുന്നിട്ടും നിവേദന പരമ്പരകളെ തിരുനബി(സ)യിലേക്കോ അവിടുത്തെ സഹാബികളിലേക്കോ എത്തിക്കുകയും ആ ഹദീസുകൾ ക്രോഡീകരിക്കുകയും ചെയ്ത മറ്റ് പണ്ഡിതന്മാരുമുണ്ട്. എങ്കിലും, ശ്രദ്ധേയരായ മുഹദ്ദിസീങ്ങളുടെ പേരുകളാണ് മുകളിൽ നൽകിയ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പട്ടികയിൽ അവസാനമായി പരാമർശിച്ച മുഹദ്ദിസീങ്ങളുടെ സമാഹാരങ്ങളിൽ, കാലദൈർഘ്യം കൊണ്ടോ അല്ലെങ്കിൽ ജാഗ്രതക്കുറവ് കൊണ്ടോ, ദുർബലവും ആധികാരികത കുറഞ്ഞതുമായ ധാരാളം ഹദീസുകൾ കടന്നുകൂടിയിട്ടുണ്ട്.

(ഇബ്നു ഹിബ്ബാൻ, സഈദ് ബിൻ മൻസൂർ, ഇബ്നു അബീ ശൈബ, അബ്ദുർ റസാഖ്, അബുൽ അലീ, ഇബ്നു അദിയ്യ്, ഉഖൈലി, ഖതീബ് ബഗ്ദാദി, ബസ്സാർ, ഇബ്നു അസാകിർ, ഇബ്നു അബീ ഹാത്തിം, ഇബ്നു മർദവൈഹി തുടങ്ങിയവർ ഉദാഹരണങ്ങളാണ്. ഇവർക്കിടയിൽ ചിലർ ചരിത്രകാരന്മാർ കൂടിയാണ്.)

ഏതായാലും, തിരുനബി(സ)യുടെ ജീവചരിത്രത്തെയും ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തെയും സംബന്ധിച്ച അത്യുന്നത നിലവാരമുള്ള വിവരങ്ങൾ ഒരു ചരിത്രകാരന് ഈ ഹദീസ് സമാഹാരങ്ങളിൽ നിന്ന് ലഭ്യമാകും.

അതുകൊണ്ട്, മുൻപ് സൂചിപ്പിച്ചതുപോലെ, സീറത്ത് (ജീവചരിത്രം), ചരിത്ര ഗ്രന്ഥങ്ങളിലെ നിവേദനങ്ങളേക്കാൾ എത്രയോ മടങ്ങ് ആധികാരികവും വിശ്വാസയോഗ്യവുമാണ് ഹദീസ് സമാഹാരങ്ങൾ. മാത്രമല്ല, ബുഖാരി, മുസ്ലിം തുടങ്ങിയ പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചരിത്ര നിവേദനങ്ങൾക്ക് വളരെ ചെറിയ മൂല്യം മാത്രമേയുള്ളൂ.

(തുടരും)


## ദാറുൽ സ്വനാഅത്ത് ഖാദിയാൻ പ്രവേശന അറിയിപ്പ് 2026-27

**(അഹ്മദി വിദ്യാർത്ഥികൾ ശ്രദ്ധിക്കുക, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്)ന്റെ പ്രത്യേക അനുമതിയോടും നിർദ്ദേശത്തോടും കൂടി 2010ലാണ് ദാറുൽ സ്വനാഅത്ത് ഖാദിയാൻ സ്ഥാപിതമായത്. അഹ്മദി വിദ്യാർത്ഥികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയും സാങ്കേതിക കോഴ്സുകൾ പഠിപ്പിച്ചു കൊണ്ട് അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

**ദാറുൽ സ്വനാഅത്ത് ഖാദിയാൻ സർക്കാർ അംഗീകൃത സ്ഥാപനമാണ്**
**(NSIC ഡൽഹി, ISO രജിസ്റ്റേഡ്).**

താഴെ പറയുന്ന ഏക വാർഷിക കോഴ്സുകളാണ് ഇവിടെ നൽകുന്നത്.

**1. Computer applications, 2.Pmbing, 3.Electrician 4.Motor Vehicle Mechanic, 5. Diesel Mechanic 6. Welding, 7. AC & Refrigerator**

**പ്രത്യേകതകൾ:**

- ഖാദിയാന് പുറത്തുനിന്നും വരുന്ന അഹ്മദി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, മെസ് സൗകര്യങ്ങൾ ലഭ്യമാണ്.
- താമസത്തിനും ഭക്ഷണത്തിനും ഫീസ് ഈടാക്കുന്നതല്ല.
- കോഴ്സ് ഫീസ് ലളിതമായ ഗഡുക്കളായി അടക്കാവുന്നതാണ്.
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവരും ക്ലാസ് അല്ലെങ്കിൽ പത്താം ക്ലാസ് കഴിഞ്ഞ് ടെക്നിക്കൽ കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ അഹ്മദി യുവാക്കൾ പ്രവേശനത്തിനായി ഉടൻ ബന്ധപ്പെടുക.
- അഹ്മദി കുട്ടികൾക്കായുള്ള മതവിദ്യാഭ്യാസ സൗകര്യവും ഇവിടെയുണ്ട്.
- 2026..27 പുതിയ സെഷനിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു കഴിഞ്ഞു. ക്ലാസുകൾ 2026 ഓഗസ്റ്റ് 1 മുതൽ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക:
**Email: darulsanaat.qadian@gmail.com**
**Phone: +91 9872725895 / 8604024043**
(പ്രിൻസിപ്പൽ, ദാറുൽ സ്വനാഅത്ത് ഖാദിയാൻ)


## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com
(പത്രാധിപർ)

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദുഃആകളുമായി ഈ അനുഗ്രഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുഃആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-11
Issue:28-29
POSTAL REG NO GDP-44/2026-28 **Thursday 9-16 July 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
**സീറത്തുന്നബി(സ)**
വിവ: അബൂസ്വബാഹ്

# ഹദീസ് ഗ്രന്ഥങ്ങൾ

നിവേദനങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് മൂന്നായി തരംതിരിക്കാം:

1. ഹദീസ്
2. തഫ്സീർ (ഖുർആൻ വ്യാഖ്യാനം)
3. സീറത്ത് (തിരുനബി(സ)യുടെ ചരിത്രം), താരീഖ് (ചരിത്രം)

(മൂന്നാമത്തെ വിജ്ഞാനശാഖയുടെ ഒരു ഭാഗത്തെ **'മഗാസി'** എന്നും പറയാറുണ്ട്.)

യഥാർത്ഥത്തിൽ ഹദീസ് എന്നത് നിവേദനങ്ങളുടെ സമാഹാരമാണ്. മതപരമായ തത്വങ്ങളുടെ സംരക്ഷണമാണ് ഇതിന്റെ പ്രധാന ലക്ഷ്യം, എങ്കിലും തഫ്സീറുകളും ചരിത്രപരമായ വസ്തുതകളും ഇതിൽ ഉൾപ്പെടാറുണ്ട്. പൊതുവെ, തിരുനബി(സ)യിലേക്ക് ശൃംഖല (പരമ്പര) എത്തിച്ചേരുന്ന നിവേദനങ്ങളെയാണ് ഹദീസ് എന്ന് വിളിക്കുന്നത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിവേദന പരമ്പരയിലെ അവസാനത്തെ ആൾ ഇങ്ങനെ പറയുന്നു: 'തിരുനബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു' അല്ലെങ്കിൽ 'അവിടുന്ന് ഇപ്രകാരം പ്രവർത്തിക്കുന്നത് ഞാൻ കണ്ടു', അല്ലെങ്കിൽ 'തിരുനബി(സ)യുടെ സാന്നിധ്യത്തിൽ ഒരു കാര്യം സംഭവിക്കുകയും അവിടുന്ന് അത് വിലക്കാതിരിക്കുകയും ചെയ്തു'. എന്നാൽ, തിരുനബി(സ)യുടെ സ്വഹാബികളുടെ മാത്രം വാക്കുകളും പ്രവൃത്തികളും ഉൾക്കൊള്ളുന്ന നിവേദനങ്ങളും ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഹദീസിന്റെ സാങ്കേതിക ഭാഷയിൽ ഇവയെ 'ആസാർ' (آثار) എന്നാണ് വിളിക്കുന്നത്.

ഹിജ്റ ഒന്ന്, രണ്ട്, മൂന്ന്, നാല് നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട എണ്ണമറ്റ ഹദീസ് ഗ്രന്ഥങ്ങളുണ്ട്. എന്നാൽ അവയെല്ലാം ഒരേ നിലവാരത്തിലുള്ളവയല്ല. കാരണം, എല്ലാ മുഹദ്ദിസീങ്ങളും (ഹദീസ് പണ്ഡിതന്മാർ) ഒരേപോലെയുള്ള കർശനമായ മാനദണ്ഡങ്ങളല്ല സ്വീകരിച്ചിരുന്നത്, അവരിൽ എല്ലാവരും ഒരേ ജാഗ്രത പുലർത്തിയിരുന്നതുമില്ല. ഹദീസ് ഗ്രന്ഥങ്ങളിൽ പ്രമുഖമായവയും അവയെക്കുറിച്ചുള്ള വസ്തുതകളും താഴെ ചുരുക്കത്തിൽ വിവരിക്കുന്നു:

| ക്രമ നമ്പർ | ഗ്രന്ഥത്തിന്റെ പേര് | ഗ്രന്ഥകർത്താവ് (ജീവിതകാലം) | സവിശേഷതകൾ |
|---|---|---|---|
| 1 | സ്വഹീഹ് ബുഖാരി (صحیح بخاری) | ഇമാം മുഹമ്മദ് ബിൻ ഇസ്മാഈൽ ബുഖാരി (ഹിജ്റ 194–256) | ഹദീസ് ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും ആധികാരികമായ ഗ്രന്ഥമായി ഇത് കണക്കാക്കപ്പെടുന്നു. ആറ് ലക്ഷം ഹദീസുകളിൽ നിന്ന് തിരഞ്ഞെടുത്ത 4 000 ഹദീസുകളാണ് ഇതിലുള്ളത്. ഇതിന്റെ കർക്കശമായ മാനദണ്ഡം മറ്റ് എല്ലാ മുഹദ്ദിസീങ്ങളേക്കാളും ഉപരിയാണ്. |
| 2 | സ്വഹീഹ് മുസ്ലിം (صحیح مسلم) | ഇമാം മുസ്ലിം ബിൻ അൽഹജ്ജാജ് (ഹിജ്റ 204–261) | ബുഖാരിക്ക് താഴെയായാണ് ഈ ഗ്രന്ഥത്തിന്റെ സ്ഥാനം എങ്കിലും മറ്റ് എല്ലാ ഹദീസ് ഗ്രന്ഥങ്ങളെക്കാളും ഇത് മുൻപന്തിയിലാണ്. ബുഖാരിയിലും മുസ്ലിമിലും ഒരു പോലെ നിവേദനം ചെയ്യപ്പെട്ട ഹദീസുകളെ 'മുത്തഫിഖുൻ അലൈഹി' (متفق علیہ) എന്ന് വിളിക്കുന്നു. ഇത് ഏറ്റവും ആധികാരികമായ ഹദീസായി കണക്കാക്കപ്പെടുന്നു. |
| 3 | ജാമിഉത്തിർമിദി (جامع ترمذی) | അബൂ ഈസാ മുഹമ്മദ് ബിൻ ഈസാ അത്തിർമിദി (ഹിജ്റ 209–279) | സ്വഹീഹ് ബുഖാരിയും സ്വഹീഹ് മുസ്ലിമും കൂടാതെ താഴെ പറയുന്ന നാല് ഗ്രന്ഥങ്ങളും ചേർന്നാണ് 'സിഹാഹുസ്സിത്തഃ' (صحاح ستہ) എന്നറിയപ്പെടുന്നത്. ഇവയെല്ലാം വിശ്വസനീയവും പ്രശസ്തവുമാണ്. |
| 4 | സുനൻ അബൂദാവൂദ് (سنن ابوداؤد) | അബൂദാവൂദ് സുലൈമാൻ ബിൻ അൽഅശ്അഥ് | സിഹാഹുസ്സിത്തയിൽപ്പെട്ട ഗ്രന്ഥം. |
| 5 | സുനൻ നസാഈ (سنن نسائی) | അഹ്മദ് ബിൻ ശുഐബ് അൽനസാഈ | സിഹാഹുസ്സിത്തയിൽപ്പെട്ട ഗ്രന്ഥം. |
| 6 | സുനൻ ഇബ്നു മാജ (سنن ابن ماجه) | മുഹമ്മദ് ബിൻ യസീദ് ഇബ്നു മാജ ഖസ്വീനി (ഹിജ്റ 209–273) | സിഹാഹുസ്സിത്തയിൽപ്പെട്ട ഗ്രന്ഥം. ഈ പട്ടികയിൽ നൽകിയിരിക്കുന്ന ക്രമത്തിനനുസരിച്ചാണ് ഇവയുടെ സ്ഥാനം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. |
| 7 | മുഅത്വ ഇമാം മാലിക് (موطا امام مالک) | ഇമാം മാലിക് ഇബ്നു അനസ് (ഹിജ്റ 95–179) | ഈ ഗ്രന്ഥത്തിന് അത്യുന്നതമായ സ്ഥാനമാണുള്ളത്. വാസ്തവത്തിൽ ബുഖാരിക്ക് തുല്യമായ പദവി ചിലർ ഇതിന് നൽകിയിട്ടുണ്ട്. ഇതിലെ ഉള്ളടക്കത്തിൽ ഭൂരിഭാഗവും കർമ്മശാസ്ത്രപരമായ കാര്യങ്ങളായതിനാൽ സിഹാഹുസ്സിത്തയിൽ ഇതിനെ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും റാങ്കിന്റെ കാര്യത്തിൽ മറ്റേതൊരു ഹദീസ് ഗ്രന്ഥത്തേക്കാളും ഇത് ഒട്ടും പിന്നിലല്ല. ഇമാം മാലിക് കർമ്മശാസ്ത്രത്തിലെ നാല് പ്രമുഖ ഇമാമുമാരിൽ ഒരാളാണ്. |
| 8 | മുസ്നദ് ഇമാം അബൂഹനീഫ (مسند امام ابوحنيفه) | ഇമാം നുഅ്മാൻ ബിൻ സാബിത് അബൂഹനീഫ (ഹിജ്റ 80–150) | കർമ്മശാസ്ത്രരംഗത്ത് അഇമ്മതൽ അർബഅയിൽ (നാല് ഇമാമുകൾ) ഏറ്റവും ഉയർന്ന സ്ഥാനം അദ്ദേഹത്തിനാണ്. അദ്ദേഹം ഒരു മുഹദ്ദിസ് ആയിരുന്നില്ല. അങ്ങനെയൊരു മേഖലയിലേക്ക് ശ്രദ്ധ തിരിച്ചിട്ടുമില്ല. എങ്കിലും കർമ്മശാസ്ത്രത്തിൽ അടിസ്ഥാനം കെട്ടിപ്പടുക്കുന്നതിനായി അദ്ദേഹം ചില ഹദീസുകൾ ശേഖരിച്ചിരുന്നു. |
| 9 | മുസ്നദ് ഇമാം ശാഫിഈ (مسند امام شافعی) | ഇമാം മുഹമ്മദ് ബിൻ ഇദ്രീസ് ശാഫിഈ (ഹിജ്റ 105–204) | ഇദ്ദേഹവും കർമ്മശാസ്ത്രത്തിലെ അഇമ്മതൽ അർബഅയിൽ പെട്ടയാളാണ്. തന്റെ കർമ്മശാസ്ത്ര തത്ത്വങ്ങളെ പിന്തുണയ്ക്കുന്നതിനായി ശേഖരിച്ച ഹദീസുകളുടെ ചെറിയൊരു സമാഹാരമാണിത്. |
| 10 | മുസ്നദ് അഹ്മദ് (مسند احمد) | ഇമാം അഹ്മദ് ബിൻ മുഹമ്മദ് ബിൻ ഹമ്പൽ (ഹിജ്റ 161–241) | ഇദ്ദേഹവും അഇമ്മതൽ അർബഅയിൽ പെട്ടയാളാണ്. അദ്ദേഹത്തിന്റെ ഹദീസ് ശേഖരം വളരെ ശ്രദ്ധേയമാണ് ഹദീസ് ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും വലിയ സമാഹാരങ്ങളിലൊന്നാണിത്. എങ്കിലും ഇതിലെ നിവേദനങ്ങളുടെ ആധികാരികത സിഹാഹുസ്സിത്തയുടെ നിലവാരത്തിന് തുല്യമല്ല. |
| 11 | സുനൻ ദാരിമി (سنن دارمی) | അബ്ദുല്ല ബിൻ അബ്ദുറഹ്മാൻ ദാരിമി (ഹിജ്റ 171–255) | സിഹാഹുസ്സിത്തയ്ക്ക് ശേഷം ഈ ഗ്രന്ഥത്തിന്റെ സ്ഥാനം വളരെ പ്രശംസനീയമാണ്. |
| 12 | മുഅ്ജം കബീർ വ ഔസത് വ സ്വഗീർ | സുൽത്താൻ ബിൻ അഹ്മദ് ത്വബ്റാനി (ഹിജ്റ 260–360) | പ്രശസ്തനായ ഒരു ഹദീസ് പണ്ഡിതൻ രചിച്ചത്. |
| 13 | സുനൻ ദാറുഖുത്നി (سنن دارقطنی) | അലി ബിൻ മുഹമ്മദ് ദാറുഖുത്നി (ഹിജ്റ 306–385) | പ്രശസ്തനായ ഒരു ഹദീസ് പണ്ഡിതൻ രചിച്ചത്. |
| 14 | മുസ്തദ്റക് ഹാകിം (مستدرک حاکم) | അബൂ അബ്ദുല്ല മുഹമ്മദ് ബിൻ അബ്ദുല്ല (ഹിജ്റ 321–405) | പ്രശസ്തനായ ഒരു ഹദീസ് പണ്ഡിതൻ രചിച്ചത്. |
| 15 | വിവിധ ഹദീസ്, നബിചരിത്ര ഗ്രന്ഥങ്ങൾ | അഹ്മദ് ബിൻ ഹുസൈൻ ബൈഹഖി (ഹിജ്റ 384–458) | പ്രശസ്തനായ ഒരു ഹദീസ് പണ്ഡിതൻ രചിച്ചത്. |

ശേഷം പേജ് 15 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin